# Trichur Archdiocesan Bulletin

ഒക്ടോബർ 2020
വാല്യം: 87 ലക്കം: 10
ESTD:1934




പ്രേഷിതദൗത്യം (മത്തായി 28: 20)

TAB

# ആദരാഞ്ജലികൾ

## മാർ പോൾ ചിറ്റിലപ്പിള്ളി

| | |
|---|---|
| ജനനം | : 07.02.1934 |
| തിരുപ്പട്ടം | : 18.10.1961 |
| മെത്രാഭിഷേകം | : 24.08.1988 |
| മരണം | : 06.09.2020 |






Trichur Archdiocesan Bulletin TAB

ESTD:1934

**ഒക്ടോബർ 2020**

ലക്കം:10 വാല്യം: 87

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Nysson Alanthanath

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| ഇടയലേഖനം | 4 |
| സർക്കുലർ | 14 |
| കച്ചേരിക്കാര്യം | 26 |
| നാളാഗമം | 27 |
| നാമകരണ നടപടികൾ | 30 |
| പാലയൂർ തീർത്ഥകേന്ദ്രം | 32 |
| വൈദികർ | 33 |
| സാമ്പത്തിക കാര്യാലയം | 35 |
| സന്യസ്തർ | 36 |
| വിശ്വാസപരിശീലനം | 40 |
| സ്ഥാപനങ്ങൾ | 46 |
| സംഘടനകൾ | 65 |

1633/ 2020
25.09.2020 P-2

## ഇടയലേഖനം

# ജപമാല – പ്രേഷിത മാസം



മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദര വൈദികരേ, ബഹു. സമർപ്പിതരേ, സഹോദരി സഹോദരന്മാരേ, വത്സലമക്കളേ, 2020ലെ ജപമാലമാസത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. കോവിഡ് മഹാമാരി ലോകത്തെ ഗ്രസിച്ചിട്ട് ഏകദേശം ഏഴ് മാസം പിന്നിട്ടിരിക്കുകയാണ്. ചരിത്രം നമ്മെ പഠിപ്പിക്കുന്നതുപോലെ, കാലത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കി പരിശുദ്ധ അമ്മയുടെ മധ്യസ്ഥത തേടി ദൈവത്തിങ്കലേക്ക് തിരിയുവാനും ദൈവാശ്രയബോധത്തോടെ രോഗവിമുക്തിക്കായി പ്രാർത്ഥിക്കുവാനും ഉള്ള അവസരമാണ് ജപമാല മാസം. ഒക്ടോബർ മാസം പ്രേഷിതമാസമായികൂടി നാം ആചരിക്കുന്നു. മനുഷ്യവർഗ്ഗത്തെ രക്ഷിക്കാൻ ഭൂമിയിൽ അവതീർണ്ണനായ യേശു നമുക്ക് നൽകിയ ദൗത്യം ലോകമെങ്ങും സുവിശേഷം അറിയിക്കുവാനും വിശ്വസിക്കുന്നവർക്ക് ജ്ഞാനസ്നാനം നൽകുവാനുമാണ്

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

(മർക്കോ. 16:15; മത്താ. 28: 19–20). ഈ പ്രേഷിതദൗത്യത്തെക്കുറിച്ചും ഒക്ടോബർമാസം നമ്മെ ഓർമ്മിപ്പിക്കുന്നു.

കോവിഡ് മഹാമാരിയുടെ ആരംഭത്തിൽ 2020 മാർച്ച് 27–ാം തിയതി ഫ്രാൻസിസ് മാർപാപ്പ വത്തിക്കാൻ ചത്വരത്തിൽവെച്ച് മർക്കോസിന്റെ സുവിശേഷം 4–ാം അധ്യായം 35–41 വാക്യങ്ങൾ ഉദ്ധരിച്ചുകൊണ്ട് ദൈവത്തിൽ ആശ്രയിച്ച് പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറയുകയുണ്ടായി. കൊടുങ്കാറ്റിൽ ആടിയുലയുന്ന വള്ളത്തിൽ ഭയപ്പെട്ട് യേശുവിനെ വിളിച്ച് 'ഇതാ ഞങ്ങൾ നശിക്കാൻ പോകുന്നു, ഞങ്ങളെ രക്ഷിക്കണമേ' എന്ന് പ്രാർത്ഥിച്ച ശിഷ്യരെപ്പോലെയാണ് കോവിഡ് വ്യാപിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നാമും ആയിരിക്കുന്നതെന്ന് മാർപാപ്പ സൂചിപ്പിക്കുകയുണ്ടായി. കടലിനെ ശാന്തമാക്കിയ യേശു ശിഷ്യരോട് ആവശ്യപ്പെട്ടത് വിശ്വാസത്തോടെ പ്രാർത്ഥിക്കാനാണ് (മർക്കോ. 4:39–40). നമുക്കും വിശ്വാസത്തോടെ ജപമാല കയ്യിലേന്തി യേശുവിന്റെ രക്ഷാകര രഹസ്യങ്ങൾ ധ്യാനിച്ച് പ്രത്യാശയോടെ പ്രാർത്ഥിക്കാം.

**ജപമാല ഭക്തി**

പരിശുദ്ധ അമ്മയോടുള്ള ഭക്തി സഭയുടെ ആരംഭം മുതൽ തന്നെ ഉണ്ടായിരുന്നു. മാർത്തോമ ക്രൈസ്തവരുടെ ചരിത്രവും മറ്റൊന്നല്ല. പരിശുദ്ധ കന്യകാമറിയത്തിന്റെ മരണത്തെക്കുറിച്ച് ദർശനം ഉണ്ടായപ്പോൾ മാർത്തോമ്മാശ്ലീഹാ തന്റെ ആദ്യത്തെ പ്രേഷിത യാത്രയ്ക്കുശേഷം ജറുസലേമിലേക്ക് തിരിച്ചുപോയെന്നും മാതാവിന്റെ സ്വർഗ്ഗാരോപണത്തിന് സാക്ഷിയായെന്നും പിന്നീട്, ലൂക്കാ വരച്ച പരിശുദ്ധ അമ്മയുടെ ചിത്രവുമായി ഭാരതത്തിൽ എത്തിയെന്നും പാരമ്പര്യമുണ്ട്. നമ്മുടെ പുരാതന പള്ളികളിൽ പലതും പരി. അമ്മയുടെ നാമധേയത്തിലായിരുന്നു. മറിയത്തോടുള്ള ഗബ്രിയേൽ മാലാഖയുടേയും എലിസബത്തിന്റെയും അഭിസംബോധനകൾ ഉദ്ധരിച്ചുകൊണ്ട് നന്മനിറഞ്ഞ മറിയമേ എന്നുള്ള മരിയൻ പ്രാർത്ഥന സഭയിൽ പലയിടങ്ങളിലും പ്രചാരത്തിലുണ്ടായിരുന്നു. 1208–ൽ

പരിശുദ്ധ കന്യകാമറിയം വിശുദ്ധ ഡൊമിനിക്കിന് പ്രത്യക്ഷപ്പെട്ട് ജപമാല നൽകി എന്ന പാരമ്പര്യം ശക്തമാണ്. സിസ്റ്റേഴ്സ്യൻ – ഡൊമിനിക്കൻ സന്യാസിമാരാണ് ജപമാലഭക്തി ക്രൈസ്തവ ധ്യാനരീതിയായി വളർത്തിയത്. 150 സങ്കീർത്തനങ്ങളുടെ മാതൃകയിൽ സാധാരണക്കാരന്റെ പ്രാർത്ഥനശൈലിയായി, സന്തോഷത്തിന്റെയും ദുഃഖത്തിന്റെയും മഹിമയുടെയും 15 രക്ഷാകര രഹസ്യങ്ങൾ ഉൾപ്പെടുത്തി 150 നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന പതിനാറാം നൂറ്റാണ്ടോടുകൂടി സർവ്വസാധാരണമായി. 1555 ലാണ് പീറ്റർ കനേസിയൂസിന്റെ മതബോധന ഗ്രന്ഥത്തിൽ നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയുടെ രണ്ടാം ഭാഗം നാം കാണുന്നത്. സ്വർഗ്ഗസ്ഥനായ പിതാവും ത്രിത്വസ്തുതിയും ഇതോടുകൂടി ജപമാലപ്രാർത്ഥനയിൽ ഉണ്ടായിരുന്നു. വി. അഞ്ചാം പിയൂസ് മാർപാപ്പ 1569–ൽ ജപമാലപ്രാർത്ഥനയെ സഭയുടെ ഔദ്യോഗിക ഭക്ത്യാഭ്യാസങ്ങളിലൊന്നായി പ്രഖ്യാപിച്ചു. ജപമാലയുടെ ശക്തിയിൽ ലെപ്പാന്തോ യുദ്ധത്തിൽ വിജയം വരിക്കാൻ സാധിച്ച പശ്ചാത്തലത്തിൽ 1571 മുതൽ ജപമാല രാജ്ഞിയുടെ തിരുനാൾ ഒക്ടോബർ ഏഴാം തീയതി സഭയിൽ ആചരിക്കാൻ തുടങ്ങിയത്. 2002–ൽ വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ രക്ഷാകരരഹസ്യങ്ങളുടെ ധ്യാനം പൂർണ്ണമാക്കുന്നതിനുവേണ്ടി പ്രകാശത്തിന്റെ രഹസ്യങ്ങൾകൂടി ജപമാലപ്രാർത്ഥനയിൽ കൂട്ടിച്ചേർത്തു.

**ജപമാലഭക്തിയുടെ പ്രത്യേകതകൾ**

മാർപ്പാപ്പമാർ ആവർത്തിച്ചു ഉദ്ബോധിപ്പിക്കുന്നതുപോലെ ജപമാലഭക്തി ക്രിസ്തുകേന്ദ്രീകൃതവും വചനാധിഷ്ഠിതവുമാണ്. ജപമാലയുടെ ആരംഭത്തിൽ സഭയുടെ വിശ്വാസം നാം പരസ്യമായി ഏറ്റുപറയുകയും ദൈവിക പുണ്യങ്ങൾ ലഭിക്കാനായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. യേശു പഠിപ്പിച്ച സ്വർഗസ്ഥനായ പിതാവേ (മത്താ. 6:5–13) എന്ന പ്രാർത്ഥനയാണ് ചരിത്രത്തിൽ ഉണ്ടായിട്ടുള്ളതിൽവെച്ച് ഏറ്റവും മനോഹരവും അർത്ഥസമ്പുഷ്ടവും ഫലദായകവുമായ പ്രാർത്ഥന. ത്രിത്വസ്തുതി ചൊല്ലി വിശ്വാസത്തോടെ ദൈവാനുഗ്രഹത്തിനായി നാം യാചിക്കുന്നു. നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥനയിൽ പരിശുദ്ധ അമ്മയെ ഗബ്രിയേൽ മാലാഖയും (ലൂക്കാ 1: 28) എലിസബത്തും (ലൂക്കാ 1: 40–42, 48) അഭിസംബോധന ചെയ്തതും പരിശുദ്ധ അമ്മയുടെ വരപ്രസാദാവസ്ഥയും (ലൂക്കാ 1:28; യോഹ. 1:14) ദൈവമാതൃത്വവും (ലൂക്കാ 1:43) പാപികളായ മനുഷ്യർക്കുവേണ്ടിയുള്ള മധ്യസ്ഥതയും (യോഹ. 2: 5; യാക്കോ. 5: 16) അനുസ്മരിക്കുന്നു. പരിശുദ്ധ കന്യകാ

മറിയത്തെക്കുറിച്ചുള്ള നാല് വിശ്വാസ സത്യങ്ങളും (1.ദൈവമാതൃത്വം– AD 431, എഫേസൂസ് സൂനഹദോസ് 2. നിത്യകന്യകാത്വം – AD 603, Pope Clement VIII 3. അമലോൽഭവം – 1854 ഡിസംബർ 8, Pope Pius IX 4. സ്വർഗ്ഗാരോപണം – 1950 നവംബർ 1, Pope Pius XII) ജപമാല പ്രാർത്ഥനയിൽ അനുസ്മരിക്കുന്നുണ്ട്.

**പ്രതിസന്ധിഘട്ടങ്ങളിൽ ആശ്രയമായ ജപമാല പ്രാർത്ഥന**

സഭ പഠിപ്പിക്കുന്നതുപോലെ പ്രതിസന്ധിഘട്ടങ്ങളിൽ ദൈവത്തിനു മുൻപിൽ ഏറ്റവും നല്ല മധ്യസ്ഥയായി നിൽക്കുന്നത് കുരിശിൽവെച്ച് നമുക്ക് അമ്മയായും ആശ്രയമായും യേശു നൽകിയ പരിശുദ്ധ മറിയമാണ് (യോഹ. 19: 26–27). യേശു തന്റെ ആദ്യത്തെ അത്ഭുതം പ്രവർത്തിച്ചത് പരിശുദ്ധ അമ്മയുടെ മധ്യസ്ഥതയിലാണ് (യോഹ. 2: 1–11). ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുന്ന പരി. അമ്മയെയാണ് എലിസബത്തിനെ സന്ദർശിച്ച വേളയിലും കാനായിലെ കല്ല്യാണത്തിന്റെ അവസരത്തിലും കുരിശിന്റെ കീഴിൽ നിന്നപ്പോഴും അപ്പസ്തോലൻമാരെ സെഹിയോൻ ശാലയിൽ ഒരുമിച്ചുക്കൂട്ടി പരിശുദ്ധാത്മാവരത്തിനായി പ്രാർത്ഥിച്ചപ്പോഴും കണ്ടുമുട്ടുന്നത്. അതുകൊണ്ട് ജപമാലഭക്തിയെ പ്രതിസന്ധികളെ നേരിടാനുള്ള ഏറ്റവും നല്ല ആയുധമായി മാർപ്പാപ്പമാർ ഉദ്ബോധിപ്പിക്കുന്നു. മുകളിൽ സൂചിപ്പിച്ചതുപോലെ ലെപ്പാന്തോ യുദ്ധത്തിന്റെ വിജയകാരണം ജപമാല ഭക്തിയാണെന്ന് വിശുദ്ധ അഞ്ചാം പിയൂസ് മാർപാപ്പ പറയുന്നുണ്ട്. ഒമ്പതാം പീയൂസ് മാർപാപ്പ പറയുന്നത് ഇപ്രകാരമാണ്: 'കൊന്ത ചൊല്ലുന്ന ഒരു സൈന്യത്തെ തരൂ, ഞാൻ ലോകത്തെ രക്ഷിക്കാം'. രണ്ടാം ലോകമഹായുദ്ധത്തിന്റെ പശ്ചാത്തലത്തിൽ നിരീശ്വരത്വവും നാസിസവും ഫാസിസവുമൊക്കെ വളർന്നുകൊണ്ടിരുന്ന സാഹചര്യത്തിൽ പതിനൊന്നാം പീയൂസ് മാർപാപ്പ പറഞ്ഞത്, 'ജപമാല ശത്രുക്കൾക്കെതിരെയുള്ള പടവാളും ആത്മാക്കളുടെ രക്ഷക്കും സുവിശേഷപുണ്യങ്ങളിൽ വളരുന്നതിനുള്ള സഹായിയുമാണെന്നാണ്'. ലിയോ പതിമൂന്നാമൻ മാർപാപ്പയുടെ വാക്കുകളിൽ 'സമൂഹത്തെ ബാധിക്കുന്ന തികൾക്കെതിരെയുള്ള ഫലപ്രദമായ ആത്മീയ ആയുധമാണ് ജപമാല' (1883). കൊറോണ വൈറസ്ബാധ തുടങ്ങിയതുമുതൽ ഈ മഹാമാരിയിൽ നിന്നും രക്ഷപ്രാപിക്കാൻ ജപമാല ചൊല്ലി പ്രാർത്ഥിക്കാൻ ഫ്രാൻസിസ് മാർപാപ്പ പല പ്രാവശ്യം ആഹ്വാനം ചെയ്യുകയുണ്ടായി.

പരിശുദ്ധ കന്യകാമറിയം പ്രത്യക്ഷപ്പെട്ട പല അവസരങ്ങളിലും പാപികളുടെ മാനസാന്തരത്തിനും സമൂഹത്തിലെ തിന്മകൾ ദൂരീകൃതമാകുന്നതിനും വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുവാൻ

ആഹ്വാനം ചെയ്യുകയുണ്ടായി. 1858ൽ ലൂർദ്ദിൽ വിശുദ്ധ ബർണ്ണദീത്താക്കു പ്രത്യക്ഷപ്പെട്ടപ്പോഴും 1917 ൽ ഫാത്തിമായിൽ മൂന്ന് കുട്ടികൾക്ക് പ്രത്യക്ഷപ്പെട്ടപ്പോഴും മറ്റു ദർശനങ്ങളിലും ഈ ആഹ്വാനമാണ് പരി. അമ്മ ശക്തമായി നൽകിയത്.

**ജപമാലയെക്കുറിച്ച് മാർപാപ്പമാരും വിശുദ്ധരും**

ആധുനിക മാർപാപ്പമാർ എല്ലാവരുംതന്നെ ജപമാലഭക്തിയെക്കുറിച്ച് ശക്തമായ പ്രബോധനങ്ങൾ നൽകിയിട്ടുള്ളവരാണ്. ഭക്തിയോടെ കൊന്ത ചൊല്ലിയാൽ അത് ആ വ്യക്തിക്ക് മാത്രമല്ല സമൂഹത്തിന്റെ നന്മയ്ക്കും കാരണമാകുമെന്ന് ലിയോ പതിമൂന്നാമൻ മാർപാപ്പ പറയുന്നു. ജപമാല തിന്മയെ ജയിക്കാനുള്ള ഏറ്റവും നല്ല ആയുധമാണെന്ന് പത്താം പിയൂസ് മാർപാപ്പയും പുണ്യങ്ങളിൽ വളരാനുള്ള മാർഗ്ഗമാണെന്ന് പതിനൊന്നാം പീയൂസ് മാർപാപ്പയും നമ്മെ ബാധിക്കുന്ന തിന്മകളെ സുഖപ്പെടുത്താൻ കഴിയുന്ന മരുന്നാണെന്ന് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പയും യഥാർത്ഥ ക്രിസ്തീയ പരിപൂർണ്ണത പഠിക്കുവാനുള്ള വിദ്യാലയമാണെന്ന് ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പയും പറയുന്നു. മനോഹരമായ ധ്യാനരീതിയായി പോൾ ആറാമൻ മാർപാപ്പയും തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രാർത്ഥനയായി ജോൺപോൾ രണ്ടാമൻ മാർപാപ്പയും ജപമാലയെ നോക്കി കാണുന്നു. ബെനഡിക്റ്റ് പതിനാറാമൻ പാപ്പാ യുവജനങ്ങളോട് ആഹ്വാനം ചെയ്യുന്നത് 'ക്രിസ്തുവിനെ ലോകത്തിന്റെ കേന്ദ്രമാക്കാൻ ഈ ഭക്തി സഹായിക്കുമെന്നും അത് സഭയുടെ നവവസന്തത്തിന്റെ അനുഭവമാകുമെന്നുമാണ്.' ജപമാല ചൊല്ലുമ്പോൾ നാം മാതാവിന്റെ കരങ്ങൾ പിടിക്കുന്നു,'ജപമാല ചൊല്ലിക്കഴിയുമ്പോൾ മാതാവ് നമ്മുടെ കരങ്ങൾ പിടിക്കുന്നു' എന്നു ഫ്രാൻസിസ് മാർപാപ്പയും പറയുന്നു.

വി. ഡൊമിനിക് സാവിയോ പറയുന്നു: 'ജപമാലയും ഉത്തരീയവും വഴി പരിശുദ്ധ അമ്മ ലോകത്തെ രക്ഷിക്കും'. വി. ഡോൺ ബോസ്കോയുടെ വാക്കുകളിൽ 'ഞാൻ എന്റെ ഏതെല്ലാം പതിവ് ഉപേക്ഷിച്ചാലും ജപമാല ഉപേക്ഷിക്കുകയില്ല; കാരണം എന്റെ എല്ലാ പ്രവർത്തനങ്ങളും അതിൽ അധിഷ്ഠിതമായിരിക്കുന്നു'. വി. കൊച്ചുത്രേസ്യയും വി. പാദ്രെ പിയോയും വി. ഫ്രാൻസിസ് ഡി സാലസും നമ്മുടെ സഭയിലെ വിശുദ്ധരായ വി. അൽഫോൻസമ്മയും വി. എവുപ്രാസ്യമ്മയും വി. ചാവറയച്ചനും വി. മറിയം ത്രേസ്യയും തുടങ്ങി എല്ലാ ആധുനിക വിശുദ്ധരും ജപമാലഭക്തരായിരുന്നു.

**ജപമാല: ക്രിസ്തു കേന്ദ്രീകൃത പ്രാർത്ഥന**

മാർപ്പാപ്പമാർ പഠിപ്പിക്കുന്നതുപോലെ, ജപമാലയിലെ 20 രഹസ്യങ്ങളും യേശുവിന്റെ രക്ഷാകരരഹസ്യങ്ങളെക്കുറിച്ചും അതിൽ മറിയത്തിന്റെ

സ്ഥാനത്തെ കുറിച്ചുമുള്ള ധ്യാനമാണ്. ജപമാലഭക്തിയെകുറിച്ച് ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ ആഹ്വാനം ചെയ്യുന്നത്, 'മറിയത്തിലൂടെ യേശുവിന്റെ മുഖത്തെ നോക്കി ധ്യാനിക്കുക' എന്നതാണ്. മംഗളവാർത്ത മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള യേശുവിന്റെ ജീവിതത്തെ പരിശുദ്ധ കന്യകാമറിയം എങ്ങനെ നോക്കിക്കണ്ടു എന്ന മനോഹരമായ ധ്യാനമാണ് 20 രഹസ്യങ്ങളിലൂടെ ജപമാലയിൽ നാം നടത്തുന്നത്. അതോടൊപ്പം പരി. അമ്മയ്ക്ക് ലഭിച്ച സ്വർഗ്ഗീയ മഹത്വത്തെക്കുറിച്ചും ജപമാലയിൽ ധ്യാനിക്കുന്നു. വിവിധ കാലഘട്ടങ്ങളിൽ മറിയത്തിന് നൽകിയ വിശേഷണങ്ങളാണ് ലുത്തനിയയിലൂടെ നാം ധ്യാനിച്ച് പ്രാർത്ഥിക്കുന്നത്. ഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകളിൽ മറിയത്തിന്റെ ഹൃദയത്തോട് ചേർന്ന് യേശുവിന്റെ മുഖത്തെ ധ്യാനിക്കുന്നതാണ് ജപമാല.

**ജപമാല: തിരുവചനാധിഷ്ഠിതം**

ജപമാലയിലെ 20 രഹസ്യങ്ങളും തിരുവചനാധിഷ്ഠിതമായി യേശുവിന്റെ രക്ഷാകരരഹസ്യങ്ങളെയാണ് വിവരിക്കുന്നത്. അതിനാൽ സാധിക്കുന്ന അവസരങ്ങളിൽ ജപമാല രഹസ്യങ്ങൾ ചൊല്ലുന്നതിനുപകരം ബന്ധപ്പെട്ട വി. ഗ്രന്ഥഭാഗങ്ങൾ വായിച്ച് ധ്യാനിക്കുന്നത് നല്ലതാണ്. പല വിശുദ്ധരും സൂചിപ്പിക്കുന്നതുപോലെ മറിയം വഴി യേശുവിലേക്ക് നമുക്ക് പോകാനാകും; ഫലം തേടി വൃക്ഷത്തെ സമീപിക്കുന്നതുപോലെ മറിയത്തെ സമീപിച്ചാൽ യേശുവിനെ ലഭിക്കാതിരിക്കില്ല. യോഹന്നാൻ 2:5–ൽ കാണുന്നതുപോലെ പരി. അമ്മ എപ്പോഴും നമ്മോട് ആവശ്യപ്പെടുന്നത് യേശു പറയുന്നതുപോലെ പ്രവർത്തിക്കുവാനാണ്.

**ജപമാല: കുടുംബ കേന്ദ്രീകൃത ഭക്തി**

കുടുംബ കേന്ദ്രീകൃത ഭക്തിയാണ് ജപമാല. ഫ്രാൻസിസ് മാർപാപ്പ 2020 ഏപ്രിൽ 20ന് നൽകിയ സന്ദേശത്തിൽ, കുടുംബങ്ങളിൽ കൊന്ത ചൊല്ലുന്ന പതിവ് വീണ്ടെടുക്കാൻ ആവശ്യപ്പെടുന്നുണ്ട്. ജോൺപോൾ രണ്ടാമൻ മാർപാപ്പ പറയുന്നു: 'ജപമാല ചൊല്ലുന്ന കുടുംബങ്ങൾ എത്ര മനോഹരങ്ങളാണ്'. ജപമാലഭക്തിയുടെ പ്രവാചകനായ ഫാദർ പേറ്റൺന്റെ വാക്കുകളിൽ ഒന്നിച്ചു പ്രാർത്ഥിക്കുന്ന കുടുംബം ഒന്നിച്ചു ജീവിക്കുന്നു . ജപമാല പ്രാർത്ഥനയും കുടുംബ പ്രതിഷ്ഠയും തിരുവ ചനവായനയും മറ്റും നമ്മുടെ കുടുംബങ്ങളെ ദേവാലയങ്ങളാക്കുന്നു. ഇന്ന് വളരെയേറെ പ്രതിസന്ധികൾ നേരിടുന്ന കുടുംബങ്ങളുടെയും സഭയുടെയും കെട്ടുറപ്പിനും വളർച്ചയ്ക്കും അനുദിന കുടുംബപ്രാർത്ഥന അനിവാര്യമാണ്. അതിനാൽ പരമ്പരാഗതമായി നമുക്ക് ലഭിച്ച വലിയ ക്രൈസ്തവപാരമ്പര്യമായ കുടുംബപ്രാർത്ഥന മുടക്കുവാൻ നാം അനുവദിക്കരുത്.

**പ്രേഷിത മുന്നേറ്റത്തിനായി ജപമാല:**

ഒക്ടോബർ മാസം പ്രേഷിതമാസമായി കൂടി നാം ആചരിക്കുന്നു. 2020ലെ മിഷൻ ഞായർ സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ പരിശുദ്ധ മറിയത്തെ അഭിസംബോധന ചെയ്യുന്നത് പ്രേഷിത താരം (Star of Evangelization) എന്നാണ്. മാർപാപ്പ പറയുന്നതുപ്പോലെ കോവിഡ് 19 എന്ന മഹാമാരി വരുത്തിയ ക്ലേശങ്ങളും വെല്ലുവിളികളും കൊണ്ട് അട യാളപ്പെടുത്തപ്പെട്ട ഈ വർഷം സാർവ്വത്രികസഭ തന്റെ പ്രേഷിതയാത്ര തുടരുന്നത് 'ഇതാ ഞാൻ, എന്നെ അയച്ചാലും' (ഏശയ്യാ 6:8) എന്ന ഏശയ്യാ പ്രവാചകന്റെ തിരുവെഴുത്ത് പ്രകാരമാണ്. 'ഞാൻ ആരെ അയക്കും' എന്ന കർത്താവിന്റെ ചോദ്യത്തിനുള്ള എക്കാലത്തെയും പ്രത്യുത്തരമാണിത്. പരിശുദ്ധ കന്യകാമറിയം 'ഇതാ കർത്താവിന്റെ ദാസി, നിന്റെ വചനംപോലെ എന്നിൽ ഭവിക്കട്ടെ' (ലൂക്കാ 1:38) എന്ന വാക്കുകളിലൂടെ ദൈവികപദ്ധതിയിലുള്ള പ്രേഷിതദൗത്യത്തിന് 'ഇതാ ഞാൻ, എന്നെ അയച്ചാലും' എന്നു പറയുകയായിരുന്നു. കുരിശുകളും വ്യാകുലതകളും വെല്ലുവിളികളും നിറഞ്ഞ ഈ കാലഘട്ടത്തിൽ ധീരതയോടെ പ്രേഷിതവേലക്ക് ഇറങ്ങിത്തിരിക്കാൻ 'ഇതാ ഞാൻ, എന്നെ അയച്ചാലും' എന്നു പറയുന്ന ധാരാളം പേർ ഉണ്ടാകേണ്ടി യിരിക്കുന്നു. നല്ല ദൈവവിളികൾക്കായി വിളവിന്റെ നാഥനോട് നമുക്ക് പ്രാർത്ഥിക്കാം. യേശുവിന്റെ വാഗ്ദാനമായ പരിശുദ്ധാത്മവിനെ സ്വീക രിച്ച് സഭയുടെ പ്രേഷിത ദൗത്യത്തിന് ശിഷ്യരെ ഒരുക്കിയത് പരിശുദ്ധ അമ്മയാണ് (അപ്പ. 1:14). ഈ പ്രേഷിതമാസത്തിൽ ജപമാല ചൊല്ലി മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി നമുക്ക് പ്രാർത്ഥിക്കാം. പ്രാർത്ഥനകൊണ്ടും മിഷനറിദൈവവിളി പ്രോത്സാഹനം കൊണ്ടും മറ്റു പലതരത്തിലുള്ള സഹായങ്ങൾകൊണ്ടും നമുക്ക് മിഷൻ പ്രവർത്തനങ്ങ ളിൽ ഏർപ്പെടാം. ആധുനിക സാമൂഹിക മാധ്യമങ്ങൾ ഉപയോഗിച്ചു കൊണ്ടുകൂടി മിഷണറിമാരാകാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്.

**പ്രായോഗിക നിർദ്ദേശങ്ങൾ**

കോവിഡ്–19–ന്റെ പശ്ചാത്തലത്തിൽ ജപമാല–പ്രേഷിത മാസത്തിലെ പ്രവർത്തനങ്ങൾക്കായി ഏതാനും ചില പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. ജപമാല മാസത്തിൽ എല്ലാ കുടുംബാഗങ്ങളും ഒന്നു ചേർന്ന് കുടുംബ പ്രാർത്ഥന ചൊല്ലുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
2. ഇതോടൊപ്പം അനുബന്ധമായി നൽകിയിട്ടുള്ള ജപമാലയിലെ 20 രഹസ്യങ്ങളുമായി ബന്ധപ്പെട്ട വിശുദ്ധഗ്രന്ഥ ഭാഗങ്ങൾ വായിക്കാൻ കുട്ടികളെ പരിശീലിപ്പിക്കുക.

3. കോവിഡ് കാലത്ത് പല ഇടവകകളുടെയും സന്ന്യസ്തരുടെയും സംഘടനകളുടെയും പ്രത്യേകിച്ച് യുവജനങ്ങളുടെയും നേതൃത്വത്തിൽ അഖണ്ഡ ബൈബിൾ വായനയും അഖണ്ഡ ജപമാലയും (കുടുംബങ്ങളുടെ ചെയിൻ റോസറി) നടത്തുന്നതായി അറിയുന്നതിൽ സന്തോഷിക്കുന്നു. ഈ ജപമാല മാസത്തിൽ ഒക്ടോബർ 1 മുതൽ ജപമാല രാജ്ഞിയുടെ തിരുനാൾ ദിനമായ ഒക്ടോബർ 7 വരെയുള്ള ദിവസങ്ങളിൽ സാധിക്കുന്ന എല്ലാ ഇടവകകളിലും കുടുംബകൂട്ടായ്മയുടെയും സംഘടനകളുടെയും മറ്റും ആഭിമുഖ്യത്തിൽ കോവിഡ് മഹാമാരിയിൽ നിന്ന് ലോകത്തെ രക്ഷിക്കാനുള്ള നിയോഗത്തോടെ അഖണ്ഡ ജപമാല ചൊല്ലുക.
4. ജപമാല രാജ്ഞിയുടെ തിരുനാൾ ഒക്ടോബർ 7–ന് എല്ലാ കുടുംബങ്ങളിലും ആഘോഷിക്കുക. അന്നേ ദിവസം ജപമാല ദിനമായി ആചരിക്കുക.
5. ഒക്ടോബർ 1–ാം തീയതി എല്ലാ വൈദികരും, ഒക്ടോബർ 4–ാം തീയതി വി. ഫ്രാൻസിസ് അസ്സീസിയുടെ തിരുനാൾ ദിനം എല്ലാ സന്യസ്തരും വൈകിട്ട് 7:30 മുതൽ 8:30 വരെ ആരാധന നടത്തിയും ജപമാല ചൊല്ലിയും സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുക.
6. പരി. മറിയം മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സഹായിച്ചതു പോലെ, ജപമാല മാസത്തിൽ നിങ്ങളുടെ പരിത്യാഗം വഴി ശേഖരിക്കുന്ന സംഖ്യ നിങ്ങളുടെ സമീപത്തുള്ള അർഹിക്കുന്ന പാവപ്പെട്ടവരെ സഹായിക്കാനായി ഉപയോഗിക്കുക.
7. മിഷൻ ഞായറാഴ്ചയിലെ (ഒക്ടോബർ 18) കുർബാനയിലും വൈകീട്ടുള്ള കുടുംബ പ്രാർത്ഥനയിലും മിഷനറിമാർക്ക് വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക. മിഷനുവേണ്ടിയുള്ള പതിവുള്ള സഹായങ്ങൾ വികാരിവഴി അതിരൂപതയിൽ ഏൽപ്പിക്കുക.
8. ഒക്ടോബർ മാസത്തിലെ അവസാനത്തെ 10 ദിവസങ്ങളിൽ, കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ദേവാലയങ്ങളിൽ ജപമാല ചൊല്ലിയും ആരാധന നടത്തിയും സഭയുടെ നിയോഗങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുക. ഈ പത്തു ദിവസത്തെ ആരാധനയും ജപമാലയും ഇടവകയിൽ നിന്ന് അവിടുത്തെ കുടുംബങ്ങൾക്കായി Online സംപ്രേഷണം ചെയ്യുന്നത് അഭികാമ്യമാണ്.

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരെ, കോവിഡ് കാലഘട്ടത്തിൽ നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധികൾക്കിടയിലും ദൈവത്തിൽ ആശ്രയിച്ച്, പരി. അമ്മയുടെ മദ്ധ്യസ്ഥതതേടി ജപമാല ചൊല്ലി പ്രത്യാശയോടെ പ്രതിസന്ധികൾ തരണം ചെയ്യാൻ നമുക്ക് പരിശ്രമിക്കാം. യേശു വിഭാവനം ചെയ്ത ദൈവരാജ്യം നമ്മുടെ

സാഹചര്യങ്ങളിൽ പ്രാവർത്തികമാക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. ഈ ജപമാല-പ്രേഷിതമാസത്തെ ദൈവനുഗ്രഹത്തിന്റെ മാസമാക്കിമാറ്റാൻ നമുക്ക് ഒരുമയോടെ പ്രവർത്തിക്കാം. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ ഞാൻ നിങ്ങളേവരേയും ആശീർവ്വദിക്കുന്നു.

യേശുവിൽ സ്നേഹപൂർവ്വം,
നിങ്ങളുടെ പിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ ഇടയലേഖനം 27/09/2020 ഞായറാഴ്ച പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കുകയും സാധിക്കുന്ന മാധ്യമങ്ങളിലൂടെ അതിരൂപതയിലെ വിശ്വാസികൾക്ക് അയച്ചുകൊടുക്കുകയും വേണം.

+AT

**അനുബന്ധം: ജപമാല രഹസ്യങ്ങളുടെ തിരുവചനഭാഗങ്ങൾ**

**സന്തോഷരഹസ്യങ്ങൾ**

1-ാം രഹസ്യം - മംഗളവാർത്ത - ലൂക്കാ 1:26-38, യോഹ. 1:14
2-ാം രഹസ്യം - ഏലീശ്വായെ സന്ദർശിക്കുന്നു - ലൂക്കാ 1:39 56
3-ാം രഹസ്യം- യേശുവിന്റെ ജനനം - ലൂക്കാ 2: 4-20
4-ാം രഹസ്യം- ദേവാലയ സമർപ്പണം - ലൂക്കാ 2: 21-40
5-ാം രഹസ്യം - യേശുവിനെ കാണാതാകുന്നു - ലൂക്കാ 2: 41-52

**പ്രകാശരഹസ്യങ്ങൾ**

1-ാം രഹസ്യം - മാമ്മോദീസ- മത്താ. 3:13-17
2-ാം രഹസ്യം - കാനായിലെ കല്ല്യാണം - യോഹ. 2:1-12
3-ാം രഹസ്യം- ദൈവരാജ്യ പ്രഘോഷണം - മർക്കോ. 1:14-15 (മത്താ. 5:1-12; 6:33; ലൂക്കാ 12: 31-33).
4-ാം രഹസ്യം- രൂപാന്തരീകരണം - ലൂക്കാ 9: 28-36
5-ാം രഹസ്യം - വി. കുർബ്ബാന സ്ഥാപനം - മത്താ. 26:26-30; (മാർക്കോ. 14:22-26; ലൂക്കാ 22:15-20; 1 കൊറി. 11:23-25; യോഹ. 6:33-59)

**ദുഃഖരഹസ്യങ്ങൾ**

1–ാം രഹസ്യം – ഗദ്സെമെൻ പ്രാർത്ഥന – മർക്കോ. 14:32–42
(മത്താ. 26: 36–46; ലൂക്കാ 22:39–46 )
2–ാം രഹസ്യം – ചമ്മട്ടിയടി – മത്താ. 27:26
(മർക്കോ. 15:15; യോഹ. 19:1)
3–ാം രഹസ്യം– മുൾകിരീട ധാരണം – മത്താ. 27: 29–30
(മർക്കോ. 15:16–20; യോഹ. 19: 1–3)
4–ാം രഹസ്യം– കാൽവരി യാത്ര– ലൂക്കാ 23: 26–32
(മത്താ. 27: 31–32; മർക്കോ. 15:20–22)
5–ാം രഹസ്യം – കുരിശുമരണം – ലൂക്കാ 23: 33–46
(മത്താ. 27: 33–54; മർക്കോ. 15:22–39; യോഹ. 19: 17–37)

**മഹത്വരഹസ്യങ്ങൾ**

1–ാം രഹസ്യം – ഉത്ഥാനം – മത്താ. 28:1–10
(മർക്കോ. 16:1–18; ലൂക്കാ 24: 1–49; യോഹ. 20: 1–29)
2–ാം രഹസ്യം – സ്വർഗ്ഗാരോഹണം – മർക്കോ. 16:19–20
(ലൂക്കാ 24: 50–52; അപ്പ. 1:6–11)
3–ാം രഹസ്യം– പരിശുദ്ധാത്മാവിന്റെ ആഗമനം – അപ്പ. 2: 1–41
4–ാം രഹസ്യം– മാതാവിന്റെ സ്വർഗ്ഗാരോപണം – വെളി. 12: 1
5–ാം രഹസ്യം – മാതാവിന്റെ കിരീട ധാരണം – വെളി. 12: 1–17

**“കർത്താവ് ആർദ്രഹൃദയനും കരുണാമയനുമാണ്. അവിടുന്ന് പാപങ്ങൾ ക്ഷമിക്കുകയും കഷ്ടതയുടെ ദിനങ്ങളിൽ രക്ഷ യ്ക്കെത്തുകയും ചെയ്യുന്നു”**
**(പ്രഭാ. 2:11)**

Ref: 3348/K-5/KCBC/OL/DS
03.09.2020



# കോവിഡുകാല അജപാലന ശുശ്രൂഷകളെക്കുറിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

**മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,**

കോവിഡ്–19 എന്ന മഹാവ്യാധി ലോകത്തെ മുഴുവൻ ഭീതിയിലാഴ്ത്തുന്ന ഒരു കാലഘട്ടത്തിലൂടെ നമ്മൾ കടന്നുപോകുകയാണല്ലോ. ഈ കാലഘട്ടത്തിൽ പൊതുസമൂഹത്തോടൊപ്പം കേരളസഭയും കൊറോണ രോഗത്തിനും അതിന്റെ വ്യാപനത്തിനുമെതിരെ പടപൊരുതുകയും സമൂഹത്തിനും കുടുംബങ്ങൾക്കും വേണ്ടിയുള്ള വിവിധ ശുശ്രൂഷകളിൽ വ്യാപൃതയായിരിക്കുകയും ചെയ്യുന്നു. സഭയുടെ ശുശ്രൂഷാ സംവിധാനങ്ങളിൽ ഈ പ്രത്യേക കാലത്ത് നമ്മൾ അവലംബിച്ച നൂതന അജപാലനരീതികളും സംരംഭങ്ങളും സമൂഹമൊന്നാകെ സ്വാഗതം ചെയ്യുകയുണ്ടായി. ഈ കാലഘട്ടത്തെയോർത്ത് നമ്മളാരും ഭയപ്പെടുകയോ ആശങ്കപ്പെടുകയോ ചെയ്യേണ്ടതില്ല. രോഗവ്യാപനത്തെ തടയുന്നതിനും

രോഗം വരാതെ സൂക്ഷിക്കുന്നതിനും ഇതുവരെ നാം കാണിച്ചിട്ടുള്ള ജാഗ്രത ഇനിയും തുടരുക എന്നതാണ് പ്രധാനം. അനേകം പേർ അനുദിനം രോഗവിമുക്തരാകുന്നതും നമുക്ക് ആശ്വാസം തരുന്നുണ്ട്.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ വർഷകാല സമ്മേളനം 2020 ആഗസ്റ്റ് 7–8 തീയതികളിലായി ഓൺലൈൻ വഴി സംഘടിപ്പിക്കുകയുണ്ടായി. അഭിവന്ദ്യ പിതാക്കന്മാർ ഒരുമിച്ച് പ്രാർത്ഥിക്കുകയും സഭാപ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്ത ഈ സമ്മേളനത്തിൽ കൂടുതൽ സമയവും പിതാക്കന്മാർ ചെലവഴിച്ചത് കോവിഡുകാലത്തെ സഭാശുശ്രൂഷകളെ വിലയിരുത്താനും കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനെക്കുറിച്ച് ആലോചിക്കാനുമാണ്. ഇതിന്റെ വെളിച്ചത്തിൽ ചില പ്രത്യേക കാര്യങ്ങൾ നിങ്ങളെ അനുസ്മരിപ്പിക്കാൻ ആഗ്രഹിക്കുന്നു.

**അജപാലന ശുശ്രൂഷ**

കോവിഡുകാലത്ത് സഭാശുശ്രൂഷകരും ജനങ്ങളും തമ്മിലുള്ള ബന്ധം സുദൃഢമാകാൻ എല്ലാവരും കൂടുതൽ പരിശ്രമിക്കേണ്ടതുണ്ടെന്ന കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുന്നു. നവമാധ്യമങ്ങളിലൂടെയും കത്തുകളിലൂടെയും ഫോൺവിളികളിലൂടെയും വൈദികരും സഭാനേതൃത്വത്തിലുള്ള മറ്റുള്ളവരും ഇതിനായി പ്രത്യേകം ശ്രമിക്കേണ്ടതുണ്ട്. വിശ്വാസീസമൂഹത്തിന്റെ ആത്മീയകാര്യങ്ങൾ ചോദിച്ചറിയാനും അവരെ പ്രോത്സാഹിപ്പിക്കാനും സഹായിക്കാനുമൊക്കെ അജപാലകർ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

കുടുംബയൂണിറ്റ് പ്രവർത്തനങ്ങളും മറ്റ് സംഘടനാപ്രവർത്തനങ്ങളും നടക്കാത്ത ഈ സാഹചര്യത്തിൽ കുടുംബങ്ങൾ തമ്മിൽ തമ്മിലും സമ്പർക്കമാധ്യമങ്ങളിലൂടെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടണം.

കോവിഡ് പ്രോട്ടാകോൾ അനുസരിച്ച് വിശുദ്ധ കുർബാനയും ഇതരകൂദാശകളും പരികർമ്മം ചെയ്യാൻ വൈദികർ പ്രത്യേകം അവസരമൊരുക്കണം. ദേവാലയത്തിലെ ശുശ്രൂഷകളിൽ പങ്കെടുക്കാൻ കഴിയാത്തവർ സാമൂഹ്യമാധ്യമങ്ങളിലൂടെയുള്ള ദിവ്യബലിയിലും ഇതരതിരുക്കർമ്മ

ങ്ങളിലും പങ്കുചേരുന്നത് തുടരേണ്ടതാണ്. വിശ്വാസികൾക്ക് അനുരഞ്ജന കൂദാശ ലഭിക്കുന്നതിനുള്ള അവസരവും കോവിഡ് പ്രോട്ടോകോൾ അനുസരിച്ച് ഒരുക്കാൻ വൈദികർ തയ്യാറാകണം.

കൂടാതെ, സമൂഹമാധ്യമങ്ങൾ ഉപയോഗപ്പെടുത്തി തിരുവചനധ്യാനങ്ങൾ സംഘടിപ്പിക്കാനും ഞായറാഴ്ചദിനങ്ങളിൽ പ്രത്യേക വചനശുശ്രൂഷകൾ നല്കാനും ഇടവകതലത്തിൽ അവസരങ്ങൾ ഒരുക്കുന്നത് ഉചിതമായിരിക്കും.

**കുടുംബപ്രേഷിതശുശ്രൂഷ**

കുടുംബപ്രേഷിതത്വത്തെ സംബന്ധിച്ച സഭയുടെ പ്രവർത്തനങ്ങളിൽ സവിശേഷമായ മാറ്റം ആവശ്യമുണ്ടെന്ന് കോവിഡുകാലം നമുക്കു മുന്നറിയിപ്പു നല്കിക്കഴിഞ്ഞു. കുടുംബങ്ങൾ സഭയുടെ അജപാ ലനശുശ്രൂഷയുടെ മുഖ്യകേന്ദ്രമായി മാറണം. അനുദിനമുള്ള കുടുംബപ്രാർത്ഥനയ്ക്കും ബൈബിൾ പാരായണത്തിനും കുടുംബാംഗങ്ങൾ മുടക്കം വരുത്താതെ നോക്കണം. കുടുംബാംഗങ്ങൾക്ക് കൂടുതൽ സമയം ഒരുമിച്ചു കഴിയാൻ കിട്ടുന്ന ഒരവസരം കൂടിയാണ് ഈ കോവിഡുകാലത്തിലൂടെ ലഭിക്കുന്നത്. കുടുംബാംഗങ്ങൾക്കിടയിലെ സ്നേഹവും കൂട്ടായ്മയും ശക്തിപ്പെടുത്താൻ നമുക്കു കഴിയണം. ശിഥിലമായ വ്യക്തിബന്ധങ്ങളും കുടുംബബന്ധങ്ങളും കൂട്ടിയോജിപ്പിക്കാനും മനസ്സിലെ മുറിവുകൾ ഉണക്കി അനുരഞ്ജനത്തിന്റെ പാത പിന്തുടരാനും എല്ലാവരും തയ്യാറാകേണ്ട ഒരു കാലം കൂടിയാണിത്.

വൃദ്ധരായ മാതാപിതാക്കളും കുട്ടികളും പ്രത്യേകം പരിഗണനയും പരിചരണവും അർഹിക്കുന്നുണ്ട്.

എന്ന കാര്യവും ആരും വിസ്മരിച്ചുകൂടാ. ശാരീരിരാരോഗ്യത്തോടൊപ്പം അവരുടെ മാസികാരോഗ്യം നിലനിർത്താനും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. ഇതിനായി സഭാസ്നേഹികളായ സൈക്കോളജിസ്റ്റുകളെയും കൗൺസിലർമാരെയും ഉൾപ്പെടുത്തി ഇടവകതലത്തിൽ ഒരു സെൽ രൂപീകരിക്കുന്നതും ഉചിതമായിരിക്കും.

**സാമ്പത്തിക ശുശ്രൂഷ**

അശരണരെ ലക്ഷ്യമാക്കിയുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മുഖ്യസ്ഥാനം നല്കേണ്ടകാലം കൂടിയാണ് ഈ കോവിഡുകാലം. ഈ കാലഘട്ടത്തിൽ സമൂഹത്തിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും വർധിച്ചിട്ടുണ്ട്. ദരിദ്രരുടെയും ദുർബലരുടെയും സംരക്ഷണവും ഉന്നമനവും സഭയുടെ പ്രഥമ ശുശ്രൂഷയായിക്കണ്ട് പ്രവർത്തിക്കാൻ അജപാലകർ തയ്യാറാകണം. വിശ്വാസീസമൂഹത്തിന്റെ ആവശ്യങ്ങളും പരാധീനതകളും ചോദിച്ചറിയാനും ആവശ്യമായ സഹായങ്ങൾ എത്തിക്കാനും പ്രത്യേക സജ്ജീകരണങ്ങൾ ഒരുക്കേണ്ടതുണ്ട്. അതിനായി, ഇടവക

തലത്തിൽ സോഷ്യൽ റെസ്പോൺസ് ടീമുകൾ രൂപീകരിക്കുകയോ നിലവിലുള്ള സംവിധാനങ്ങളെ പ്രയോജനപ്പെടുത്തുകയോ ചെയ്യാവുന്നതാണ്. ഇടവകാംഗങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ വളർച്ച ഓരോ ഇടവകയുടെയും മുഖ്യലക്ഷ്യങ്ങളിലൊന്നാകണം. ഇതിനായി, ഇടവക ജനങ്ങളുടെ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ടുള്ള സാമൂഹ്യസുരക്ഷാപദ്ധതികളും ഉറപ്പാക്കേണ്ടതുണ്ട്.

ഇടവകകൾ, സ്ഥാപനങ്ങൾ–കുടുംബങ്ങൾ–വ്യക്തികൾ എന്നിങ്ങനെ വ്യത്യസ്ത തലങ്ങളെ കേന്ദ്രീകരിച്ചുകൊണ്ട് ഭക്ഷ്യസുരക്ഷയും സാമ്പത്തിക ഭദ്രതയും ഉറപ്പാക്കാനുള്ള സംവിധാനങ്ങൾക്ക് രൂപം കൊടുക്കുന്നതും അഭികാമ്യമാണ്. പച്ചക്കറി ഉത്പാദനം, മത്സ്യകൃഷി ഉത്പാദനം, മൃഗപരിപാലനം, ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ എന്നിവയിലൂടെ ഇക്കാര്യം സാധ്യമാക്കാനുള്ള പരിശ്രമങ്ങളും കൈക്കൊള്ളണം.

സംസ്ഥാന സർക്കാർ നല്കുന്ന പ്രോത്സാഹനവും മാർഗനിർദേശങ്ങളുമനുസരിച്ച് സഭാസംവിധാനങ്ങളുടെയും വ്യക്തികളുടെയും കൈവശമുള്ള തരിശുഭൂമി ഭക്ഷ്യ ഉല്പന്നങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് കൃഷി ചെയ്യുന്നതിന് അവസരം ഒരുക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ സന്നദ്ധസംഘടനകളും സംവിധാനങ്ങളും ഇടവകതലത്തിൽ ഒരുക്കേണ്ടതും ആവശ്യമാണ്. കൂടാതെ, ഇടവകാതിർത്തിയിലുള്ള ജലസംഭരണികളും ജലസ്രോതസുകളും സംരക്ഷിക്കുന്നതിനുള്ള നടപടികളും ഇടവകതലത്തിൽ കൈക്കൊള്ളുന്നതും ഉചിതമായിരിക്കും.

**വിശ്വാസ ജാഗ്രത**

സഭാപ്രബോധനങ്ങളെ തെറ്റായി വ്യാഖ്യാനിക്കുകയും സഭാകൂട്ടായ്മയെ ഭിന്നിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സെക്റ്റുകളെയും ഇതര സംവിധാനങ്ങളെയും കുറിച്ച് വിശ്വാസികൾക്കിടയിൽ പ്രത്യേക ജാഗ്രതയുണ്ടാക്കേണ്ട ഒരു കാലം കൂടിയാണ് ഈ കോവിഡുകാലമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. സഭാംഗങ്ങൾ അവരുടെ വിശ്വാസത്തെ മുറുകെപ്പിടിച്ചു ജീവിക്കാനും ക്രിസ്തുവിന്റെ സജീവസാക്ഷികളായി വർത്തിക്കാനും പരസ്പരം സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം.

**സമാപനം**

സഭ ദൈവജനമാണെന്ന അവബോധവും കൂട്ടായ്മയും ശക്തിപ്പെടാൻ ഈ കാലഘട്ടം നാം പ്രയോജനപ്പെടുത്തുകയും നമ്മുടെ പരിശ്രമങ്ങളിലെല്ലാം അത് പ്രകടമാക്കുകയും ചെയ്യാം. കോവിഡു ബാധിതരായ വ്യക്തികളെയും കുടുംബങ്ങളെയും പ്രത്യേക ശ്രദ്ധ ആവശ്യമുള്ള

നമ്മുടെ സഹോദരങ്ങളായിക്കണ്ട് നവമാധ്യമങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് അവരെ ധൈര്യപ്പെടുത്തുകയും നമ്മുടെ പ്രാർത്ഥനകളിലൂടെ അവരുമായി ആത്മീയബന്ധം പുലർത്താനും നമുക്ക് കൂടുതൽ ശ്രദ്ധയുള്ളവരാകാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

സ്നേഹാശംസകളോടെ,



**കർദിനാൾ മാർ ജോർജ് ആലഞ്ചേരി**
പ്രസിഡന്റ്, കെസിബിസി

---

NB: ഈ സർക്കുലറിലെ ഉള്ളടക്കം സീറോ മലബാർ, ലത്തീൻ, മലങ്കര സഭകളിലെ വിശ്വാസീസമൂഹവുമായി പങ്കുവയ്ക്കുവാൻ ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കുമല്ലോ.

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025



Prot. No. 1008 /2020

# സിനഡ് അനന്തര സർക്കുലർ

സീറോ മലബാർ സഭയുടെ
മേജർ ആർച്ചുബിഷപ്പ്
കർദിനാൾ മാർ ജോർജ്
ആലഞ്ചേരി
തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്താമാർക്കും
മെത്രാന്മാർക്കും
വൈദികർക്കും
സമർപ്പിതർക്കും തന്റെ
അജപാലന ശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനും
എഴുതുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോ ദരീ സഹോദരന്മാരേ,

സീറോമലബാർസഭയിലെ മെത്രാന്മാരുടെ 28–ാമത് സിനഡിന്റെ രണ്ടാം സമ്മേളനം 2020 ആഗസ്റ്റ് 18 മുതൽ 21 വരെ നാലു ദിവസങ്ങളിൽ നടന്നു. പൗരസ്ത്യ തിരുസംഘത്തിന്റെ പ്രത്യേക അനുമതി പ്രകാരം സഭാചരിത്രത്തിൽ പ്രഥമമായി ഓൺലൈനായാണ് സിനഡ് സമ്മേളിച്ചത്. ഇന്ത്യ യിലെ വിവിധ സംസ്ഥാന ങ്ങളിലും അമേരിക്ക, കാനഡ, ഓസ്ട്രേലിയ, ഇംഗ്ലണ്ട്, ഇറ്റലി എന്നീ രാജ്യങ്ങളിലും സേവനം ചെയ്യുന്നവരും ഔദ്യോഗിക ശുശ്രൂഷയിൽ നിന്നു വിരമിച്ചവരും ഉൾപ്പെടെ 62 മെത്രാന്മാർ സിനഡിൽ പങ്കെടുത്തു. സഭാപരവും രാഷ്ട്രീ

യവും കാർഷികവുമായ മേഖലകളിലെ കാലികപ്രസക്തമായ വിഷയങ്ങൾ ചർച്ച ചെയ്തു സിനഡ് പ്രായോഗി കമായ തീരുമാനങ്ങൾ എടുത്തു.

**കോവിഡ് കാലത്തെ അജപാലനം**

കോവിഡ്–19 എന്ന മഹാമാരിക്കെതിരായുള്ള പോരാട്ടത്തിൽ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് സമ്പൂർണ്ണ പിന്തുണ അറിയിച്ചു. കൊറോണ വൈറസ് ബാധയാൽ മരണമടഞ്ഞ എല്ലാവരെയും അനുസ്മരിക്കുകയും അവരുടെ കുടുംബങ്ങളുടെ വേദനയിൽ പ്രാർത്ഥനാപൂർവ്വം പങ്കുചേരുകയും ചെയ്തു. രോഗബാധിതരാവുകയോ മരണമടയുകയോ ചെയ്ത എല്ലാ ആരോഗ്യപ്രവർത്തകരെയും ക്രമസമാധാന പാലകരെയും സിനഡ് പ്രത്യേകം അനുസ്മരിച്ചു.

സമൂഹത്തിന്റെ സകലമേഖലകളെയും ബാധിച്ച കോവിഡ്–19 സഭയുടെ അജപാലനരംഗത്തും പ്രതിസന്ധികൾ സൃഷ്ടിക്കുന്നതായി സിനഡ് വിലയിരുത്തി. കൂദാശകളുടെ പരികർമ്മത്തിനും മതബോധനത്തിനും ഓൺലൈൻ മാർക്ഷങ്ങൾ അവലംബിക്കേണ്ട സാഹചര്യമാണ് കോവിഡുമൂലം സംജാതമായത്. കുടുംബങ്ങളെ ദൈവാലയങ്ങളാക്കി മാറ്റി ഒത്തിരിയേറെ കുടുംബങ്ങൾ കോവിഡുകാലത്ത് ആധ്യാത്മികജീവിതത്തിൽ വളർന്നു എന്നത് ശ്രദ്ധേയമാണ്. എന്നാൽ, ആരാധനാലയങ്ങൾ തുറക്കാൻ സർക്കാരിന്റെ അനുവാദം ലഭിച്ചശേഷവും ഓൺലൈൻ കുർബ്ബാനകളിൽ സംതൃപ്തി കണ്ടെത്തുന്ന പ്രവണത ഗുണകരമല്ല. ദൈവാലയത്തിലെത്തി വിശുദ്ധകുർബ്ബാനയിൽ നേരിട്ടുപങ്കുചേർന്ന് ഈശോയെ ദിവ്യകാരുണ്യമായി സ്വീകരിക്കുമ്പോഴാണ് വിശുദ്ധ കുർബ്ബാനയർപ്പണം അർത്ഥപൂർണ്ണമാകുന്നത്. ഓൺലൈൻ കുർബ്ബാനകളെ ഇതിനുതുല്യം പ്രാധാന്യമുള്ളതായി കരുതുന്നത് ശരിയല്ല. കോവിഡ് വ്യാപനം മൂലം നിരോധിതമേഖലയായി പ്രഖ്യാപിക്കപ്പെട്ടിട്ടില്ലാത്ത പ്രദേശങ്ങളിലുള്ളവർക്കു ഞായറാഴ്ച കുർബാനയിൽ പങ്കെടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ആഴ്ചവട്ടത്തിലെ ഏതെങ്കിലുമൊരു ദിവസം ദൈവാലയത്തിലർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ അവർ പരിശ്രമിക്കണമെന്ന കാര്യം സിനഡ് ഓർമ്മിപ്പിച്ചു.

രോഗങ്ങളും മഹാമാരികളും നമ്മെ നിരാശയിലേയ്ക്ക് നയിക്കാതെ മാനസാന്തരവഴികളിലൂടെ ദൈവസന്നിധിയിലേക്ക് തിരിച്ചു നടക്കാൻ പ്രേരിപ്പിക്കണം. കോവിഡ് പ്രതിസന്ധിയിലും ഇതു തന്നെയായിരിക്കണം നമ്മുടെ മനോഭാവം. നമ്മുടെ ആത്മീയ പ്രതിരോധത്തിന്റെ ഭാഗമായി ഈ വർഷത്തെ എട്ടു നോമ്പ് തീക്ഷ്ണതയോടെ ആചരിക്കു

ന്നതിനു ആഹ്വാനം ചെയ്തു കൊണ്ടുള്ള പ്രത്യേക സർക്കുലർ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടുകാണുമല്ലോ. അതോടൊപ്പം സെപ്റ്റംബർ 4 വെള്ളിയാഴ്ച ഉപവാസപ്രാർത്ഥനാദിനമായി ആചരിക്കാനും ഈ നിയോഗംവച്ച് നമ്മുടെ സഭയിലെ എല്ലാ മെത്രാന്മാരും വൈദികരും പ്രത്യേക വിശുദ്ധ കുർബാനയർപ്പിക്കാനും നിർദേശിച്ചിരുന്നു. വൻ ശക്തികളായ രാഷ്ട്രങ്ങളും സമർദ്ധരായ ശാസ്ത്രജ്ഞരും കോവിഡിന് മുന്നിൽ പകച്ചുനിൽക്കുമ്പോൾ ദൈവ കരുണയ്ക്കുവേണ്ടിയുള്ള തീക്ഷ്ണമായ പ്രാർത്ഥനകൾ നമുക്കു തുടരാം. രോഗവ്യാപനം ശമിക്കുന്നതിനും അനുയോജ്യമായ ഔഷധങ്ങൾ കണ്ടെത്തുന്നതിനും ദൈവിക ഇടപെടൽ വേഗത്തിൽ ഉണ്ടാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**മൃതശരീരങ്ങളുടെ ദഹിപ്പിക്കൽ**

മൃതശരീരങ്ങൾ സംസ്ക്കരിക്കുന്നതാണ് സഭയുടെ സാധാരണ രീതിയെങ്കിലും പ്രത്യേക സന്ദർഭങ്ങളിലും പകർച്ചവ്യാധികളുടെ കാലത്ത് വിശേഷിച്ചും മൃതശരീരങ്ങൾ ദഹിപ്പിക്കാൻ സഭയിൽ അനുവാദം ഉള്ളതാണ്. കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ചു കൊണ്ടു മൃതശരീരങ്ങൾ ദഹിപ്പിക്കാനും സംസ്കരിക്കാനും എല്ലാ രൂപതകളും പരിശീലനം സിദ്ധിച്ച പ്രത്യേക സന്നദ്ധസേന രൂപീകരിച്ചത് മാതൃകാപരമാണ്. മൃതശരീരങ്ങൾ ദഹിപ്പിക്കാനുള്ള ക്രമറ്റോറിയങ്ങൾ രൂപതാതലത്തിലോ അതിരൂപതാതലത്തിലോ ക്രമീകരിക്കുന്നത് പ്രയോജനകരമായിരിക്കുമെന്ന് സിനഡ് നിർദ്ദേശിച്ചു. മൃതസംസ്കാര ശുശ്രൂഷയുടെ എല്ലാ കർമ്മങ്ങളും പൂർത്തിയാക്കി ഇത്തരം സ്ഥല ങ്ങളിൽ ദഹിപ്പിച്ചശേഷം ലഭിക്കുന്ന വിഭൂതി സെമിത്തേരികളിൽ സൂക്ഷിക്കേണ്ടതാണ്.

**സർക്കാർ നയങ്ങളിലെ വിവേചനം**

ന്യൂനപക്ഷാവകാശങ്ങൾ നൽകുന്നതിൽ നിലവിലുള്ള 80:20 എന്ന അനീതിപരമായ അനുപാതം തിരുത്താൻ സർക്കാർ തയ്യാറാകാത്തതിൽ സിനഡ് പ്രതിഷേധമറിയിച്ചു. ന്യൂനപക്ഷ കമ്മീഷന്റെ ജില്ലാതല പ്രതിനിധികളെ തിരഞ്ഞെടുത്തതിൽ നിലനിൽക്കുന്ന അനീതിയും പരിഹരിക്കപ്പെടേണ്ടതാണ്. സംവരണേതരവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് ഏർപ്പെടുത്തിയിട്ടുള്ള 10% സംവരണം പി.എസ്.സി. റാങ്കുലിസ്റ്റ് ഉൾപ്പെടെ എല്ലാ മേഖലകളിലും നടപ്പിലാക്കാൻ സത്വരനടപടികൾ സമയബന്ധിതമായി സർക്കാർ സ്വീകരിക്കണം. മാറിയ രാഷ്ട്രീയ സാമ്പത്തിക സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സീറോമലബാർസഭാംഗങ്ങൾ നേരിടുന്ന

പ്രതിസന്ധികളെക്കുറിച്ചു പഠിക്കുന്നതിനും പ്രതിവിധികൾ കണ്ടെത്തുന്നതിനും ഒരു പ്രത്യേക കമ്മീഷനെ നിയോഗിക്കണമെന്ന് സർക്കാരിനോട് ഔദ്യോഗികമായി ആവശ്യപ്പെടാനും സിനഡ് തീരുമാനിച്ചു.

**കാർഷികപ്രതിസന്ധി**

തുടർച്ചയായുണ്ടാകുന്ന പ്രകൃതിദുരന്തങ്ങളും രൂക്ഷമായ വന്യമൃഗ ശല്യങ്ങളുംമൂലം കർഷകർ അങ്ങേയറ്റം പരിതാപകരമായ അവസ്ഥ യിലൂടെയാണു കടന്നുപോകുന്നത്. ഉല്പന്നങ്ങളുടെ വലിയ വിലത്തകർച്ച കർഷകരുടെ നിലനില്പിനെത്തന്നെ അപകടത്തി ലാക്കിയിരിക്കുകയാണ്. ഗാഡ്ഗിൽ–കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ ജനവാസമേഖലകളെ പരിസ്ഥിതി ലോലപ്രദേശങ്ങളിൽ ഉൾപ്പെടുത്തി നിയന്ത്രണങ്ങൾ അടിച്ചേല്പിക്കാനുള്ള ശ്രമങ്ങൾ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്ന് വീണ്ടും ഉണ്ടാകുന്നതിന് എതിരെ സിനഡ് ശക്തമായ എതിർപ്പു രേഖപ്പെടുത്തി. വനപാലകരുടെ കസ്റ്റഡിയിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച പത്തനംതിട്ട ജില്ലയിലുള്ള ചിറ്റാറിലെ പി.പി. മത്തായിയുടെ മൃതസംസ്കാരം നടത്തുന്നതിനു അനുകൂലമായ സാഹചര്യം ഒരുക്കിക്കൊണ്ടു ആ കുടുംബത്തിന് നീതി ലഭ്യമാക്കണമെന്നു സിനഡ് സർക്കാരിനോട് ആവശ്യപ്പെട്ടു. കാർഷികവായ്പകളുടെ പലിശയെങ്കിലും എഴുതിത്തള്ളി കർഷകരെ സഹായിക്കാൻ കേന്ദ്ര–സംസ്ഥാന സർക്കാരുകൾ മുന്നോട്ടു വരണം. വന്യമൃഗങ്ങളെ വനത്തിനുള്ളിൽ മാത്രം ഒതുക്കി നിർത്തി കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനുള്ള ക്രിയാത്മകമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. റബ്ബർ ഉൾപ്പെടെയുള്ള കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ താങ്ങുവില പ്രഖ്യാപിച്ച് കർഷകർക്കുണ്ടാകുന്ന ഭീമമായ നഷ്ടം നികത്താൻ സർക്കാർ ആത്മാർത്ഥമായി ഇടപെടണമെന്നും സിനഡ് ആവശ്യപ്പെട്ടു.

**ദരിദ്രർക്കു സഹായം**

ഭക്ഷണമില്ലാത്തവർക്കു ഭക്ഷണമുറപ്പാക്കാൻ സഭാസംവിധാനങ്ങൾ ആവശ്യമായ നടപടിയെടുക്കണമെന്ന് സിനഡ് പ്രത്യേകം ആഹ്വാനം ചെയ്തു. ദരിദ്രരുടെ പക്ഷം ചേർന്ന് അവരുടെ വിശപ്പകറ്റിയ ഈശോയുടെ മാതൃകയിൽ ദരിദ്രരോടൊപ്പം നിൽക്കാനും ഫ്രാൻസിസ് മാർപാപ്പ വിഭാവനം ചെയ്യുന്ന ദരിദ്രരുടെ പക്ഷത്തുനിൽക്കുന്ന ദരിദ്രയായ സഭ എന്ന ആശയം പ്രയോഗവൽക്കരിക്കാനുമുള്ള സമയമായി കോവിഡ് പകർച്ചവ്യാധിയുടെ ഈ സാഹചര്യത്തെ കണക്കാക്കണം. സർക്കാരിന്റെ കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ സീറോമല

ബാർസഭ പൂർണ്ണമായ പിന്തുണ നല്കുന്നുണ്ട്. സഭയുടെ വിവിധ രൂപതകളിലെയും സമർപ്പിതസമൂഹങ്ങളിലെയും സാമൂഹികസേവന വിഭാഗങ്ങൾ വഴി 53.3 കോടി രൂപയുടെ സഹായ പദ്ധതികൾ ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്.

കോവിഡ് മഹാമാരി ആശങ്കാജനകമായി വ്യാപിക്കുന്ന സാഹചര്യത്തിൽ സമൂഹത്തിൽ ദാരിദ്ര്യവും പട്ടിണിയും വ്യാപിക്കുന്നതായി സിനഡ് വിലയിരുത്തി. സർക്കാർ സംവിധാനങ്ങളുടെ മാത്രം ഇടപെടലുകൾ കൊണ്ട് ദരിദ്രരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കാത്ത സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഈ പശ്ചാത്തലത്തിൽ സമൂഹത്തിലെ പാവപ്പെട്ടവരുടെ കാര്യത്തിൽ സഭയ്ക്കു സവിശേഷമായ ശ്രദ്ധയുണ്ടാകണം. ഓരോ ഇടവകയും സഭാസ്ഥാപനവും സംഘടനയും തങ്ങൾക്കു ചുറ്റുമുള്ള നാനാജാതി മതസ്ഥരുടെ ദാരിദ്ര്യപൂർണ്ണമായ ജീവിതസാഹചര്യങ്ങളെ ഗൗരവമായി പരിഗണിക്കണം. തങ്ങളുടെ ചുറ്റുമുള്ള ദാരിദ്ര്യ മനുഭവിക്കുന്നവർക്കു ഭക്ഷണം ഉറപ്പാക്കാൻ സഭാംഗങ്ങൾ എല്ലാവരും ശ്രദ്ധ ചെലുത്തണമെന്നു സിനഡ് ആഗ്രഹിക്കുന്നു

ഓരോ ഇടവകാതിർത്തിയിലും പട്ടിണി നേരിടുന്ന ഭവനങ്ങളെ കണ്ടെത്താനുള്ള നടപടി ഉടൻ സ്വീകരിക്കേണ്ടതുണ്ട്. അവർക്കു ഭക്ഷണ ലഭ്യത ഉറപ്പുവരുത്താനുള്ള കാര്യക്ഷമവും പ്രായോഗികവുമായ സംവിധാനങ്ങൾ ക്രമീകരിക്കണം. പള്ളികളുടെ മുൻഭാഗത്തുള്ള മോണ്ടളത്തിൽ അരിയും പയറും മറ്റ് അവശ്യഭക്ഷ്യസാധനങ്ങളും അടങ്ങിയ കിറ്റുകൾ തയ്യാറാക്കിവയ്ക്കുന്ന പതിവു നമ്മുടെ സഭയിലെ പല ഇടവകകളിലും നിലവിലുണ്ട്. ഈ പദ്ധതി സാധിക്കുന്നിടത്തോളം സഭമുഴുവനിലും ഫലപ്രദമായി നടപ്പിലാക്കാൻ പരിശ്രമിക്കണം. ഭക്ഷണകാര്യങ്ങളിൽ ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് ഭക്ഷ്യവസ്തുക്കൾ ആരുടെയും അനുവാദം കൂടാതെ എടുത്തു കൊണ്ടുപോകാനുള്ള അവസരം ഇതുവഴി ഒരുക്കാവുന്നതാണ്.

സാഹോദര്യവും മാനവികതയും പ്രകടമാക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കുക എന്നതാണ്. 'എനിക്കു വിശന്നു; നിങ്ങൾ എനിക്കു ഭക്ഷണം തന്നു' (മത്താ.25:35) എന്ന് അന്ത്യനാളിൽ ഈശോയുടെ സ്വരം കേൾക്കാനിടയാകത്തക്ക വിധം ഇന്നു ദരിദ്രരുടെ നിലവിളിക്കു നമുക്ക് ചെവി കൊടുക്കാം. വിശക്കുന്ന വയറുകളോട് ഈശോ കാണിച്ച കരുതൽ നമ്മുടെ എല്ലാ ഇടവകകളിലും പ്രായോഗിക പദ്ധതികളായി രൂപപ്പെടണം. അതിനുവേണ്ടി നമ്മുടെ ഇടവകകളുടെയും

സ്ഥാപനങ്ങളുടെയും വരുമാനം ഉപയോഗിക്കുവനുള്ള കടമയെക്കുറിച്ചും സിനഡ് ബന്ധപ്പെട്ട എല്ലാവരെയും ഓർമ്മിപ്പിച്ചു.

**വൈദികപരിശീലനം**

കോവിഡ് 19–ന്റെ കാലത്തു വൈദികപരിശീലനം നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് സിനഡു ചർച്ചചെയ്തു. ഓരോ സെമിനാരിയിലെയും പ്രത്യേക സാഹചര്യം പരിഗണിച്ചു ഡീക്കന്മാരുടെ പരിശീലനം പൂർത്തിയാക്കുന്നതിനനുസൃതമായി അവരുടെ തിരുപ്പട്ടസ്വീകരണത്തിന്റെ സമയം ക്രമീകരിക്കുന്നതിന് രൂപതാധ്യക്ഷന്മാരെയും സമർപ്പിതസമൂഹങ്ങളിലെ മേജർ സുപ്പീരിയർ മാരെയും സിനഡ് ചുമതലപ്പെടുത്തി. വൈദികപരിശീലനം പരമപ്രധാനമാകയാൽ സെമിനാരികളിലെ അധ്യാപകരെ തിരഞ്ഞെടുക്കുന്നതിന് കൂടുതൽ സഭാത്മകമായ മാനദണ്ഡങ്ങൾ സ്വീകരിക്കാനും സിനഡ് തീരുമാനിച്ചു.

**യാമപ്രാർത്ഥനകൾ**

സഭയിലെ യാമപ്രാർത്ഥനകളുടെ പരിഷ്കരണത്തിന് ആരാധനാക്രമകമ്മീഷൻ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ സിനഡ് അംഗീകരിച്ചു. പരിഷ്കരിച്ച യാമപ്രാർത്ഥനാഗ്രന്ഥത്തിന്റെ ഡ്രാഫ്റ്റ് അടുത്ത സിനഡിൽ വിശദമായി ചർച്ചചെയ്യാനും തീരുമാനമായി. സഭയുടെ കൂട്ടായ്മയും ഐക്യവും പൂർവ്വാധികം ശക്തമാക്കാനുള്ള പരിശ്രമങ്ങൾ എല്ലാ തലങ്ങളിലും വ്യാപിപ്പിക്കണമെന്ന് സിനഡ് ആഹ്വാനം ചെയ്തു.

**ആദരാഞ്ജലികൾ**

ഇടുക്കി ജില്ലയിലെ പെട്ടിമുടിയിൽ ഉണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലിലും ജീവനും സ്വത്തും നഷ്ടപ്പെട്ടവരെയും കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിലുണ്ടായ അപകടത്തിൽ മരണമടഞ്ഞവരെയും സിനഡ് പ്രാർത്ഥനാപൂർവ്വം അനുസ്മരിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു.

**ഉപസംഹാരം**

ലോകം മുഴുവൻ കോവിഡ് മഹാമാരിയുടെ പിടിയലമർന്നു ഞെരുങ്ങുന്ന ഈ സന്ദർഭത്തിൽ കൂടുതൽ ഉണർവ്വോടും ഉത്സാഹത്തോടും കൂടി പ്രാർത്ഥിക്കാനും കാരുണ്യപ്രവർത്തനങ്ങളിൽ ഊർജ്ജസ്വലതയോടുകൂടി വ്യാപരിക്കാനും സഭാതനയരേവരെയും സ്നേഹപൂർവ്വം

ആഹ്വാനം ചെയ്യുന്നു. തിരുസഭാമാതാവായ പരിശുദ്ധ കന്യകാമറിയ ത്തിന്റെയും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെയും സഭയിലെ എല്ലാ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാദ്ധ്യസ്ഥ്യം നമുക്കപേക്ഷിക്കാം.

സ്നേഹാശംസകളോടെ,



**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020 –ാം ആണ്ട് സെപ്റ്റംബർ മാസം 1–ാം തിയതി നൽകപ്പെട്ടത്.

---

ഈ സർക്കുലർ ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 സെപ്റ്റംബർ മാസം 6–ാം തിയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ മലബാർ സഭയുടെ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

# കച്ചേരി

## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

ഒക്ടോബർ 2020

1 : വി. കൊച്ചുത്രേസ്യ
2 : ആദ്യവെള്ളി
കാവൽമാലാഖ
3 : വി. ഫ്രാൻസിസ് അസ്സീസി (ഒക്ടോബർ 4)
4 : **ഏലിയ സ്ലീവ മൂശ അഞ്ചാം ഞായർ**
11 : **ഏലിയ സ്ലീവ മൂശ ആറാം ഞായർ**
15 : ആവിലായിലെ വി. ത്രേസ്യ
16 : വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ
17 : അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്
വി. ലൂക്കാ സുവിശേഷകൻ (ഒക്ടോബർ 18)
18 : **ഏലിയ സ്ലീവ മൂശ ഏഴാം ഞായർ**
മിഷൻ ഞായർ
25 : **ഏലിയ സ്ലീവ മൂശ എട്ടാം ഞായർ**
28 : വി. ശെമയോൻ, വി. യൂദാ തദേവൂസ് ശ്ലീഹന്മാർ

**2. വൈദികരുടെ നിയമനം:**

1. ഫാ. പൂപ്പാടി തോമസ് – എക്സിക്യൂട്ടീവ് ട്രസ്റ്റി സ്വിഫ്റ്റ് മൈക്രോഫിനാൻസ് ഒഴിവായി; മുൻകാല പ്രാബല്യം 2020 ഫെബ്രുവരി 6 മുതൽ.
2. ഫാ. മാളിയമ്മാവ് പോൾ – അസി. ഡയറക്ടർ & പ്രോഗ്രാം കോർഡിനേറ്റർ സാന്ത്വനം കൂടി; സാധുത 2020 ആഗസ്റ്റ് 13 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്



# നാളാഗമം

## ആഗസ്റ്റ് 2020

01. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ജീസസ് യൂത്ത് കണ്ടശ്ശാംകടവ് സബ്സോണിന്റെ ഓൺലൈൻ ബൈബിൾ പരായണം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. ഉച്ചതിരിഞ്ഞ് ലൂർദ്ദ് ഫൊറോനയിലെ അതിരൂപത സ്ഥാപനങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

02. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മീഡിയ കത്തോലിക്കയിൽ ഓൺലൈൻ വി. ബലി അർപ്പിച്ചു. ഉച്ചതിരിഞ്ഞ് എ.കെ.സി.സി. സംഘടനയുടെ മീറ്റിങ്ങിൽ പങ്കെടുത്തു. ഫാ. ദിജോ ഒലക്കേങ്കിൽ എഡിറ്റ് ചെയ്ത അജപാലന മനശാസ്ത്രം എന്ന ഗ്രന്ഥത്തിന്റെ പ്രകാശന കർമ്മം നിർവഹിച്ചു. തൃശ്ശൂർ അതിരൂപതയിലെ സി. എൽ. സി. സംഘടനയിലെ യുവാക്കൾ കുറ്റൂരിൽ ആരംഭിക്കുന്ന കൃഷിസ്ഥലവും കൃഷിയും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആശീർവദിക്കുകയും അവർക്ക് ആശംസകൾ നേരുകയും ചെയ്തു. അന്നേ ദിവസം കണ്ടശ്ശാംകടവ് ഫൊറോനയിലെ ജീസസ് യൂത്ത് സംഘടനയുടെ ആഭിമുഖ്യത്തിൽ നടത്തിയ ബൈബിൾ പാരായണത്തിൽ അഭിവന്ദ്യ

ടോണി പിതാവ് ഓൺലൈനിലൂടെ പങ്കെടുത്തു.

03. അഭിവന്ദ്യ താഴത്ത് പിതാവ് ചേറൂർ വിയാനി ഭവനിൽ വി. ബലി അർപ്പിച്ചു.

03–08. അഭിവന്ദ്യ പിതാക്കന്മാർ കെ.സി.ബി.സി. ഓൺലൈൻ ധ്യാനത്തിൽ പങ്കെടുത്തു.

09. അഭിവന്ദ്യ താഴത്ത് പിതാവ് ചാരിറ്റി സന്ന്യാസിനി സമൂഹത്തിലെ അർത്ഥികളുടെ ആദ്യവ്രതവാഗ്ദാനത്തിലും സഭാവസ്ത്രസ്വീകരണത്തിലും മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഷെക്കെയ്‌ന ടെലിവിഷനിൽ ഓൺലൈനിലൂടെ വി. ബലിയർപ്പിച്ചു.

11. അഭിവന്ദ്യ താഴത്ത് പിതാവ് എഫ്.സി.സി. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വി. ബലി അർപ്പിച്ചു. ദീപിക ദിനപത്രത്തിന്റെ വെബിനാറിൽ പങ്കെടുത്തു. സെന്റ് മേരീസ് മൈനർ സെമിനാരിയിൽ അഭിവന്ദ്യ ടോണി പിതാവ് വി. ബലിയർപ്പിക്കുകയും വൈദീക വിദ്യാർത്ഥികളെ കാണുകയും ചെയ്തു. പെരിഞ്ചേരി തിരുഹൃദയ ഇടവകാംഗമായ ഡീ. ലെനിൻ പെല്ലിശ്ശേരിയുടെ തിരുപ്പട്ടദാന കൂദാശകർമ്മങ്ങൾക്ക് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. പല്ലിശ്ശേരി അഭയം പാലിയേറ്റീവ് കെയർ ഹോസ്പിറ്റലിൽ പുതുതായി ആരംഭിക്കുന്ന മെസ്സിന്റെയും ഭക്ഷണശാലയുടെയും ആശീർവാദ കർമ്മം അഭിവന്ദ്യ ടോണി പിതാവ് നടത്തി.

12. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചതിരിഞ്ഞ് പറോക്കിന്റെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു. വൈകീട്ട് ജൂബിലി മിഷൻ ആശുപത്രിയുടെ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

13. അഭിവന്ദ്യ താഴത്ത് പിതാവ് പബ്ളിക്ക് അഫയേഴ്സ് കമ്മീഷന്റെ വെബിനാറിൽ പങ്കെടുത്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മുണ്ടത്തിക്കോട് ഇടവകയിൽ അതിരൂപത സി.എൽ.സി.യുടെ പതാക ഉയർത്തി. വേലൂർ ഇടവകയിൽ വൈദിക മന്ദിരത്തിന്റെയും ഫൊറോന കാര്യാലയത്തിന്റെയും വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. വേലൂപ്പാടം വി. യൗസേപ്പിതാവിന്റെ തീർത്ഥകേന്ദ്രത്തിൽ കപ്പേള വെഞ്ചിരിപ്പ് നിർവഹിച്ചു. ഉച്ചകഴിഞ്ഞ് തിരുവെങ്കിടം ഇടവകയിലെ എൽ.പി. സ്ക്കൂളിന്റെ നവീകരിച്ച കെട്ടിടത്തിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു. പറപ്പൂർ പള്ളി സ്ക്കൂളിന്റെ പുതിയ എൽ.പി. സ്ക്കൂൾ ബ്ളോക്കിന്റെ വെഞ്ചിരപ്പു കർമ്മം നിർവ

ഹിച്ചു. എങ്ങണ്ടിയൂർ എം.ഐ. ആശുപത്രിയുടെ സർജറി ബ്ളോക്കിന്റെ വെഞ്ചിരിപ്പുകർമ്മം നിർവഹിച്ചു.

17. കോവിഡ് ലോക്ക് ഡൗൺ സാഹചര്യത്തിൽ ഇപ്രാവശ്യത്തെ സീറോ മലബാർ സഭാ പിതാക്കൻമാരുടെ സിനഡ് മൂന്ന് ദിവസമായി ഓൺലൈനിലൂടെയാണ് നടത്തപ്പെട്ടത്. അഭിവന്ദ്യ പിതാക്കൻമാർ സിനഡിൽ പങ്കെടുത്തു.

18–21. അഭിവന്ദ്യ താഴത്ത് പിതാവ് സീറോ മലബാർ വീഡിയോ സിനഡിൽ പങ്കെടുത്തു.

22. അഭിവന്ദ്യ താഴത്ത് പിതാവ് വരന്തരപ്പിള്ളി വിമലഹൃദയ ഇടവക ദൈവാലയത്തിലെ നവീകരിച്ച അൾത്താരയുടെ വെഞ്ചിരിപ്പു കർമ്മം നിർവഹിച്ചു. പാക്ട് എക്സിക്യൂട്ടീവ് വെബ് മീറ്റിംഗിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുത്തു.

23. രാവിലെയും വൈകീട്ടുമായി നടന്ന പാക്ട് കൺവീനേഴ്സിന്റെ വെബ് മീറ്റിംഗിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുത്തു.

24. മേരിമാത സെമിനാരിയിൽ വച്ച് നടന്ന സെമിനാരി സ്റ്റാഫ് അംഗങ്ങളുടെ മീറ്റിംഗിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുത്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് പാലക്കലിൽ എസ്.ഡി. സന്ന്യാസിനി സമൂഹം സി. ജെസിറ്റിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

26. കൊട്ടേക്കാട് ഇടവകയിൽ അഞ്ചാമത്തെ കുഞ്ഞിന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പ്രാരംഭക കൂദാശകൾ നൽകി.

27. അഭിവന്ദ്യ താഴത്ത് പിതാവ് പാക്ട് എക്സിക്യൂട്ടിവിന്റെ വെബ് കോൺഫ്രൻസിൽ പങ്കെടുത്തു. പാക്ട് എക്സിക്യൂട്ടീവ് വെബ് മീറ്റിംഗിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് പങ്കെടുത്തു.

29. വി. എവുപ്രാസ്യയുടെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഒല്ലൂരിലെ വി. എവുപ്രാസ്യാ തീർത്ഥ കേന്ദ്രത്തിലെ തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

30. അഭിവന്ദ്യ താഴത്ത് പിതാവ് ഒല്ലൂർ വി. എവുപ്രാസ്യമ്മയുടെ മഠം കപ്പേളയിൽ വി. ബലി അർപ്പിച്ചു.





## നാമകരണനടപടികൾ

### ദൈവദാസൻ

## ആന്റണി തച്ചുപറമ്പിലച്ചൻ

വലിയൊരു മരിയ ഭക്തനായിരുന്നു അന്തോണിയച്ചൻ. നിത്യം ജപമാല ചൊല്ലി പ്രാർത്ഥിച്ചിരുന്ന അച്ചൻ തന്റെ ധ്യാനപ്രസംഗങ്ങളിൽ ജപമാല ഭക്തിയുടെ പ്രാധാന്യം വ്യക്തമാക്കിയിരുന്നു. ഒരിക്കൽ ബിരുദധാരിയായ ഒരു കത്തോലിക്കാ യുവാവ് അച്ചന്റെ അടുത്തു വന്നത് അച്ചൻ വിവരിക്കുന്നുണ്ട്. കൊന്തയുടെ രഹസ്യങ്ങൾ ചൊല്ലാൻ പറഞ്ഞപ്പോൾ അയാൾക്ക് കിട്ടിയില്ല. ജപമാലയെന്നാൽ സ്വർഗ്ഗസ്ഥനായ പിതാവേ, നന്മ നിറഞ്ഞ മറിയമേ ചൊല്ലുക മാത്രമാണെന്നാണ് അയാൾ കരുതിയിരുന്നത്.

പാപരഹിതവും കളങ്കവുമില്ലാത്ത രീതിയിൽ മറിയത്തെ ആദി മുതലേ ദൈവം കരുതുകയും കാത്തുസൂക്ഷിക്കുകയും ചെയ്തു എന്ന് അച്ചൻ എഴുതി. ദൈവം ആദത്തിന് നൽകിയ വാഗ്ദാനം പൂർത്തിയാകാത്തത് ഓർത്ത് പഴയ നിയമത്തിലെ പ്രവാചകന്മാർ വിലപിച്ചു. പക്ഷേ ദൈവത്തിന് ഒരു പ്രത്യേക സമയമില്ലല്ലോ. കർത്താവിന് ഒരു ദിവസം ആയിരം വർഷങ്ങൾ പോലെയും ആയിരം വർഷങ്ങൾ ഒരു ദിവസം പോലെയുമാണ് (2 പത്രോ 3:8). മറിയം ഈ ലോകത്തിലേയ്ക്കു വന്നപ്പോൾ യേശുവിന്റെ ഈ ലോകത്തിലേയ്ക്കുള്ള ആഗമനവും ഉറപ്പുള്ള കാര്യമായി മാറി.

യേശുവിനോടുള്ള ഭക്തിയും മരിയഭക്തിയും ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് കാർഡിനൽ ന്യൂമാനെ ഉദ്ധരിച്ച് അച്ചൻ വ്യക്തമാക്കുന്നു. അമ്മയെ ഉപേക്ഷിക്കുന്നവൻ മകനേയും ഉപേക്ഷിക്കും. പ്രൊട്ടസ്റ്റന്റ് വിപ്ലവത്തിൽ പതിനാറാം നൂറ്റാണ്ടിൽ ഏറെപ്പേർ (പ്രൊട്ടസ്റ്റന്റുകാർ) അമ്മയെ ഉപേക്ഷിച്ചത് അച്ചൻ ഓർമ്മിക്കുന്നു. മരിയഭക്തിയുടെ പ്രകാശനമായ ജപമാല വണക്കം അർത്ഥപൂർണ്ണമായി നടത്താൻ അന്തോണിയച്ചനെ പിഞ്ചെല്ലുന്ന നമുക്ക് കടമയുണ്ട്.







## നാമകരണനടപടികൾ
## ധന്യൻ
## അഗസ്റ്റിൻ ജോൺ ഊക്കനെച്ചൻ

ദൈവനിവേശിതപുണ്യങ്ങളാണ് വിശ്വാസവും പ്രത്യാശയും സ്നേഹവും. ഈ അറിവ് സ്വജീവിതത്തിൽ ഏറെ അനുഭവിച്ചറിഞ്ഞ വ്യക്തിത്വത്തിനുടമയായിരുന്നു ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ. അനാദികാലം മുതലേ ദൈവം തന്നെ അറിയുകയും സ്നേഹിക്കുകയും ചെയ്തുവെന്നും അതുവഴി ദൈവത്തിന്റെ സ്നേഹഭാജനമാണ് താനെന്നുമുള്ള വിശ്വാസം അദ്ദേഹത്തിൽ രൂഢമൂലമാവുകയും അനന്തനന്മയായ ദൈവത്തിന്റെ സഹായത്തോടെ എല്ലാം തുടർന്നു കൊണ്ടുപോകാമെന്ന് പ്രത്യാശിക്കുകയും ചെയ്തു ആ വന്ദ്യപുരോഹിതൻ. അതിനാൽ അദ്ദേഹം ഇങ്ങനെ എഴുതി: മനുഷ്യദൃഷ്ടിയിൽ അസാദ്ധ്യമായവയെന്ന് വിചാരിക്കുന്ന കാര്യങ്ങൾ ചെയ്യുവാൻ ആവശ്യപ്പടുമ്പോൾ, ദൈവകൃപയിൽ ആഴമായി വിശ്വസിച്ച് ദൈവശക്തിയെ പ്രത്യാശിച്ച് ദൈവസ്നേഹത്തിൽ അഭയം ഗമിക്കേണം. വിപരീതാനുഭവങ്ങളിൽ കർത്താവിനോടുകൂടെ സഹിക്കുവാൻ ഊക്കനച്ചനെ സഹായിച്ചത് ഈ വിശ്വാസവും പ്രത്യാശയും സ്നേഹവുമാണ്. സഹോദരങ്ങളിൽ ക്രിസ്തുവിന്റെ വ്യക്തിത്വം കണ്ടെത്താൻ കഴിഞ്ഞാൽ വിശ്വാസത്തിന്റെ ആഴവും പ്രത്യാശയുടെ വെളിച്ചവും സ്നേഹത്തിന്റെ പ്രവർത്തനങ്ങളും ത്വരിതപ്പെടുത്തുവാൻ സാധിക്കുമെന്ന് അദ്ദേഹം ജീവിത പ്രവർത്തനങ്ങളിലൂടെ വ്യക്തമാക്കി. ഉപവിയാകുന്ന പരിശുദ്ധമായ ചങ്ങലകൊണ്ട് പരസ്പരം ഒന്നിച്ചുവസിക്കുന്ന പിതാവിൽ വിശ്വസിക്കുകയും പ്രത്യാശിക്കുകയും ചെയ്തതിനാൽ ഊക്കനച്ചൻ വിശ്വാസത്തിന്റേയും പ്രത്യാശയുടേയും സ്നേഹത്തിന്റേയും മാതൃകയായിത്തീർന്നു.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ

# പാലയൂർ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം

1. **സഭാ തലവനോടൊപ്പം സഭാ ആസ്ഥാനത്ത്**
   ആർച്ച് പ്രീസ്റ്റ് ഫാ. വർഗീസ് കരിപ്പേരിയുടെ നേതൃത്വത്തിൽ സഹവികാരിയും മറ്റു ഭാരവാഹികളുമടങ്ങുന്ന പ്രതിനിധിസംഘം കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയെ സന്ദർശിച്ചു. സീറോ മലബാർ സഭയുടെ പ്രധാന തീർത്ഥാടന കേന്ദ്രമായി പാലയൂരിനെ ഉയർത്തിയതിലുള്ള നന്ദി സൂചകമായിരുന്നു സന്ദർശനം. ഇടവകയുടെ മുൻ സഹവികാരിയും സഭാ കൂരിയ ചാൻസലറുമായ ഫാ. വിൻസെന്റ് ചെറുവത്തൂരച്ചന്റെ നേതൃത്വത്തിൽ ഹൃദ്യമായ സ്വീകരണം നൽകി. ഭാരതത്തിലെ ക്രൈസ്തവരുടെ പിള്ള തൊട്ടിലായ പാലയൂരിലെ വിശ്വാസ പൈതൃകം സംരക്ഷിച്ചു വരുന്നതിൽ പിതാവ് സന്തുഷ്ടി രേഖപെടുത്തി. സെമിനാരി കാലത്തെ തന്റെ വിദ്യാർത്ഥിയും തൃശൂർ അതിരൂപതയിലെ ആദ്യ ആർച്ച് പ്രീസ്റ്റുമായ ഫാ. വർഗീസ് കരിപ്പേരിയെ പിതാവ് പ്രത്യേകം അനുമോദിച്ചു. പാലയൂരിലേക്ക് മുൻപ് നടത്തിയ സന്ദർശനങ്ങൾ പിതാവ് ഓർത്തെടുത്തു. കോവിഡ് പ്രതിസന്ധികൾ മാറിയാൽ അവിടം സന്ദർശിക്കാമെന്ന് പ്രതിനിധിസംഘത്തിന് ഉറപ്പു നൽകി. പാലയൂർ തീർത്ഥ കേന്ദ്രത്തിന്റെ ഉപഹാരം പിതാവിന് സമ്മാനിച്ചു.
2. **മാർ തോമാ ചൊവ്വാഴ്ച യാചരണം**
   തീർത്ഥകേന്ദ്രത്തിൽ നിന്ന് ഫാ. സിന്റോ പൊന്തേക്കൻ നയിക്കുന്ന ചൊവ്വാഴ്ചയാചരണം ചൊവ്വാഴ്ചകളിൽ രാവിലെ 10.30 മുതൽ 12 വരെ പാലയൂർ മഹാ ശ്ലീഹാ യൂടൂബ് ചാനലിൽ തത്സമയ സംപ്രേക്ഷണം ചെയ്തു വരുന്നു.



**സി.കെ. ജോസ്**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
റെക്ടർ




# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. വിൻസെന്റ് ചെറുവത്തൂർ | 01 |
| ഫാ. ജെൻസ് തട്ടിൽ | 02 |
| ഫാ. ജിക്സൻ താഴത്ത് | 03 |
| മോൺ. ജോർജ്ജ് അക്കര | 03 |
| ഫാ. ഷിന്റോ മാറോക്കി | 03 |
| ഫാ. ജോഷി ആളൂർ | 04 |
| ഫാ. ആന്റോ ചിറയത്ത് | 05 |
| ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ | 06 |
| ഫാ. ആന്റണി ഐനിക്കൽ | 08 |
| ഫാ. ഷിജോ ചിരിയങ്കണ്ടത്ത് | 08 |
| ഫാ. ജോണി ആന്റണി പാറേക്കാട്ട് | 10 |
| ഫാ. ഫ്രാൻസിസ് ആലപ്പാട്ട് | 10 |
| ഫാ. ജോൺസൻ അരിമ്പൂർ | 10 |
| ഫാ. ചാക്കോ പാറയിൽ | 11 |
| ഫാ. ലൂവീസ് എടക്കളത്തൂർ | 12 |
| ഫാ. സഞ്ജയ് തൈക്കാട്ടിൽ | 12 |
| ഫാ. റാഫേൽ പുല്ലോക്കാരൻ | 12 |
| ഫാ. ജോയ് കിടങ്ങൻ | 13 |
| ഫാ. ജോൺസൻ ഐനിക്കൽ | 13 |
| ഫാ. ജോസ് ചാലക്കൽ | 17 |
| ഫാ. ഡഗ്ലസ് ചെറുവത്തൂർ | 17 |
| ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ | 18 |
| ഫാ. ജിയോ ചിരിയങ്കണ്ടത്ത് | 18 |
| മോൺ. ജോർജ്ജ് മാനാടൻ | 18 |
| ഫാ. ജോസ് അറങ്ങാശ്ശേരി | 19 |
| ഫാ. സിജോ പുത്തൂർ | 19 |
| ഫാ. ജിജോ പിടിയത്ത് | 20 |
| ഫാ. ജെയ്സൻ പുലിക്കോട്ടിൽ | 22 |
| ഫാ. ഡിറ്റോ കൂള | 23 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 24 |
| ഫാ. ജോൺ പാവറട്ടിക്കാരൻ | 24 |
| ഫാ. ജിബി വാഴപ്പിള്ളി | 24 |
| ഫാ. ലാസർ താണിക്കൽ | 24 |
| ഫാ. സിംസൺ ചിറമ്മൽ | 25 |
| ഫാ. ട്രെജിൻ തട്ടിൽ | 25 |
| ഫാ. ജോജു പൊറുത്തൂർ | 26 |
| ഫാ. സജിൽ കണ്ണനായ്ക്കൽ | 27 |
| ഫാ. സുനിൽ ചിരിയങ്കണ്ടത്ത് | 27 |
| ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 28 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി സീനിയർ | 04 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 04 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 04 |
| ഫാ. ലിജോ ചിരിയങ്കണ്ടത്ത് | 04 |
| ഫാ. ജിബിൻ താഴേക്കാടൻ | 04 |
| ഫാ. ഫ്രാൻസിസ് ആളൂർ | 04 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 04 |
| ഫാ. ഫ്രാൻസിസ് എടക്കളത്തൂർ | 04 |
| ഫാ. അൽജോ കരേക്കാട്ടിൽ | 04 |
| ഫാ. സ്റ്റിഷിൻ കുണ്ടുകുളം | 04 |
| ഫാ. അജീഷ് പെരിഞ്ചേരി | 09 |
| ഫാ. ജെയ്സൻ തെക്കുംപുറം | 09 |
| ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 22 |
| ഫാ. ജോൺ പോൾ തൈക്കാടൻ | 22 |
| ഫാ. അജിത്ത് കൊള്ളന്നൂർ | 28 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ജേക്കബ് കടവി | 27–10–1828 |
| ഫാ. ഗീവർഗ്ഗീസ് അറക്കൽ | 13–10–1895 |
| ഫാ. പിയൂസ് അക്കര | 31–10–1948 |
| ഫാ. തോമസ് മാളിയേക്കൽ | 18–10–1950 |
| ഫാ. ജോൺ ഊക്കൻ | 13–10–1956 |
| ഫാ. തോമസ് ഇരിമ്പൻ | 28–10–1957 |
| ഫാ. മാത്യു ചെറുനിലം | 13–10–1965 |
| ഫാ. ജോർജ്ജ് വാലിക്കോടത്ത് | 17–10–1968 |
| ഫാ. ജോസഫ് ആട്ടോക്കാരൻ | 29–10–1970 |
| ഫാ. ജോൺ പൊറത്തൂർ | 17–10–1972 |
| ഫാ. തോമസ് കാളാശ്ശേരി | 05–10–1977 |
| ഫാ. പീറ്റർ മണ്ടുംപാല | 09–10–1987 |
| ഫാ. ജോൺ ചെറുവത്തൂർ | 11–10–1990 |
| ഫാ. ഡേവിസ് കാഞ്ഞിരത്തിങ്കൽ | 04–10–1991 |
| ഫാ. പോൾ പെല്ലിശ്ശേരി | 02–10–1997 |
| ഫാ. ജേക്കബ് ചൊവ്വല്ലൂർ | 24–10–1999 |
| ഫാ. തോമസ് പാലത്തിങ്കൽ | 26–10–2004 |
| ഫാ. ജോസഫ് തെക്കിനിയത്ത് | 19–10–2008 |
| മോൺ. ജോസഫ് വിളങ്ങാടൻ | 09–10–2011 |
| ഫാ. സിജോ ചീരൻ | 13–10–2014 |
| ഫാ. ജോസ് ആലപ്പാട്ട് | 25–10–2015 |
| ഫാ. ജോർജ്ജ് കണ്ണാത്ത് | 11–10–2016 |

# സാമ്പത്തിക കാര്യാലയം



**01.04.2020 മുതൽ 31.08.2020 വരെ അതിരൂപതയിൽ നിന്ന് നൽകിയ സമ്പത്തിക സഹായങ്ങൾ**

**1. അതിരൂപത സഹായ ഫണ്ട്**

| | |
|---|---|
| 1. വിദ്യാഭ്യാസം | – 5000 |
| 2. ഭവന നിർമ്മാണം | – 39116 |
| 3. വിവാഹം | – 239000 |
| 4. ചികിൽസ | – 74482 |

**2. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

| | |
|---|---|
| 1. ചികിൽസ | – 35000 |
| 2. സാമ്പത്തിക സഹായം | – 20000 |

**3. കാരുണ്യാ ട്രസ്റ്റ്**

| | |
|---|---|
| 1. സാമ്പത്തിക സഹായം | – 2000 |

**4. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

| | |
|---|---|
| 1. മണലൂർ വെസ്റ്റ് | – 5000 |
| 2. മരത്താക്കര | – 5000 |
| 3. അരണാട്ടുകര | – 5000 |
| 4. ലൂർദ്ദ് കത്തീഡ്രൽ | – 7500 |
| 5. എറവ് | – 7500 |
| 6. എരുമപ്പെട്ടി | – 7500 |
| 7. കുരിയച്ചിറ | – 7500 |
| 8. ചിറ്റാട്ടുകര | – 7500 |
| 9. വരന്തരപ്പിള്ളി | – 7500 |
| 10. ആറ്റുപുറം | – 7500 |

**ഫാ. ഡിറ്റോ കൂള**
അസി. ഫൈനാൻസ് ഓഫീസർ

**ഫാ. വർഗീസ് കുത്തൂർ**
ഫൈനാൻസ് ഓഫീസർ



# ■ സന്യസ്തർ

**സി. ആർ. ഐ. വാർത്തകൾ – ആഗസ്റ്റ് 2020**

1. **സി.എം.സി.**
   ആഗസ്റ്റ് 13 ന് ആലുവ ജനറലേറ്റിൽ വച്ച്, ദിവ്യബലി മധ്യേ വിവിധ പ്രോവിൻസുകളിൽ നിന്നുമായി 45 സിസ്റ്റേഴ്സ് നിത്യവ്രതവാഗ്ദാനം ചെയ്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജ സെന്റ് മേരീസ് കോൺവെന്റിൽ കാനോനിക സന്ദർശനം നടത്തി. 29ന് വി.എവുപ്രാസ്യയുടെ ആഘോഷമായ തിരുനാൾ കുർബ്ബാനക്ക് മാർ ടോണി നീലങ്കാവിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു
2. **എഫ്.സി.സി.**
   ആഗസ്റ്റ് 5–ാം തീയതി കാൽവരി കപ്പൂച്ചിൻ ആശ്രമത്തിലെ ബഹു. വൈദീകരുടെയും ബ്രദേഴ്സിന്റെയും മാസധ്യാനത്തിൽ 'ദിവ്യകാരുണ്യഭക്തയായ വി. ക്ലാര–പൗരോഹിത്യജീവിതത്തിന് മാതൃക' എന്ന വിഷയത്തെ ആസ്പദമാക്കി ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരി ക്ലാസ്സെടുത്തു. ജനറലേറ്റിൽ രണ്ടുമാസത്തെ പ്രാർത്ഥനയ്ക്കായി സി. ഷേളി തട്ടിൽ, സി. പുഷ്പം ചിറ്റിലപ്പിള്ളി എന്നിവർ പോയി. 9–ാം തീയതി തൃശൂർ ആർച്ച് ബിഷപ്പ് ഹൗസിൽ വെച്ച് 'ദീപിക നേർവായന പദ്ധതി'യുടെ തൃശൂർ ജില്ലാതല ഉദ്ഘാടനം ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരിക്ക് ദീപികയുടെ കോപ്പി നൽകി നിർവ്വഹിച്ചു. തൃശൂർ അസ്സീസി, മേരി ഇമ്മാക്കുലേറ്റ് എന്നീ ഭവനങ്ങളിൽ വച്ച് സുവിശേഷവത്കരണ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംരക്ഷണാഭിഷേക പ്രാർത്ഥന നടത്തി. 20–ാം തീയതി പോസ്റ്റുലന്റ്സ് പരിശീലനത്തിന്റെ ഭാഗമായി രണ്ടുമാസത്തെ റീജിയൻസിയ്ക്കായി പ്രോവിൻസിലെ വിവിധ ഭവനങ്ങളിലേക്ക് പോയി. പൊന്നാനി വിജയമാതാ കോൺവെന്റിന്റെ അധീനതയിലുള്ള

തവനൂർ പഞ്ചായത്തിലെ അഞ്ച് ഏക്കർ തരിശുഭൂമി പതിനൊന്ന് മാസത്തേയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ സുഭിക്ഷ കേരളം പദ്ധതിയ്ക്കായി വിട്ടുകൊടുക്കുകയും കൃഷിഭവന്റെയും, തൊഴലുറപ്പ് തൊഴിലാളികളുടെയും സഹകരണത്തോടെ വെണ്ട, വഴുതനങ്ങ, തക്കാളി, കരനെല്ല്, പട്ട്, ചീര, ഇഞ്ചി, മരച്ചീനി, മഞ്ഞൾ, മുളക് തുടങ്ങി പതിനഞ്ചോളം പച്ചക്കറികളുടേയും ചെണ്ടുമല്ലി പൂക്കളുടെയും വിളവെടുപ്പ് ഉദ്ഘാടനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരിയും, കൗൺസിലേഴ്സും പങ്കെടുത്തു. 29,30 തീയതികളിൽ പൊന്നാനി വിജയമാതാ കോൺവെന്റിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ലിറ്റിൽ മേരി കാനോനിക സന്ദർശനം നടത്തി.

3. **സി.എച്ച്.എഫ്.**

നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയേഴ്സ് കോൺഫറൻസ് നടത്തി. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നടത്തിയ മീറ്റിങ്ങിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേഴ്സി പോളും കൗൺസിലേഴ്സും സുപ്പീരിയേഴ്സിനോട് സംസാരിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നിന്ന് സി. സുപ്പീരിയറും സിസ്റ്റേഴ്സും പുല്ലഴി ക്രിസ്റ്റീന ഹോമിൽ ചെന്ന് വൈദീകരേയും സിസ്റ്റേഴ്സിനേയും അന്തേവാസികളേയും കാണുകയും ഓണാശംസകൾ നേരുകയും സൗഹൃദസംഭാഷണം നടത്തുകയും ചെയ്തു.

മറിയം ത്രേസ്യൻ ആദ്ധ്യാത്മികതയുടെ അടിസ്ഥാനത്തിൽ ജനറൽ തലത്തിൽ നടത്തിയ എഴുത്തു പരീക്ഷയിൽ നവജ്യോതി പ്രൊവിൻസിലെ സിസ്റ്റേഴ്സ് പങ്കെടുത്ത് ഉന്നത വിജയം നേടി. KCBC യുടെ നേതൃത്വത്തിൽ സെപ്റ്റംബർ 8 നോടനുബന്ധിച്ചുള്ള എട്ടുനോമ്പാചരണം ശക്തമാക്കണമെന്നും Covid 19നും തീവ്രവാദ പ്രവർത്തനങ്ങൾക്കുമെതിരെ ക്രൈസ്തവർ ഒന്നുചേരണം എന്നുള്ള അഭിവന്ദ്യ ആലഞ്ചേരി പിതാവിന്റെ ആഹ്വാനത്തോട് ഐക്യദാർഢ്യം പ്രകാശിപ്പിച്ചു കൊണ്ട് CHF സമൂഹം മുഴുവൻ രാത്രി 9 മണി മുതൽ 10.30 വരെയുള്ള വചനപ്രഘോഷണത്തിൽ താത്പര്യപൂർവ്വം പങ്കുകൊള്ളുകയും സെപ്റ്റംബർ 4–ാം തിയ്യതി ഉപവാസ പ്രാർത്ഥനാ ദിനമായി ആചരിക്കുകയും ചെയ്തു.

4. **സി.എസ്.എം.**

9/8/2020 – ഫാ. റിനു കണ്ണംപുഴ SDV ഗൂഗിൾ മീറ്റിലൂടെ നയിച്ച ക്ലാസ്സിൽ പ്രോവിൻസിന്റെ കീഴിലുള്ള എല്ലാ ഭവനങ്ങളിലുമുള്ള സുപ്പീരിയേഴ്സും സംബന്ധിച്ചു. 12/8/2020 ന് പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജിയൊ മരിയയുടെ നേതൃത്വത്തിൽ ഫോർമേഷൻ

ടീമിനും ജൂനിയർ സിസ്റ്റേഴ്സിനും ഗൂഗിൾ മീററ് വഴി നടത്തിയ മീററിംഗിൽ ബന്ധപ്പെട്ട എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു.15/08/2020 ഫാ. നിധിൻ SDV നയിച്ച 3 ദിവസത്തെ ധ്യാനത്തിന് ശേഷം പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജിയൊ മരിയയുടെ സാന്നിദ്ധ്യത്തിൽ കേരളത്തിലും മിഷനിലുമായി 6 കാൻഡിഡേററ്സ് ആസ്പിരൻസിയിലേക്കും കുളങ്ങാട്ടുകര മരിയഭവനിൽ 2 അർത്ഥിനികൾ നോവീഷ്യേററിലേക്കും പ്രവേശിച്ചു. സി. ഡിവീന റോസ്, സി. ദയ തോമസ് എന്നിവർ മിസ്ട്രസ്സുമാരായി ചാർജെടുക്കുകയും ചെയ്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജിയോ മരിയയുടെ നാമഹേതുക തിരുന്നാളിൽ പ്രൊവിൻഷ്യൽ ഹൗസ് കപ്ലോൻ ജോസ് വട്ടകുഴി അച്ചൻ ദിവ്യബലി അർപ്പിക്കുകയും ലളിതമായി ആഘോഷിക്കുകയും ചെയ്തു. പ്രോവിൻസിലെ 11 ജൂനിയർ സിസ്റ്റേഴ്സ് വ്രതവാഗ്ദാനം ചെയ്തു. യാക്കര, പഴയന്നൂർ, അഞ്ചേരി എന്നിവിടങ്ങളിലെ കോൺവെന്റുകളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജിയോ മരിയ കാനോനിക വിസിറ്റ് നടത്തി.18 ന് സ്ഥലമാറ്റത്തോടനുബന്ധിച്ച് സിസ്റ്റേഴ്സ് അവരവരുടെ പുതിയ സ്ഥലങ്ങളിലേക്ക് എത്തിചേർന്നു.

5. **സി.എസ്.സി.**

2020 ആഗസ്റ്റ് 9 ന് കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 3 നവസന്യസർത്ഥിനികൾ തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ആദ്യവ്രതവാഗ്ദാനവും സഭാവസ്ത്ര സ്വീകരണവും നടത്തി.

6. **എസ്.എ.ബി.എസ്.**

ജൂനിയർ സീനിയർ സിസ്റ്റേഴ്സിനായി ജൂൺ 1 ന് നടത്തിയ Online Meeting ൽ വിവിധ ഭവന സമൂഹങ്ങളിലായിരുന്നുകൊണ്ട് സിസ്റ്റേഴ്സ് സംബന്ധിച്ചു. ജൂനിയർ സിസ്റ്റേഴ്സിന്റെ പ്രത്യേക മധ്യസ്ഥനായ വി.പീറ്റർ ജൂലിയൻ എയ്മാർഡിന്റെ തിരുന്നാൾ 3 –ാം തിയ്യതി എല്ലാ ഭവനങ്ങളിലും ആഘോഷിച്ചു. തിരുമണിക്കൂർ, സ്നേഹവിരുന്ന്, കലാപരിപാടികൾ എന്നിവയ്ക്ക് സീനിയർ സിസ്റ്റേഴ്സ് നേതൃത്വം നൽകി. ഷെക്കെയ്ന ടെലിവിഷൻ ചാനലിൽ എല്ലാ തിങ്കളാഴ്ചകളിലും 9 നുള്ള സഭാവാർത്തകൾ വായിക്കുന്ന News Reader, Sr. Deepthi John Pulickan ന് അഭിനന്ദനങ്ങൾ!. പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ സോഫി പെരേപ്പാടൻ ഇയ്യാൽ, തയ്യൂർ ഭവനസമൂഹങ്ങളിൽ ഔദ്യോഗിക സന്ദർശനം നടത്തി. 13ന് പോസ്റ്റുലൻസിന്റെ പ്രത്യേക മധ്യസ്ഥനായ വി. ജോൺ ബെർക്കു

മെൻസി ന്റെ  തിരുനാൾ, Postulants Day വിവിധ പരിപാടികളോടെ പടവരാട് S.H. ഭവനത്തിൽ ആഘോഷിച്ചു. ബഹു. പ്രൊവിൻഷ്യാളമ്മ പരിപാടികളിൽ പങ്കെടുത്ത് പോസ്റ്റുലൻസിന് ആശംസകൾ അർപ്പിച്ചു.

## ആദരാഞ്ജലികൾ



**12.08.2020 – എഫ്.സി.സി.** മുണ്ടൂർ സെന്റ് ഫ്രാൻസിസ് അസ്സീസി ഭവനാംഗമായ സി. ബർണ്ണബാസ് നിര്യാതയായി. തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം കപ്പേളയോട്  ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



**24.08. 2020 – എഫ്.സി.സി.** മറ്റം അസംപ്ഷൻ ഭവനാംഗമായ സി. ദമാസിയ നിര്യാതയായി. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മൃതസംസ്കാര കർമ്മങ്ങൾ നിർവഹിക്കുകയും മഠം കപ്പേളയോട്  ചേർന്നുള്ള കല്ലറയിൽ  സംസ്കരിച്ചു.



**27.08.2020 – സി.എസ്.എം.** തൃശ്ശൂർ ലൂർദ്ദ് നാഥ പ്രൊവിൻഷ്യൽ ഹൗസ് അംഗമായ സി. ക്ലാര (91) നിര്യാതയായി. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവിന്റെ നേതൃത്വത്തിൽ മൃതസംസ്ക്കാര കർമ്മങ്ങൾ നിർവഹിക്കുകയും കൊളങ്ങാട്ടുകര മരിയ ഭവൻ മഠം  കല്ലറയിൽ സംസ്കരിച്ചു.

**സി. റോസ് അനിത എഫ്.സി.സി.**
പ്രസിഡണ്ട്

**സി. നമിത റോസ് സി.എം.സി.**
സെക്രട്ടറി

# വിശ്വാസ പരിശീലനം

THRISSUR CATECHETICAL CENTRE

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ വാത്സല്യം നിറഞ്ഞ കുഞ്ഞുമക്കളേ,

നിങ്ങൾക്കെല്ലാവർക്കും സുഖമല്ലേ? ഓൺലൈൻ ക്ലാസ്സുകളും പഠനവും നന്നായി പോകുന്നുവെന്ന് കരുതുന്നു. നമ്മുടെ നാട്ടിൽ കോവിഡ് രൂക്ഷമായികൊണ്ടിരിക്കുകയാണ്. നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. ഒപ്പം ധൈര്യത്തോടെയും ജാഗ്രതയോടെയും ആയിരിക്കണം.

ക്രിക്കറ്റ് കളിയിലായാലും ഫുട്ബോളിലായാലും ഹാട്രിക്ക് നേടാൻ നമുക്ക് ഇഷ്ടമാണ്. അതുപോലെ ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി പരി. അമ്മയോടുള്ള ഭക്തിയിൽ ഹാട്രിക്ക് നേടാനുള്ള അവസരമാണ് കൈവരുന്നത്. ആഗസ്റ്റ് 15 –ാം തിയ്യതി പരി.അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളും സെപ്റ്റംബർ 8–ാം തിയ്യതി ജനന തിരുനാളും ആചരിച്ചു. ഈ ഒക്ടോബർ മാസം പരി. അമ്മയുടെ ജപമാല മാസമായി നമ്മൾ ആചരിക്കുന്നു. കുടുംബപ്രാർത്ഥനയിലെ ജപമാല മുടക്കം കൂടാതെ ചൊല്ലുന്നതോടൊപ്പം ഒരോ ദിവസവും കൂടതൽ ജപമാല ചൊല്ലാൻ നമ്മൾ സമയം കണ്ടെത്തണം. പ്രാർത്ഥനയോടൊപ്പം ചില പ്രവർത്തനങ്ങൾക്കൂടി ഞാൻ നിങ്ങൾക്കു നൽകുകയാണ്. പരി. അമ്മയോടുള്ള സ്നേഹത്തെ പ്രതി നിങ്ങൾ ഇത് ചെയ്യണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

നിങ്ങൾക്ക് ചെയ്യാനുള്ള ഒന്നാമത്തെ കാര്യം: ജപമാലയിലെ രഹസ്യങ്ങളുമായി ബന്ധപ്പെട്ട വചനഭാഗങ്ങൾ ൃഞാൻ പറഞ്ഞുതരാം. അത് നിങ്ങൾ വി. ഗ്രന്ഥത്തിൽ നിന്ന് കണ്ടെത്തി വായിക്കണം. നമുക്ക് 4 രഹസ്യങ്ങളിലായി 20 ജപമാല പ്രാർത്ഥനകളാണ് ഉള്ളത്. അത് നിങ്ങൾ ഒക്ടോബർ1 മുതൽ 20 വരെ 20 ദിവസങ്ങളിലായി ചെയ്യണം. ഓരോ ദിവസവും ഓരോ രഹസ്യത്തിന്റെ വചനഭാഗം കണ്ടെത്തിവായിക്കുക.

രണ്ടാമത്തെ കാര്യം ജപമാലയുടെ ശക്തിയെക്കുറിച്ചുള്ള 11 ഉദ്ധരണികളാണ്. അത് ഒക്ടോബർ 21 മുതൽ 31 വരെയുള്ള ദിവസങ്ങളിൽ ഓരോ

ദിവസവും ഓരോ ഉദ്ധരണി പഠിച്ച് ഹൃദ്യസ്ഥമാക്കുക. വചനഭാഗങ്ങളും ഉദ്ധരിണികളും താഴെ കൊടുക്കുന്നു.

**വചനഭാഗങ്ങൾ (ഒക്ടോബർ 1 മുതൽ 20 വരെ)**

**സന്തോഷരഹസ്യങ്ങൾ** :

1–ാം രഹസ്യം – ലൂക്കാ 1:26 – 38

2–ാം രഹസ്യം – ലൂക്കാ 1:39–79

3–ാം രഹസ്യം– ലൂക്കാ 2: 4–18

4–ാം രഹസ്യം– ലൂക്കാ 2: 21–40

5–ാം രഹസ്യം – ലൂക്കാ 2: 41–52

**പ്രകാശരഹസ്യങ്ങൾ** :

1–ാം രഹസ്യം – മാത്താ. 3:14 – 17

2–ാം രഹസ്യം – യോഹ. 2:1–13

3–ാം രഹസ്യം– ലൂക്കാ 12: 31–33

4–ാം രഹസ്യം– ലൂക്കാ 9: 30–34

5–ാം രഹസ്യം – യോഹ. 14: 6–27

**ദുഖരഹസ്യങ്ങൾ** :

1–ാം രഹസ്യം – മാർക്കോ. 14:32 – 40

2–ാം രഹസ്യം – ലൂക്കാ 23:6–21

3–ാം രഹസ്യം– യോഹ. 19: 4–15

4–ാം രഹസ്യം– ലൂക്കാ 23: 26–33

5–ാം രഹസ്യം – ലൂക്കാ 23: 34–43

**മഹത്വരഹസ്യങ്ങൾ** :

1–ാം രഹസ്യം – മാത്താ. 28:2 – 7

2–ാം രഹസ്യം – അപ്പ. പ്രവ 1:3–10

3–ാം രഹസ്യം– അപ്പ. 2: 1–40

4–ാം രഹസ്യം– അപ്പ. 4: 19–33

5–ാം രഹസ്യം – വെളി. 12: 1–17

**ഉദ്ധരണികൾ (ഒക്ടോബർ 21 മുതൽ 31 വരെ)**

1. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രാർത്ഥന ജപമാലയാണ് – വി. ജോൺ പോൾ രണ്ടാമൻ
2. ജപമാല ഏറ്റവും നല്ല ആയുധമാണ് – വി. പത്താം പിയൂസ്
3. ജപമാലയും ഉത്തരീയവും വഴി പരി. അമ്മ ലോകത്തെ രക്ഷിക്കും – വി. ഡൊമനിക്ക് സാവിയോ
4. കൊന്ത ചെല്ലുന്ന ഒരു സൈന്യത്തെ തരൂ. ഞാൻ ഈ ലോകത്തെ രക്ഷിക്കാം – പയസ് ഒൻപതാമൻ
5. ഞാൻ എന്റെ ഏതെല്ലാം പതിവുകൾ ഉപേക്ഷിച്ചാലും ജപമാല ഉപേ

ക്ഷിക്കുകയില്ല. കാരണം എന്റെ എല്ലാ പ്രവർത്തികളും അതിലാണ് അതിഷ്ഠിതമായിരിക്കുന്നത് – വി. ഡോൺ ബോസ്‌ക്കോ

6. ആർക്കും നിരന്തരം ജപമാല പ്രാർത്ഥിക്കാനും പാപത്തിൽ കഴിയാനും സാധിക്കില്ല. ഒന്നുകിൽ അവർ പാപം ഉപേക്ഷിക്കും അല്ലെങ്കിൽ ജപമാല ഉപേക്ഷിക്കും. – ബിഷപ്പ് പാട്രിക്ക് ബയോളെ
7. നമ്മുടെ കാലഘട്ടത്തെ ബാധിക്കുന്ന തിന്മകളെ സുഖപ്പെടുത്താൻ കഴിയുന്ന ജപമാലയിൽ ഞങ്ങൾക്ക് വിശ്വാസമുണ്ട് – പയസ് പന്ത്രണ്ടാമൻ പാപ്പ
8. യഥാർത്ഥ ക്രിസ്തീയ പരിപൂർണ്ണത പഠിക്കാനുള്ള വിദ്യാലയമാണ് ജപമാല – ജോൺ ഇരുപത്തിമൂന്നാമൻ
9. ഏറ്റവും വലിയ പ്രാർത്ഥനരീതി ജപമാല പ്രാർത്ഥിക്കുക എന്നതാണ് – വി. ഫ്രാൻസിസ് ഡി സാലസ്
10. ജപമാല ചൊല്ലുമ്പോൾ നാം മാതാവിന്റെ കൈയ്യിൽ പിടിക്കുന്നു. ചൊല്ലി കഴിയുമ്പോൾ മാതാവ് നമ്മുടെ കയ്യിൽ പിടിക്കുന്നു – ഫ്രാൻസിസ് മാർപാപ്പ
11. എല്ലാ സമയങ്ങളിലും ജപമാല ചൊല്ലുന്ന കുടുംബങ്ങൾ എത്ര മനോഹരമായ കുടുംബമാണ് – വി. ജോൺ പോൾ രണ്ടാമൻ

പരി. അമ്മ നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസ പരിശീലന കേന്ദ്ര വാർത്തകൾ

പള്ളിയിൽ പോയി വിശ്വാസപരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളതെങ്കിലും വീട്ടിലിരുന്നുകൊണ്ട് തന്നെ വിശ്വാസപരിശീലന ക്ലാസ്സുകളിൽ മുടങ്ങാതെ പങ്കെടുക്കാൻ പറ്റുന്ന സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഈ സൗകര്യങ്ങൾ ഉപയോഗിച്ചുതന്നെ അർദ്ധവാർഷിക പരീക്ഷകളെ നമുക്കു നേരിടാം. കൊറോണയെ വീട്ടിലിരുന്നുകൊണ്ട് നമുക്ക് തോൽപ്പിക്കാം. പരി. മാതാവിനോടുള്ള ബന്ധം ദൈവാനുഭവത്തിനും വിശ്വാസ വളർച്ചയ്ക്കും വളരെയേറെ ആവശ്യമാണ്. ഈ ജപമാലമാസത്തിൽ മരിയഭക്തിയിൽ വളരാനും ഈ ലോകത്തെ മുഴുവൻ പിടിമുറുക്കിയിരിക്കുന്ന കൊറോണാവൈറസിനെ തുരത്താനും പ്രത്യേകം ജപമാലകൾ ചൊല്ലി നമുക്ക് മരിയൻ പടയാളികളാകാം.

1. **അർദ്ധവാർഷികപരീക്ഷകൾ:** 1 മുതൽ 9 വരെയുള്ള ക്ലാസ്സുകൾക്ക് യൂണിറ്റുകളുടെ നേതൃത്വത്തിൽ പരീക്ഷകൾ നടത്തേണ്ടതാണ്. പ്രസ്തുത പരീക്ഷക്ക് ഓരോ സ്ഥലത്തേയും സാഹചര്യം പരിഗണിച്ച് ഓൺലൈൻ വാചിക പരീക്ഷ/ എഴുത്തുപരീക്ഷ, നേരിട്ടുള്ള വാചിക പരീക്ഷ/എഴുത്തുപരീക്ഷ തുടങ്ങിയ രീതികൾ അവലംബിക്കാവുന്നതാണ്. 10, 11, 12 എസിസി ക്ലാസ്സുകൾക്ക് കേന്ദ്രീകൃത പരീക്ഷാപേപ്പറുകളോടുകൂടിയുള്ള എഴുത്തുപരീക്ഷ വിശ്വാസപരിശീലനകേന്ദ്രം നിശ്ചയിക്കുന്ന ദിവസങ്ങളിലും സമയത്തും യൂണിറ്റുകൾ നടത്തേണ്ടതാണ്.
2. **ACC അർദ്ധവാർഷിക പരീക്ഷ:** സിലബസ് II, Term I (Youcat Qn. 166-278) ൽ നിന്ന് 80 ശതമാനവും ഓൺലൈൻ ക്ലാസ്സുകളിൽ നിന്ന് 20 ശതമാനവും ചോദ്യങ്ങൾ ഉണ്ടായിരിക്കും. ഉപപാഠപുസ്തകത്തിൽ നിന്നും ചോദ്യം ഉണ്ടായിരിക്കുന്നതല്ല.
3. **സ്കോളർഷിപ്പ് പരീക്ഷ:** കേന്ദ്രീകൃത എഴുത്തുപരീക്ഷകൾ നടത്തുവാൻ സാധിക്കാത്ത സാഹചര്യത്തിൽ 2020–21 സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കുന്നതല്ല.
4. **തിരുത്ത്:** 12–ാംക്ലാസ്സിലെ സെക്കന്റ് ടേമിലെ ഉപപാഠ പുസ്തകത്തിൽ സുവിശേഷങ്ങൾ ഒരു പ്രാരംഭപഠനം വി.ലൂക്ക, വി.യോഹന്നാൻ & അർണ്ണോസ് പാതിരി എന്നീ പാഠങ്ങൾ സിലബസ്സിൽ ഉൾപ്പെടുന്നു. വാർഷികപ്രോഗ്രാമിൽ അർണോസ് പാതിരി എന്ന് മാത്രമാണ് എഴുതിയിരിക്കുന്നത്.
5. **മാർക്ക് എൻട്രിയും ഹാജരും:** അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകളും **നവംബർ 8** ഉൾപ്പെടെയുള്ള ഹാജരുകളും സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്യേണ്ട അവസാന തിയ്യതി **നവംബർ 11** ആണ്. നവംബർ 11നു ശേഷം നവംബർ 8 വരെയുള്ള ഹാജർ ചെയ്യാൻ സാധിക്കുന്നതല്ല. എല്ലാ യൂണിറ്റുകളും ഇത് പ്രത്യേകം ശ്രദ്ധിക്കുകയും ഹാജരും മാർക്ക് എൻട്രിയും ചെയ്യേണ്ടതുമാണ്. ചെയ്യാത്തവർക്ക് വേറെ ഒരു അവസരം ഉണ്ടായിരിക്കുന്നതല്ല.
6. **Std. XII ലെ വിദ്യാർത്ഥികളുടെ ബയോഡാറ്റയും ഫോട്ടോയും**

   1. ഈ വർഷം Std. XII ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ബയോഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കുക. (അല്ലാത്തപക്ഷം തെറ്റായ വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വന്നുചേരും)

   2. അവരുടെ ഫോട്ടോ സോഫ്റ്റ് വെയറിലേക്ക് അപ്ലോഡ് ചെയ്യുക. (വിദ്യാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ (150 x 200 pix)ആണ് അപ്ലോഡ് ചെയ്യേണ്ടത്.)

   3. കഴിഞ്ഞ വർഷം Std. XII വാർഷിക പരീക്ഷയിൽ തോറ്റവർക്കും,

വിജയിച്ചെങ്കിലും 40 ൽ താഴെ മാത്രം മാർക്ക് ലഭിച്ചവർക്കും Improvement പരീക്ഷ എഴുതുവാനുള്ള അവസരമുണ്ട്. അവരെ സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന ദിവസം ഡിസംബർ 15. ആദ്യവർഷം ചുരുങ്ങിയത് 20 ഹാജർ ഉള്ളവർക്ക് ഈ വർഷത്തെ ക്ലാസ്സുകളിൽ ഹാജരാകാതെ Improvement വാർഷിക പരീക്ഷ എഴുതാവുന്നതാണ്. ഹാജർ കുറവായിരുന്നെങ്കിൽ, പരീക്ഷയെഴുതുന്ന അധ്യയനവർഷത്തിൽ 20 ക്ലാസ്സുകളിലെങ്കിലും പങ്കെടുത്തിരിക്കണം. എങ്കിൽ മാത്രമേ Improvement Exam ചെയ്യുന്നതിന് അനുവാദമുള്ളൂ.

7 **സർവ്വീസ് അവാർഡ്**

സർവീസ് അവാർഡിന് അർഹരായവരെ തിരഞ്ഞെടുക്കുന്നത് സോഫ്റ്റ് വെയറിൽ ചേർത്തിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിനായി മറ്റു ഫോമുകളോ ലിസ്റ്റുകളോ നൽകേണ്ടതില്ല. കഴിഞ്ഞ വർഷങ്ങളിലെ ഫോമുകൾ പൂരിപ്പിച്ച് അയക്കുകയും വേണ്ട. സോഫ്റ്റ് വെയറിൽ അധ്യാപകരുടെ സർവ്വീസ് വിവരങ്ങൾ പൂർണ്ണമായും ചേർക്കാത്ത യൂണിറ്റുകൾ ഉണ്ടെങ്കിൽ ഡിസംബർ 6 നുമുമ്പ് പൂർത്തീകരിക്കേണ്ടതാണ്. സർവീസ് അവാർഡിനുള്ള അർഹത ഉണ്ടായിരുന്നിട്ടും മുൻവർഷങ്ങളിൽ അവ ലഭിക്കാതിരുന്നവർ ഉണ്ടെങ്കിൽ കാരണസഹിതമുള്ള അപേക്ഷ ബഹു. വികാരിയച്ചന്റെ ശിപാർശയോടുകൂടി വിശ്വാസപരിശീലനകേന്ദ്രത്തിൽ ഡിസംബർ 6 നു മുമ്പ് ഏൽപിക്കേണ്ടതാണ്.

8. **ആപ്റ്റിറ്റ്യൂഡ് പരീക്ഷ 2020:** അധ്യാപകർക്കുള്ള ആപ്റ്റിറ്റ്യൂഡ് പരീക്ഷ യൂണിറ്റ് തലം – 2020 ഒക്ടോബർ 25 ഞായർ – **03.00 PM - 04.30 PM**

അതിരൂപതാതല പരീക്ഷാതിയതി പിന്നീട് അറിയിക്കുന്നതാണ്.

9. **അധ്യാപക കൺവൻഷൻ** : നവംബർ 8 ന് നടത്തുവാൻ ഉദ്ദേശിച്ചിരുന്ന അധ്യാപക കൺവൻഷൻ മാറ്റിവച്ചു. സാഹചര്യം അനുകൂലമായാൽ പിന്നീട് സംഘടിപ്പിക്കുന്നതാണ്.

10. **ഷോർട്ട് ഫിലിം കോൺടസ്റ്റ്:**

1. ACC വിദ്യാർത്ഥികൾക്കായി ഒരു ഷോർട്ട്ഫിലിം മത്സരം സംഘടിപ്പിക്കുന്നു.
2. ഈ വർഷത്തെ പ്രബോധന–പ്രവർത്തന വിഷയമായ **"വിശ്വാസ വളർച്ചയ്ക്കു പ്രാർത്ഥനാജീവിതം"** എന്നതാണ് വിഷയം.
3. ഒരു യൂണിറ്റിൽ നിന്നും ഒരു എൻട്രി മാത്രമെ സ്വീകരിക്കുകയുള്ളൂ.
4. ACC വിദ്യാർത്ഥികളുടേതാണ് മത്സരമെങ്കിലും ഒഴിവാക്കാൻ പറ്റാത്ത

സാഹചര്യത്തിൽ (ഉദാ:കുഞ്ഞുകുട്ടി കഥാപാത്രമുണ്ടെങ്കിൽ) മറ്റ് ക്ലാസ്സുകളിലെ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്ക് പങ്കെടുക്കാവുന്നതാണ്. വിശദീകരണം ആവശ്യപ്പെട്ടാൽ നൽകേണ്ടതാണ്. ആകെ12 പേരിൽ കവിയരുത്.

5. വീഡിയോ ദൈർഘ്യം ഒരുമിനിറ്റിൽ കുറയാത്തതും 10 മിനിറ്റിൽ കൂടുവാൻ പാടില്ലാത്തതുമാകുന്നു.
6. മൊബൈൽ ക്യാമറ ഉപയോഗിച്ചാണ് ചിത്രീകരിക്കേണ്ടത്.
7. 1080 P – വീഡിയോസ് ആണ് സബ്മിറ്റ് ചെയ്യേണ്ടത്.
8. ഗൂഗിൾ ഡ്രൈവ് ലിങ്ക് വഴി tsrcatechismcompetition@gmail.com ലേക്ക് എൻട്രികൾ
   നവംബർ 15–നകം അയയ്ക്കണം.
9. മൊബൈൽ ക്യാമറയിൽ ആണ് ഷൂട്ട് ചെയ്തത് എന്നത് തെളിയിക്കുന്നതിനായി Unedited row footage ആവശ്യപ്പെട്ടാൽ ഹാജരാക്കണം.
10. കോപ്പിറൈറ്റ് ഉള്ള ഫോട്ടോസ്, മ്യൂസിക് എന്നിവ ഉപയോഗിക്കാൻ പാടില്ല.
11. ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകൾ ഉപയോഗിക്കാം.
12. വികാരിയച്ചൻ/പ്രിൻസിപ്പാൾ എന്നിവരുടെ സാക്ഷ്യപത്രം കൂടെ അയയ്ക്കണം
13. അതിരൂപതാവിശ്വാസപരിശീലനകേന്ദ്രത്തിലെ വിധികർത്താക്കളുടെ വിധി അന്തിമമായിരിക്കും.

**11. യൂണിറ്റ് വിസിറ്റ്:** ഉണ്ടായിരിക്കുന്നതല്ല. പകരം ഓഫീസ് ക്രമീകരണങ്ങൾ കൃത്യമായി പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് കേന്ദ്രീകൃത സന്ദർശനം നടത്തുവാൻ ഉദ്ദേശിക്കുന്നു.

**12. മോഡൽ യൂണിറ്റുകൾ :** മോഡൽ യൂണിറ്റുകൾ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങളായി സോഫ്റ്റ് വെയർ അപ്ഡേഷൻ, അതിരൂപതാ ഓഫീസുമായുള്ള ഉത്തരവാദിത്വങ്ങൾ എന്നിവ സമയബന്ധിതമായി നിർവ്വഹിക്കുന്നുണ്ടോ എന്നതുകൂടെ പരിഗണിക്കുന്നതാണ്.

സസ്നേഹം,

**ഫാ. റോയ്സൺ കൊള്ളന്നൂർ**
**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
**ഫാ. ജിക്സൺ മാളോക്കാരൻ**
അസി. ഡയറക്ടർമാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# Institute of THEOLOGY

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies:**

ലോകോത്തരനിലവാരമുള്ള കാത്തലിക് യൂണിവേഴ്സിററി ഓഫ് ലുവെയ്ൻ ബെൽജിയം അംഗീകാരമുള്ള കോഴ്സാണിത്. ഞായറാഴ്ചകളിൽ 2.00 PM മുതൽ 5.00 PM വരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 10.00 AM മുതൽ 5.00 PM വരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് DBCLC-യിലെ Institute of Theology Office-മായി ബന്ധപ്പെടുക.

**2. Diploma in Theology Course:**

കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ ചെയർ ഫോർ ക്രിസ്റ്റ്യൻ സ്ററഡീസിന്റെ അംഗീകാരമുള്ള കോഴ്സാണിത്. മാസത്തിലെ രണ്ട്, നാല് ഞായറാഴ്ചകളിൽ 2.00 PM മുതൽ 5.30 PM വരെയായിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ DBCLC-യിലെ Institute of Theology Office മായി ബന്ധപ്പെടുക.

**Diploma in Theology** യുടെ അടുത്ത ക്ലാസ്സുകൾ ഒക്ടോബർ 11, ഒക്ടോബർ 25 എന്നീ ഞായറാഴ്ച്ചകളിൽ 2.00 PM മുതൽ 5.30 PM വരെയായിരിക്കും.

**3. Six Month Theology Course:**

സന്യാസിനികൾക്കായി 6 Months regular Theology Course, (affiliated to Chair for Christian Studies and Research of Calicut University) സെപ്റ്റംബർ 2ന് ആരംഭിച്ചിരിക്കുന്നു.

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ



# മേരിമാത സെമിനാരി

1. **ദൈവശാസ്ത്ര വിഭാഗത്തിന്റെ അഫിലിയേഷൻ റിന്യൂവൽ**
   മേരിമാത മേജർ സെമിനാരി ദൈവശാസ്ത്ര വിഭാഗത്തിന്റെ ലുവെയ്ൻ കാത്തലിക് യൂണിവേഴ്സിറ്റി ഫാക്കൽറ്റി ഓഫ് തിയോളജി ആന്റ് റിലീജിയസ് സ്റ്റഡീസുമായുള്ള അഫിലിയേഷൻ 2025 വരേയ്ക്ക് പുതുക്കിക്കൊണ്ടുള്ള കല്പന കോൺഗ്രിഗേഷൻ ഫോർ കാത്തലിക് എജ്യൂക്കേഷനിൽ നിന്നും ലഭിച്ചു. ഇതിനായുള്ള നടപടിക്രമങ്ങളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കിയ മേരിമാത മേജർ സെമിനാരി ദൈവശാസ്ത്ര വിഭാഗം ഡീൻ റവ. ഡോ. ബിൽജു വാഴപ്പിള്ളിക്ക് ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ.
2. **വിശുദ്ധ എവുപ്രാസ്യമ്മയുടെ തിരുനാൾ**
   ആഗസ്റ്റ് 29-ാം തിയ്യതി വിശുദ്ധ എവുപ്രാസ്യമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ബഹു. പോൾ പുളിക്കനച്ചൻ ദിവ്യബലി അർപ്പിച്ച് സുവിശേഷസന്ദേശം നൽകി.
3. **ആദരാഞ്ജലികൾ**
   മേരിമാത മേജർ സെമിനാരിയിൽ 2003 മുതൽ 2011 വരെ റസിഡന്റ് സ്റ്റാഫായി സ്തുത്യർഹമായി സേവനം ചെയ്ത CMI തൃശൂർ ദേവമാത പ്രവിശ്യാംഗമായ റവ. ഫാ. പോൾ കല്ലുവീട്ടിൽ ആഗസ്റ്റ് 31-ാം തിയ്യതി തിരുസന്നിധിയിലേക്ക് വിളിക്കപ്പെട്ടു. ബഹു.പോൾ കല്ലുവീട്ടിലച്ചന്റെ ആത്മശാന്തിയ്ക്കായി സെമിനാരികുടുംബം പ്രത്യേകമായി പ്രാർത്ഥിച്ചു.

   മേരിമാത മേജർ സെമിനാരിയെ അതിന്റെ ആരംഭം മുതലേ പ്രത്യേകമായി കരുതുകയും പ്രോത്സാഹിപ്പിക്കുകയും സമയോചിതമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുക്കൊണ്ടിരുന്ന അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി സെപ്റ്റംബർ 6-ാം തിയ്യതി നിത്യസൗഭാഗ്യത്തിനായി വിളിക്കപ്പെട്ടു. സെമിനാരികുടുംബം അഭി

വന്ദ്യ പിതാവിനെ സ്നേഹപൂർവ്വം സ്മരിക്കുകയും അദ്ദേഹത്തിന്റെ ആത്മാനുകൂലാർത്ഥം പ്രത്യേകമായി പ്രാർത്ഥിക്കുകയും ചെയ്തു.

**4. മാസധ്യാനം**

സെപ്റ്റംബർ 4, 5 തിയ്യതികളിലായിരുന്നു കഴിഞ്ഞ തവണയിലെ മാസധ്യാനം. റവ. ഫാ. ജസ്റ്റിൻ എലുവത്തിങ്കൽ നൽകിയ ധ്യാനചിന്തകൾ ഇന്റർനെറ്റിലൂടെ വൈദികവിദ്യാർത്ഥികൾക്കായി പ്രക്ഷേപണം ചെയ്തു.

**5. പരീക്ഷകൾ**

ഈ അദ്ധ്യയനവർഷം ദൈവശാസ്ത്ര പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികളുടെ comprehensive written & oral പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 11, 18 തിയ്യതികളിലായി നടന്നു. സെമസ്റ്റർ പരീക്ഷകൾ സെപ്റ്റംബർ 10 മുതൽ 30 വരെയുള്ള ദിവസങ്ങളിലായിരുന്നു.

**6. ബേഴ്സ് സ്ഥാപിച്ചവർ**

**Wellwisher Membership**

1. ശ്രീ. ജോമോൻ എ. ജെ., അമ്മനംതട്ട് ഹൗസ്, നെല്ലങ്കര, തൃശൂർ.
2. ശ്രീ. കെ. പി. ജോൺസൺ, കാഞ്ഞിരത്തിങ്കൽ ഹൗസ്, മണ്ണുത്തി, തൃശൂർ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റൂട്ട്

**1. സ്മൈൽ ട്രെയിൻ പോസ്റ്റർ മത്സരവിജയികൾ**

സ്മൈൽ ട്രെയിൻ ഇന്ത്യയുടെ ഇരുപതാം വാർഷികാഘോഷങ്ങളുടെ ഭാഗമായി നടത്തിയ പോസ്റ്റർ മത്സരവിജയികൾക്ക് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സമ്മാനങ്ങൾ നൽകി.

ബയോമെഡിക്കൽ ഡിപ്പാർട്ടുമെന്റിലെ ഷിന്റു മാനുവൽ, ഓസ്‌വിൻ വിൽസൺ പർച്ചേസിലെ റോഷ് വി. ആർ എന്നിവരടങ്ങിയ ടീം ഒന്നാം സ്ഥാനത്തിന് അർഹരായി. ഒപ്റ്റോമെട്രി വിഭാഗത്തിലെ ജിസ്ന, അനാമിക എന്നിവർ രണ്ടാം സ്ഥാനവും , ഇ.സി.എച്ച്.എസ്. വിഭാഗത്തിലെ സിജോ കെ. ജെ, ബിജോ ജി. പുത്തൂർ, കിഷോർ പി. കെ എന്നിവർ അടങ്ങിയ ടീം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പർച്ചേസ് വിഭാഗത്തിലെ ജിംസി ചാക്കോച്ചൻ, നിമ്മി ജോർജ്ജ് സി. എന്നിവരും, സെന്റ് മേരീസ് കോളേജിലെ അനുവും പ്രോത്സാഹന സമ്മാനം നേടി.

2. **അജപാലന മനഃശാസ്ത്രം – നൂതന ആഭിമുഖ്യങ്ങൾ**

ജൂബിലി മിഷൻ മെഡിക്കൽ കോളേജ് മനഃശാസ്ത്ര വിഭാഗത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ അജപാലന മനഃശാസ്ത്രം എന്ന ഗ്രന്ഥം അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് പ്രകാശനം ചെയ്തു. വിവിധ മാനസിക രോഗങ്ങൾ, അതിന്റെ മനഃശാസ്ത്ര ചികിത്സാ രീതികൾ, അജപാലന സമീപനങ്ങൾ എന്നിവയെക്കുറിച്ച് ഈ ഗ്രന്ഥം വിശകലനം ചെയ്യുന്നു. മനഃശാസ്ത്രം പഠിപ്പിക്കുന്നവർക്കും പഠിക്കുന്നവർക്കും ആമുഖ നിരീക്ഷണങ്ങൾക്കായി ഉപയോഗിക്കാം എന്നുള്ളത് ഇതിന്റെ പ്രത്യേകതയാണ്. അജപാലന ദൈവശാസ്ത്രത്തിന്റേയും മനഃശാസ്ത്രത്തിന്റെയും നൂതന ആഭിമുഖ്യങ്ങൾ ഉൾച്ചേർത്ത് ഡോ. മോൻസി എഡ്‌വേഡ്, സി. റ്റീന, സി. ആൻ ഗ്രേസ്, ഡോ. ഗിതിൻ എന്നിവരുടെ സഹായസഹകരണത്തോടെ തയ്യാറാക്കിയ ഗ്രന്ഥം ഫാ. ഡിജൊ ഒലക്കേങ്കിലാണ് എഡിറ്റ് ചെയ്തിരിക്കുത്.

3. **ഡയാലിസിസിന് സംഭാവന നൽകിയവർ**

സിജി, പോഴത്തോടത്ത്പറമ്പിൽ ഹൗസ്, വാകയിൽ റോഡ്, ചിയ്യാരം, തൃശ്ശൂർ (14 ഡയാലിസിസ്)

ജോസ് & ഡെയ്സി, പള്ളിക്കുന്നത്ത് ഹൗസ്, പഴുവിൽ, തൃശ്ശൂർ (14 ഡയാലിസിസ്)

ജോ ബാസ്റ്റിൻ സെബി, വളപ്പില ഹൗസ്, തൃശ്ശൂർ (14 ഡയാലിസിസ്)

ബൈജു ജോസഫ്, ചിറമ്മൽ ഹൗസ്, തൃശ്ശൂർ (71 ഡയാലിസിസ്)

4. **അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




## ജ്യോതി എഞ്ചിനിയറിംഗ്

1. **ജ്യോതി എഞ്ചിനീയറിംഗ് കോളേജിന് ദേശീയ അംഗീകാരം :** ദേശീയ മാനവ വിഭവശേഷി മന്ത്രാലയം വിദ്യാഭ്യാസ സ്ഥാപനങ്ങളെ എന്റർപ്രണർഷിപ്പിന്റെ കരുത്തിന്റെ അടിസ്ഥാനത്തിൽ റാങ്കിങ്ങ് നടത്തി പ്രസിദ്ധീകരിച്ച ലിസ്ററിൽ ദേശീയ തലത്തിൽ ആദ്യത്തെ 50 സ്ഥാനങ്ങളിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് സ്ഥാനം പിടിച്ചിരിക്കുന്നു.

   അടൽ റാങ്കിങ്ങ് ഓഫ് ഇൻസ്ററിററ്യൂഷൻസ് ഓൺ ഇന്നോവേഷൻ അച്ചീവ്മെന്റ്സ് – ARIIA – അരീയ ഈ കഴിഞ്ഞ ദിവസമാണ് റാങ്ക് നേടിയ കോളേജുകളുടെ ലിസ്ററ് പ്രസിദ്ധീകരിച്ചത്. ഇന്നോവേഷൻ, എന്റർപ്രണർഷിപ്പ് മേഖലകളിൽ കഴിഞ്ഞ 5 വർഷം കൊണ്ട് ഇന്ത്യ വലിയ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. ഗ്ലോബൽ ഇന്നോവേഷൻ ഇൻഡക്സിൽ 81 ാം സ്ഥാനത്തു നിന്നും 78 ാം സ്ഥാനത്തേക്ക് ആഗോളതലത്തിൽ ഉയർന്നത് വിവിധങ്ങളായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഈ മേഖലയിൽ വലിയ സംഭാവനകളുടെ പിൻബലത്തിലാണ്. ഓരോ സ്ഥാപനങ്ങളും നല്കിയ സംഭാവനകളും, നേതൃത്വം നല്കിയ മുന്നേററങ്ങളും വിലയിരുത്തിയാണ് കേന്ദ്രസർക്കാർ ഈ റാങ്കിങ്ങ് പട്ടിക പുറത്തിറക്കിയിരിക്കുന്നത്. റാങ്കിങ്ങിന് പരിഗണിച്ചിരിക്കുന്ന പ്രധാന ഘടകങ്ങൾ – പാരാമീററുകൾ – ഇന്നോവേഷൻ, സ്ററാർട്ട് അപ്, എന്റർപ്രണർഷിപ്പ്, പ്രീ എൻക്യുബേഷൻ, ഇൻക്യുബേഷന് വേണ്ട സൗകര്യങ്ങൾ അവയ്ക്കുവേണ്ടി വകയിരുത്തിയിരിക്കുന്ന വാർഷിക ബഡ്ജററ്, അനുബന്ധ ക്ലാസ്സുകൾ, ടെക്നോളജി ട്രാൻസ്ഫർ, വിജയകരമായ സ്ററാർട്ടപ്പുകൾ, ഇന്റലക്ച്വൽ പ്രോപ്പർട്ടി (പേററന്റ്) തുടങ്ങിയവയാണ്.

   വിദ്യാഭ്യാസ സ്ഥാപനങ്ങളെ സർക്കാർ സ്ഥാപനങ്ങളെന്നും, പ്രൈവററ് അഥവാ സെൽഫ് ഫൈനാൻസിങ്ങ് സ്ഥാപനങ്ങളെന്നും തരം തിരിച്ചിരിക്കുന്നു. സർക്കാർ സ്ഥാപനങ്ങളിൽ ആദ്യത്തെ ഗണം

ദേശീയ പ്രാധാന്യമുള്ള IIT, NIT തുടങ്ങിയവയാണ്. ഇവയിൽ കേരളത്തിൽ നിന്നും NIT കോഴിക്കോട് 8 ാം സ്ഥാനവും. IIM കോഴിക്കോട് 11 മുതൽ 25 വരെയുള്ള റാങ്ക് ബാൻഡിലെ സ്ഥാനവും കരസ്ഥമാക്കിയിട്ടുണ്ട്. സ്റേററ് സർവ്വകലാശാലകൾ. ഡീമ്ഡ് യൂണിവേഴ്സിററി എന്നിവയടങ്ങുന്ന സർക്കാർ സ്ഥാപനങ്ങളുടെ ലിസ്ററലിൽ 6 മുതൽ 25 വരെയുള്ള റാങ്ക് ബാൻഡിൽ ഇന്ത്യൻ ഇൻസ്ററിററ്യൂട്ട് ഓഫ് സ്പെയ്സ് സയൻസ് ആൻഡ് ടെക്നോളജി, തിരുവനന്തപുരവും, മഹാത്മാഗാന്ധി യൂണിവേഴ്സിററിയും സ്ഥാനം പിടിച്ചിട്ടുണ്ട്. സർക്കാർ / എയ്ഡഡ് കോളേജുകളുടേതാണ് മൂന്നാമത്തെ ഗണം. ഇതിൽ 6 മുതൽ 25 വരെയുള്ള റാങ്ക് ബാൻഡിൽ കേരളത്തിൽ നിന്നുള്ള ശ്രീനാരായണ കോളേജ് ഉൾപ്പെടുന്നു.

പ്രൈവററ് സെൽഫ് ഫൈനാൻസിങ്ങ് യൂണിവേഴ്സിററികളാണ് പ്രൈവററ് വിഭാഗത്തിലെ ആദ്യഗണം. കേരളത്തിൽ അത്തരം സ്ഥാപനങ്ങളില്ല. സെൽഫ് ഫൈനാൻസിങ്ങ് കോളേജുകളാണ് ഇതിലെ അവസാന ഗണം. ഇതിൽ 26 മുതൽ 50 വരെയുള്ള റാങ്ക് ബാൻഡിൽ 3 കോളേജുകൾ സ്ഥാനം പിടിച്ചിട്ടുണ്ട്. ഇതിൽ ഒന്നാണ് ജ്യോതി എഞ്ചിനീയറിംഗ് കോളേജ്.

2. **ടാറ്റയും ജ്യോതി എഞ്ചിനീയറിംഗ് കോളേജും ധാരണപത്രം ഒപ്പുവെച്ചു:** ഇന്ത്യയിലെ ഏററവും പഴക്കമുള്ളതും വിസ്തൃതവും ബഹുജനാദരവ് പിടിച്ചുപററിയതുമായ ടാറ്റാ ബിസിനസ്സ് ഗ്രൂപ്പ് 100 വ്യത്യസ്ത രാജ്യങ്ങളിലായി 100ലധികം സ്വതന്ത്ര സ്വഭാവമുള്ള കമ്പനികളുടെ സമുച്ചയമാണ്. നൂതന സാങ്കേതിക മേഖലകളിൽ പരിശീലനം നല്കുന്ന ഒരു വെർട്ടിക്കലാണ് ടാററാ ടെക്നോളജീസ്. ഇതിന്റെ ആഭിമുഖ്യത്തിൽ ഇന്ത്യയുടെ സാങ്കേതിക മേഖല വളർത്തികൊണ്ടുവരാൻ സാമൂഹികപ്രതിബദ്ധതയുടെ (CSR) ഭാഗമായി രൂപം നല്കി വളർത്തിയെടുക്കുന്ന സംവിധാനമാണ് ഇന്റഗ്രേററഡ് ഇൻഡസ്ട്രിയൽ ഇൻക്യുബേഷൻ സെന്റർ (ഐ.ഐ.ഐ.സി). എഞ്ചിനീയറിംഗ് ബിരുദ ഡിപ്ലോമ വിദ്യാർത്ഥികൾക്കും വ്യവസായങ്ങളിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന വിദഗദ്ധർക്കും നൂതന സാങ്കേതിക വിദ്യകളും നൈപുണ്യങ്ങളും കരസ്ഥമാക്കാൻ ഉതകും വിധം ഇൻഡസ്ട്രി 4.0 (Industry 4.0) ക്കുവേണ്ടി ഇന്ത്യയെ ഒരുക്കുന്നതിനുവേണ്ടിയാണ് ഐഐഐസികൾ സ്ഥാപിക്കാൻ ടാറ്റാ മുന്നോട്ടു വന്നിട്ടുള്ളത്. ടാറ്റാ ടെക്നോളജിയും വിദ്യാഭ്യാസസ്ഥാപനങ്ങളും ചേർന്നു നടത്തുന്ന സംയുക്ത സംരംഭങ്ങളാണിവ. ഇതിനകം ഇന്ത്യയിലെ വിവിധ ഭാഗങ്ങളിലായി ഇത്തരം 5 ഐഐഐസികൾ നിലവിൽ വന്നു.

6–ാമത്തേതും ദക്ഷിണേന്ത്യയിലെ ആദ്യത്തേതുമായ അത്തരം സെന്ററാണ് ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ സ്ഥാപിക്കുന്നത്. ഇതിന്റെ ആദ്യഘട്ടം 25½ കോടി രൂപയുടെ പ്രോജക്ടാണ്. ഇല്ക്ട്രിക്, നെററ് കണക്ഷൻ, ഫർണിച്ചർ തുടങ്ങിയവടക്കം, കെട്ടിടം കൂടാതെ പ്രവർത്തന ബഡ്ജററ് 30 കോടി രൂപയോളം വരും. 25½ കോടി രൂപയുടെ 90% വും ടാററാ ടെക്നോളജിയാണ് വഹിക്കുന്നത്. ശേഷിച്ചത് ജ്യോതിയും മുതൽമുടക്കുന്നു. ടാററായും ജ്യോതിയും ഇതുസംബന്ധിച്ച ധാരണാപത്രം ഒപ്പുവെച്ചു കഴിഞ്ഞു. 2021 ആരംഭത്തോടെ പ്രവർത്തനക്ഷമമാക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്. തുടക്കം കോളേജ് ക്യാമ്പസിലും തുടർന്ന്, ഒരു വർഷത്തിനുശേഷം, തൃശൂർ കോർപ്പറേഷൻ അതിർത്തിയിൽ സൗകര്യപ്രദമായ സ്ഥലത്ത് മാററി സ്ഥാപിക്കാനാണ് ടാററാ–ജ്യോതി ടീം തീരുമാനിച്ചിരിക്കുന്നു. ഒന്നാംഘട്ടം വിജയത്തിലെത്തുന്നതോടെ രണ്ടും മൂന്നും ഘട്ടങ്ങളിൽ വളർച്ച പ്രാപിച്ച് ഈ മേഖലയിൽ ദക്ഷിണേന്ത്യയിലും ഇന്ത്യയൊട്ടുക്കം ഏററവും ശക്തമായ ഇൻഡസ്ട്രി 4.0 ക്രമത്തിലുള്ള ട്രെയിനിങ്ങ് സെന്ററാക്കി മാററിയെടുക്കുക എന്നതാണ് ടാററാ – ജ്യോതി ടീമിന്റെ ലക്ഷ്യം.

വ്യവസായിക പശ്ചാത്തലത്തിൽ ഏററവും നൂതനമായ സാങ്കേതിക വിദ്യകളും തദനുസാരമായ നൈപുണ്യങ്ങളും യന്ത്രവത്കൃതമായ സജ്ജീകരണങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള കരിക്കുലവും സിലബസും അവർക്കു ലഭിക്കുന്നു. പല സർവ്വകലാശാലകളിലും നൂതനമായ വികസനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പാഠ്യ പദ്ധതികൾ പ്രാബല്യത്തിൽ വരുത്തുന്നതിൽ അലംഭാവം കാണിക്കുന്നത് വളരെ ശ്രദ്ധേയമാണ്. നൈപുണ്യ പരിശീലനത്തിൽ ഈ പ്രോജക്ടിന്റെ ഏററവും പ്രധാന ഊന്നൽ ഇന്നോവേഷനും ഇൻക്യുബേഷനുമാണ്. സ്ററാർട്ട് അപ്പ് ഇക്കോ സിസ്ററം വളർത്തിയെടുത്ത് മേയ്ക്ക് ഇൻ ഇന്ത്യ സംരംഭം ശക്തിപ്പെടുത്തി. ഇന്ത്യയെ ആധുനിക വ്യവസായ ഹബ്ബായി വളർത്തിയെടുക്കാനുള്ള ശ്രമമാണ് ഇതിലൂടെ ഏറെറടുക്കുന്നത്. ഇൻഡസ്ട്രി 4.0 ന്റെ എല്ലാ നൂതന സാങ്കേതിക വശങ്ങളെ കൈയ്യിലെടുത്തുകൊണ്ട് പുതിയ എന്റർപ്രണർഷിപ്പുകൾ – സംരംഭങ്ങൾ വളർന്നു വരണം. പുതിയ ഭാരതം കെട്ടിപ്പടുക്കണം.

എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക്, ഇതൊരു സുവർണ്ണാവസരമാണ്. മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ, റോബോട്ടിക്സ്, ഓട്ടോമേഷൻ,

മെക്കട്രോണിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ ബ്രാഞ്ചുകളിലുള്ള വിദ്യാർത്ഥികൾക്ക് ഏററവും നൂതനമായ സാങ്കേതിക വിദ്യ ഇതിലൂടെ ലഭിക്കും. തത്തുല്യമായ ലബോറട്ടറി സൗകര്യങ്ങൾ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളിൽ പോലും ദുർലഭമായിരിക്കും. വിദ്യാർത്ഥികൾക്ക് ഈ അവസരം മുതലെടുക്കാൻ കഴിയട്ടെ.

ഇന്ത്യയെ ശാക്തീകരിക്കുന്ന ഏററവും നൂതനമായ സംരംഭമാണ്. പഴയകാല പരിശീലനങ്ങളിൽ മാത്രം ആശ്രയിച്ചാൽ പോസ്ററ് കോവിഡ് കാലത്ത് മുന്നേററങ്ങൾക്ക് ആക്കവും മൂർച്ചയും തീർത്തും കുറഞ്ഞുപോകും. ടാറ്റാ – ജ്യോതി സംയുക്ത സംരംഭമായ പുതിയ ഐഐഐഎസി വളർന്നു കേരളത്തിലും, ദക്ഷിണേന്ത്യയിലുമുള്ള തൊഴിലന്വേഷകർക്ക് തണലും ഇന്ത്യയുടെ സാമ്പത്തിക വ്യവസായിക കുതിപ്പിൽ ശക്തയുമായിത്തീരുമെന്ന് പ്രതീക്ഷിക്കാം.

3. **ടാറ്റയുടെ പ്രോജക്ട് മേധാവി ജ്യോതി എഞ്ചിനീയറിംഗ് കോളേജ് സന്ദർശിച്ചു:** ഇന്ത്യയിലെ ഏററവും വലിയ ബിസിനസ്സ് ഗ്രൂപ്പായ ടാറ്റയും ജ്യോതി എഞ്ചിനീയറിംഗ് കോളേജുമായി ധാരണപത്രം ഒപ്പുവെച്ചതിനു പിന്നാലെ ടാറ്റാ ടെക്നോളജി പ്രോജക്ട് മേധാവി ആനനദ്കലാൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് സന്ദർശിച്ചു. അടുത്ത വർഷം ദക്ഷിണേന്ത്യയിൽ ആദ്യമായി തുടക്കം കുറിക്കാൻ ഉദ്ദേശിക്കുന്ന ടാറ്റാ ടെക്നോളജി ട്രെയിനിംഗ് സെന്ററിനുവേണ്ടിയുള്ള സ്ഥലം നിർദ്ദേശിക്കുന്നതിനും നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിക്കു ന്നതിനും വേണ്ടിയായിരുന്നു സന്ദർശനം.

ടാറ്റയുടെ നൂതന സാങ്കേതിക മേഖലകളിൽ ജ്യോതിയെ പങ്കാളികളാക്കുക വഴി ഇവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്കും സെന്ററിൽ പരിശീലനം പൂർത്തിയാക്കുന്ന മററുള്ളവർക്കും വലിയ ജോലിസാധ്യതയാണ് തുറക്കുന്നത് എന്ന് ആനന്ദ് കലാൽ പറഞ്ഞു. ടാറ്റായുടെ ദക്ഷിണേന്ത്യയിലെ ഏററവും വലിയ ഹബ്ബായി തൃശൂർ മാറുവാനുള്ള സാധ്യതയും അദ്ദേഹം പങ്കുവെച്ചു. മഹാരാഷ്ട്രയുടെ സാംസ്കാരിക കേന്ദ്രമായ പൂനയെയും കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശൂരും തമ്മിലുള്ള ഒരു ബാണ്ഡവമായി ഇതിനെ കാണുവാൻ ആഗ്രിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി, ക്യാമ്പസ് ഹെഡ് ഫാ. റോയ് ജോസഫ് വടക്കൻ, അക്കാദമിക് ഡയറക്ടർ ഡോ. ഫാ. ജോസ് കണ്ണമ്പുഴ, പാഞ്ഞാൾ പഞ്ചായത്ത് പ്രസിഡന്റ് രാജൻ

വെട്ടത്ത്, മെമ്പർ ഫസലു, വൈസ് പ്രിൻസിപ്പാൾ രത്നൻ, അഡ്മിനിസ്ട്രേററർമായ തോമസ് മാത്യു, ബോബി പീററർ, ജേക്കബ് ഇ.ഡി എന്നിവരും, സ്ററാഫ് കോഡിനേററർ ഡോ. ബിജു തുടങ്ങിയവർ സംസാരിച്ചു.

4. **ജ്യോതിയിൽ പുതിയ ബി.ടെക് കോഴ്സുകൾ:** ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ 2020–21 അദ്ധ്യനവർഷം മുതൽ 2 പുതിയ ബി. ടെക് കോഴ്സുകൾ ആരംഭിക്കുന്നു. പുതുതലമുറ കോഴ്സുകളായ ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് & ഡാറ്റാ സയൻസ്, റോബോട്ടിക്സ് & ഓട്ടോമേഷൻ എന്നീ കോഴ്സുകളാണ് എ.ഐ.സി.ടി.ഇ., കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്നിവയുടെ അംഗീകാത്തോടെ ഈ അദ്ധ്യയന വർഷം മുതൽ ആരംഭിക്കുന്നത്.

5. **ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അഡ്മിഷൻ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു:** ജോതി എഞ്ചിനീറിംഗ് കോളേജിലെ ബി. ടെക്, എം.ടെക്. കോഴ്സുകളിലേയ്ക്കുള്ള മാനേജ്മെന്റ്, എൻ.ആർ. ഐ. അഡ്മിഷൻ രജിസ്ട്രേഷൻ ആരംഭിച്ചു. 8 ബി.ടെക് കോഴ്സുകളും 5 എം.ടെക് കോഴ്സുകളുമാണ് നിലവിൽ ജ്യോതിയിൽ ഉള്ളത്. സിവിൽ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക് എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, മെക്കാട്രോണിക്സ്, ആർട്ടിഫിഷ്യൽ ഇന്റലിജന്റ്സ് & ഡാററ സയൻസ്, റോബോട്ടിക്സ് & ഓട്ടോമേഷൻ എന്നീ ബി.ടെക് കോഴ്സുകളിലേയ്ക്കും, ട്രാൻപോർട്ടേഷൻ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ്, പവർ ഇലക്ട്രോണിക്സ്, കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് & സിഗ്നൽ പ്രോസസിംഗ്, ഇന്റസ്ട്രിയൽ ഓട്ടോമേഷൻ & റോബോട്ടിക്സ് എന്നീ എം.ടെക് കോഴ്സുകളിലേയ്ക്കുമാണ് രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നത്. അഡ്മിഷൻ രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും www.jecc.ac.in വെബ്സൈറ്റ് സന്ദർശിക്കുകയോ 9526924495, 9526934455, 9526964455 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടുക. തൃശൂർ അതിരൂപത **പാസ്റ്ററൽ സെന്ററിൽ** ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അഡ്മിഷൻ ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫോൺ : 9446424520, 9846539968

| | |
|---|---|
| **ഫാ. റോയ് വടക്കൻ** | **മോൺ. തോമസ് കാക്കശ്ശേരി** |
| സെക്രട്ടറി | ചെയർമാൻ |




## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്),തൃശൂർ

1. **ദേശീയ സ്റ്റാർട്ടപ്പ് ഇന്നവേഷൻ മത്സരം**

ഇന്നവേഷൻ സെല്ലിന്റെ ആഭിമുഖ്യത്തിൽ 'റിനാൻസിഡോ' എന്ന ഇന്റർകോളേജിയേറ്റ് മത്സരം നടത്തപ്പെട്ടു. മാർ അത്തനേഷ്യസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് വിദ്യാർത്ഥി ജോയൽ ജോർജ്ജ് ഒന്നാം സ്ഥാനവും, എസ്. എസ്. ആർ. വി കോളേജ് ബാംഗ്ലൂർ വിദ്യാർത്ഥിനി ഐശ്വര്യ റാവു രണ്ടാം സ്ഥാനവും, എം. ഇ. എസ് കോളേജ് മാറംമ്പിള്ളി ആലുവ വിദ്യാർത്ഥി വിഷ്ണു എൻ മൂന്നാം സ്ഥാനവും നേടി. ഓൺലൈനായി നടത്തപ്പെട്ട ദേശീയ ഇന്നവേഷൻ മത്സരം മൂല്യനിർണ്ണയം നടത്തിയത് ഐ.ഐ.റ്റി, ഐ.എസ്.ആർ.ഒ. ശാസ്ത്രജ്ഞരായിരുന്നു.

2. **വെബിനാർ**

പ്രൊഫസർ സീതാരാമൻ അനുസ്മരണ പ്രഭാഷണ പരമ്പരയുടെ ഭാഗമായി കൊച്ചി, കുസാറ്റിലെ ഫിസിക്സ് അദ്ധ്യാപകൻ ഡോ. അനൂപ് കെ. കെ "ലെയ്സർ സ്പെക്ട്രോസ്കോപ്പി ഫോർ സ്പെയ്സ് എക്സ്പ്ലൊറേഷൻ" എന്ന വിഷയത്തിൽ വെബിനാർ നയിച്ചു.

എൻ.എസ്.എസ് യൂണിറ്റ് കേരള മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റുമായി സഹക രിച്ച് "മോഡണൈസേഷൻ ഇൻ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റ്" എന്ന വിഷയത്തിൽ വെബിനാർ നടത്തി. തൃശൂർ വെഹിക്കിൾ ഇൻസ്പെക്ടർ ശ്രീ വിനോദ് കുമാർ ക്ലാസ്സുകൾ നയിച്ചു.

ക്രിമിനോളജി ആന്റ് പോലീസ് സയൻസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ "മാനസീകാരോഗ്യം കോവിഡ് കാലത്ത്" എന്ന വിഷയത്തിൽ വിദ്യാർത്ഥികൾക്കായി വെബിനാർ സംഘടിപ്പിച്ചു. ഡോ. സിജോ വെബിനാർ നയിച്ചു.

ഐ.ക്യു.എസി യുടെ ആഭിമുഖ്യത്തിൽ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രായോഗ്യതയും സ്വാധീനവും എന്ന വിഷയത്തെ ആസ്പ

ദമാക്കി വെബിനാർ സംഘടിപ്പിച്ചു. ദേശീയ വിദ്യാഭ്യാസ നയ കമ്മറ്റി സെക്രട്ടറി ഡോ. ഷകില ടി. ഷംസു, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി വി.സി ഡോ. സാബു തോമസ്, മുൻ ചീഫ് സെക്രട്ടറി കെ ജയകുമാർ ഐ.എസ്, എന്നിവർ വെബിനാറിൽ ക്ലാസ്സുകൾ നയിച്ചു.

കംപ്യൂട്ടർ ആപ്ലിക്കേഷൻ ഡിപ്പാർട്ട്മെന്റ്, കേരള ഐ.സി.റ്റി അക്കാദമിയുമായി സഹകരിച്ച് വെബിനാർ സംഘടിപ്പിച്ചു. ശ്രീ. ദിയാബ് എ.കെ ഓഫീസർ ഐ.സി.റ്റി കേരള ക്ലാസ്സുകൾ നയിച്ചു.

ദിവ്യാംഗൻ സെല്ലിന്റെ ആഭിമുഖ്യത്തിൽ വെബിനാർ സംഘടിപ്പിച്ചു. അന്തർദേശീയ റസലിങ്ങ് ചാമ്പ്യൻ ശ്രീ ജോബി മാത്യു വെബിനാർ നയിച്ചു. കുറവുകളെ നിറവുകളാക്കാൻ പരിശ്രമിച്ച ജോബി മാത്യു 60% ശാരീരിക വൈകല്യത്തെ 100% വിജയമാക്കിയ അനുഭവം കുട്ടികളുമായി പങ്കുവെച്ചു.

**3. നേട്ടം**

സെന്റ് ആൽബർട്ട്സ് കോളേജ് എറണാകുളം സംഘടിപ്പിച്ച ഓൺലൈൻ ഇന്റർ കോളേജിയേറ്റ് മത്സരത്തിൽ അനൂപ് കെ. ജയൻ (ബി.കോം) ഫോട്ടോഗ്രാഫിയിൽ 2–ാം സ്ഥാനവും, ശോഭ വാസൻ (ബി.എ എക്കണോമിക്സ്) ഹിന്ദി കവിതാ പാരായണത്തിൽ മൂന്നാം സ്ഥാനവും നേടി.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല തിയറ്റർ വിഭാഗം സംഘടിപ്പിക്കുന്ന 'നാട്യ സിദ്ധാന്തം ചരിത്രവും ചിന്തയും' എന്ന വെബിനാറിൽ മുഖ്യപ്രഭാഷണം ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റ് അദ്ധ്യാപകൻ ഡോ. ബിജു സി.എസ് നടത്തി.

**4. കമ്മ്യൂണിറ്റി റേഡിയോ**

വിഷ്വൽ മീഡിയ ഡിപ്പാർട്ട്മെന്റിന്റേയും, മീഡിയ സെന്ററിന്റേയും സംയുക്ത ആഭിമുഖ്യത്തിൽ കമ്മ്യൂണിറ്റി റേഡിയോ: റേഡിയോമിസ്റ്റ് ഔദ്യോഗികമായി ആരംഭിച്ചു. 10 മണി മുതൽ 3 മണി വരെ കമ്മ്യൂണിറ്റി റേഡിയോയിൽ ടെലികാസ്റ്റ് ഉണ്ടായിരിക്കും. http://www.radiomist.in/ എന്ന ലിങ്കിൽ നിന്നും പരിപാടി ആസ്വദിക്കാവുന്നതാണ്.

**5. പതാക ഉയർത്തൽ**

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് നടന്ന പതാക ഉയർത്തൽ എൻ.സി.സി കേഡറ്റുകളുടെ പരേഡുകളോടു കൂടി നടത്തപ്പെട്ടു

**6. ഓൺലൈൻ പഠനത്തിന് ഒ. എസ്. എ. സഹായം**

ഓൺലൈൻ പഠനത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന വിദ്യാർത്ഥി

കൾക്ക് കൈതാങ്ങായി പൂർവ്വവിദ്യാർത്ഥികളിൽ നിന്ന് പിരിച്ച 25,000 രൂപ പ്രിൻസിപ്പലിന് നൽകി, സെന്റ് തോമാസ് ഒ. എസ്. എ. മാതൃകയായി.

**7. അംഗീകാരം നേടി**

ഭാരത സർക്കാരിന്റെ മഹാത്മാഗാന്ധി നാഷണൽ കൗൺസിൽ ഫോർ റൂറൽ എഡ്യൂക്കേഷൻ എന്ന ഡിപ്പാർട്ട്മെന്റ് സെന്റ് തോമാസ് കോളേജിനെ എസ്. ഇ. എസ്. ആർ. ഇ. എസ് എന്ന സെന്ററായി ഉയർത്തി. പരിസ്ഥിതി ശുചിത്വം, പാഴ്വസ്തുക്കളുടേയും, ജലത്തിന്റേയും സുസ്ഥിര ഉപഭോഗ ക്രമം, ഊർജ്ജ സംരക്ഷണം, ഹരിത കാമ്പസ് എന്നീ മൂല്യങ്ങൾക്ക് രാജ്യത്തിന്റെ അംഗീകാരം കൂടിയാണ് ഈ നേട്ടം.

**8. ഓണാഘോഷം**

ഫൈൻ ആർട്ട്സ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ഓൺലൈൻ ഓണാഘോഷം സംഘടിപ്പിച്ചു. ഓണപ്പാട്ട്, മലയാളിമങ്ക, പുരുഷകേസരി എന്നീ വിഭാഗങ്ങളിൽ വിദ്യാർത്ഥികൾ മത്സരിച്ചു സമ്മാനം നേടി. മാനേജർ, എക്സിക്യൂട്ടീവ് മാനേജർ, പ്രിൻസിപ്പാൾ, വൈസ് പ്രിൻസിപ്പാൾമാർ എന്നിവർ വിദ്യാർത്ഥികൾക്ക് ഓണാഘോഷ സന്ദേശം നൽകി.

**9. അനുശോചിച്ചു**

മുൻ മാനേജർ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ വിയോഗത്തിൽ കോളേജ് ഒന്നടങ്കം അതിയായ ദു:ഖം രേഖപ്പെടുത്തുകയും അദ്ദേഹത്തിന്റെ ആത്മശാന്തിക്കായ് പ്രാർത്ഥിക്കുകയും ചെയ്തു.

**10. അദ്ധ്യാപകദിനാഘോഷം**

വിദ്യാർത്ഥികൾ അദ്ധ്യാപകർക്ക് അദ്ധ്യാപകദിന സന്ദേശങ്ങൾ യൂട്യൂബ് വീഡിയോകളായി ഓൺലൈനിലൂടെ നേർന്നു. ഓരോ ക്ലാസ്സ് വാട്ട്സ് ആപ്പ് ഗ്രൂപ്പുകളും അദ്ധ്യാപകർക്ക് ആശംസകൾ നേർന്നു.

**11. സഹപാഠിക്കൊരു വീട്**

2019–20 വർഷത്തെ കോളേജിലെ വിദ്യാർത്ഥികളുടേയും, അദ്ധ്യാപകരുടേയും, അനദ്ധ്യാപകരുടേയും, മാനേജ്മെന്റിന്റേയും ചെറിയ ചെറിയ സംഭാവനകളിലൂടെ ശേഖരിച്ച തുക വർഷം തോറും നൽകി വരുന്നതിന്റെ ഭാഗമായി ഈ വർഷവും ഓണസമ്മാനമായി പാവപ്പെട്ട ഒരു വിദ്യാർത്ഥിക്ക് വീടു വയ്ക്കുന്നതിനായി നൽകി.

**പി.വി. ആന്റോ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ & എക്സിക്യൂട്ടീവ് മാനേജർ




# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**1. GTA ജനറൽ ബോഡി യോഗം സംഘടിപ്പിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2019–2021 ബി.എഡ് ബാച്ചിന്റെ രണ്ടാം GTA ജനറൽ ബോഡി യോഗം 2020 ആഗസ്റ്റ് 25ന് ഗൂഗുൾ മീറ്റ് പ്ലാറ്റ് ഫോം വഴി സംഘടിപ്പിച്ചു. പ്രസ്തുത യോഗം കോളേജ് അസി.ബർസാർ റവ.ഡോ.ഷിജു ചിറ്റിലപ്പിള്ളി ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ.ചാക്കോ ചിറമ്മൽ അധ്യക്ഷത വഹിച്ചു. തുടർന്ന് രക്ഷിതാക്കൾ അഭിപ്രായങ്ങൾ പങ്കുവെച്ചു.

**2. ഓണാഘോഷം സംഘടിപ്പിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ കോവിഡിന്റെ പശ്ചാത്തലത്തിൽ 2020 ഓഗസ്റ്റ് 27ന് ഓൺലൈനായി ഓണം ആഘോഷിച്ചു. കോളേജ് മാനേജർ ഫാ.തോമസ് കാക്കശ്ശേരി, അസി.ബർസാർ റവ.ഡോ.ഷിജു ചിറ്റിലപ്പിള്ളി മുതലായവർ ഓണസന്ദേശം നൽകി. തുടർന്ന് സംഘടിപ്പിച്ച ഓണ ക്വിസ് മത്സരത്തിൽ ജിഫി ജോസ് ഒന്നാം സ്ഥാനവും, അഞ്ജന എം.വി. രണ്ടാം സ്ഥാനവും കരസ്ഥമാക്കി. ഓണപ്പാട്ട് മത്സരത്തിൽ അഖില വർഗ്ഗീസ്, ജോഫിയ ജോയ് എന്നിവർ ഒന്നാം സ്ഥാനവും, അനിഷ.എം.യു, ഡെൽജി ജോസ് എന്നിവർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

**3. മത്സര വിജയികളെ അനുമോദിച്ചു**

വി. ഏവുപ്രാസ്യാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഏവുപ്രാസ്യാ ട്രെയിനിംഗ് കോളേജ് ഫോർ വിമൺ കാട്ടൂർ സംഘടിപ്പിച്ച ഓൺലൈൻ പ്രസംഗമത്സരം, അടിക്കുറിപ്പ് മത്സരം എന്നിവയിൽ മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ വിദ്യാർത്ഥികൾ വിജയികളായി. പ്രസംഗ മത്സരത്തിൽ ആൽബിയ ഷാജു ഒന്നാം സ്ഥാനവും, അടിക്കുറിപ്പ് മത്സരത്തിൽ ഷോൺ പടിക്കല ഒന്നാം

സ്ഥാനവും, ജോഫിയ ജോയ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മത്സരവിജയികളെ അനുമോദിച്ചു.

4. **അധ്യാപക ദിനം ആചരിച്ചു**

ദേശീയ അധ്യാപക ദിനത്തോടനുബന്ധിച്ച് മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ വിദ്യാർത്ഥികൾ 2020 സെപ്റ്റംബർ 5ന് അധ്യാപകദിനം ആചരിച്ചു. ദേശീയ അധ്യാപക അവാർഡ് ജേതാവ് ശ്രീ.ഷാജു പുത്തൂരിന്റെ സാന്നിധ്യം അധ്യാപക ദിനത്തെ കൂടുതൽ മനോഹരമാക്കി. തുടർന്ന് വിദ്യാർത്ഥികൾ അധ്യാപകർക്കെല്ലാം ആശംസകൾ അർപ്പിച്ചുകൊണ്ട് ഇ–കാർഡുകൾ നൽകി.

5. **ഓണപ്പൂവേ–മത്സര വിജയികളെ അനുമോദിച്ചു**

മഹാജൂബിലി ട്രെയിനിംഗ് കോളേജ് തൃശ്ശൂർ ബി.എഡ് സെൽഫ് ഫിനാൻസിങ്ങ് കോളേജുകൾക്കായും ക്യൂ ടെക് ട്രെയിനിംഗ് സെന്ററുകൾക്കുമായി സംഘടിപ്പിച്ച ഓണപ്പൂവേ – ഇന്റർ കൊളിജിയേറ്റ് കോംപറ്റീഷൻ ഓണപ്പാട്ട് മത്സരത്തിൽ വിജയികളായവരെ 2020 സെപ്റ്റംബർ 5ന് വൈകുന്നേരം 5 മണിക്ക് ഗൂഗിൾ മീറ്റ് പ്ലാറ്റ് ഫോമിലൂടെ സർട്ടിഫിക്കറ്റുകൾ നൽകി ആദരിച്ചു. എട്ടോളം കോളേജുകൾ മത്സരിച്ചതിൽ മാർ ഒസ്താതിയോസ് ട്രെയിനിംഗ് കോളേജ് പെരുമ്പിലാവിലെ വിദ്യാർത്ഥിനി അമൃത കെ.ജി ഒന്നാം സ്ഥാനവും, നമ്പൂതിരീസ് കോളേജ് ഓഫ് എഡ്യുക്കേഷൻ സെന്റർ ഇരിഞ്ഞാലക്കുടയിലെ വിദ്യാർത്ഥിനി ഇന്ദിര എൻ.ബി രണ്ടാം സ്ഥാനവും, നവജ്യോതി കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ ഫോർ വിമെൺ ഒളരിക്കരയിലെ വിദ്യാർത്ഥിനി റിജി വി.ജെ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. പ്രസ്തുത യോഗത്തിൽ അധ്യക്ഷത വഹിച്ച റവ.ഡോ. ചാക്കോ ചിറമ്മൽ വിജയികളെ ആദരിക്കുകയും, ക്യാഷ് പ്രൈസ് ഓൺലൈനായി നൽകുകയും, പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റുകൾ നൽകി അനുമോദിക്കുകയും ചെയ്തു. യോഗത്തിൽ റിൻസി എ.ഒ സ്വാഗതം നേരുകയും ആര്യ കൃഷ്ണ പി.ആർ നന്ദി അർപ്പിക്കുകയും ചെയ്തു.

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

# സാന്ത്വനം

1. **ഭവനങ്ങൾ ആശീർവദിച്ചു**

തൃശ്ശൂർ അതിരൂപതയുടെ പ്രളയാനന്തര പുനരധിവാസ പദ്ധതിയായ സേവ് തൃശ്ശൂർ, സാന്ത്വനത്തിലെ ഹൗസി ങ്ങ് പ്രോജക്ററ് എന്നിവയിലൂടെ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ 3 വീടുകളുടെ നിർമ്മാണം പൂർത്തികരിച്ചു. കുണ്ടുകാട്, ചേലക്കര, മാടക്കത്തറ എന്നി ഇടവകകളിലെ ഓരോ ഭവനമാണ് നിർമ്മാണം പൂർത്തികരിച്ചത്. കുണ്ടുകാട് ഇടവക ഭവനത്തിന്റെ തക്കോൽദാനവും വെഞ്ചിരിപ്പും സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ നിർവഹിച്ചു. അസോ. ഡയറക്ടർ ഫാ.ജോസ് വട്ടക്കുഴി, ഇടവക വികാരി ഫാ.ആന്റോ ചിറയത്ത് എന്നിവർ പങ്കെടുത്തു. മാടക്കത്തറ ഇടവകയിലെ ഭവനത്തിന്റെ വെഞ്ചിരിപ്പ് സാന്ത്വനം ഡയറക്ടർ നിർവഹിച്ചു. സാന്ത്വനം അസോ. ഡയറക്ടർ തക്കോൽദാനകർമ്മം നിർവഹിച്ചു. ഇടവക വികാരി ഫാ. നവിൻ മൂരിങ്ങാത്തേരി ചടങ്ങിൽ പങ്കെടുത്തു. കിള്ളിമംഗലം ഇടവകയിലെ ഭവനത്തിന്റെ വെഞ്ചിരിപ്പ് ചേലക്കര ഫോറാന വികാരി ഫാ.തോമസ് വടക്കൂട്ട് നിർവഹിച്ചു. സാന്ത്വനം ഡയറക്ടർ, കിള്ളിമംഗലം ഇടവക വികാരി ഫാ.ചാക്കോ ചിറമ്മൽ, ഫാ. ലിവിൻ ചൂണ്ടൽ എന്നിവർ പങ്കെടുത്തു.

2. **കോവിഡ് ബാധിച്ചു മരിച്ച വ്യക്തികളുടെ മൃതശരീരങ്ങൾ ക്രിസ്തീയ ബഹുമതികളോടെ ദഹിപ്പിച്ചു**

പനമുക്ക്, കുരിയച്ചിറ ഇടവകകളിൽ കോവിഡ് 19 ബാധിച്ചു മരിച്ച വ്യക്തികളുടെ മൃതശരീരങ്ങൾ ക്രിസ്തീയ ബഹുമതികളോടെ ദഹിപ്പിച്ചു. മുളയം ഡാമിയൻ ഇൻസ്ററിറ്റൂട്ടിലെ ക്രിമേഷൻ സെന്ററിലാണ് മൃതശരീരങ്ങൾ ക്രിസ്തിയ തിരുക്കർമ്മങ്ങളോടെ ദഹിപ്പിച്ചത്. ഫാ. ജസ്റ്റിൻ പുഴിക്കുന്നേൽ, ഫാ.ലിയോ പുത്തുർ എന്നിവർ മൃതസംസ്ക്കാരശുശ്രുഷകൾക്കു കാർമ്മികത്വം വഹിച്ചു. സാന്ത്വനം ഡയറക്ടർ ഫാ.ജോയ് മൂക്കൻ, അസി. ഡയറക്ടർ ഫാ. സിന്റോ തൊറയൻ, ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് അസി. ഡയറക്ടർ

ഫാ. സിംസൻ ചിറമ്മൽ, സാന്ത്വനം ടാസ്ക്ക് ഫോഴ്സ് വളണ്ടിയേസ് എന്നിവർ ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

3. **പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കി**

സേവ് എ ഫാമിലിയുടെ, ഫാമിലി ഡെവലപ്മെന്റ് പ്രോഗ്രാമിലെ കാലാവധി പൂർത്തിയാക്കിയ 15 കുടുംബങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കി. 15 ഗുണഭോക്തൃ കുടുംബങ്ങളുടെ 6 വർഷത്തെ പ്രവർത്തനങ്ങൾ, സ്വയംതൊഴിൽ, ഭവനനിർമ്മാണം, പുതുക്കി പണിയൽ, ചികിത്സ, വിദ്യഭ്യാസം ഈ മേഖലകളെ അടിസ്ഥാനമാക്കിയാണ് റിപ്പോർട്ട് തയാറാക്കിയത്. കോവിഡ് പശ്ചാത്തലത്തിൽ, കുടുംബങ്ങൾക്കായി നടപ്പാക്കാനുള്ള പദ്ധതികൾ മൊബൈൽ ഫോൺ വഴി ആസൂത്രണം ചെയ്തു. ഗുണഭോക്തൃ കുടുംബങ്ങൾക്കുള്ള വാർഷിക പദ്ധതികൾ പൂർത്തികരിച്ചു.

4. **കോവിഡ് 19 – മൃതസംസ്ക്കാരങ്ങൾ നടത്തി**

അതിരൂപതയിൽ കോവിഡ് 19 മൂലം മരിച്ചവരുടെ സംസ്ക്കാരങ്ങൾ കോവിഡ് പ്രോട്ടോക്കോൾ അനുസരിച്ച് വിവിധ ഇടവകകളിൽ നടത്തി. കുമ്പളങ്ങാട്, പുതുക്കാട്, കൊട്ടേക്കാട് ഇടവകകളിൽ യഥാക്രമം ഫാ. ജിന്റോ ചൂണ്ടൽ, ഫാ ബാസ്ററിൻ ആലപ്പാട്ട്, ഫാ.ചാക്കോ ചിറമ്മൽ എന്നിവർ മൃതസംസ്ക്കാരശുശ്രൂഷകൾക്കു കാർമ്മികത്വം വഹിച്ചു. സാന്ത്വനം ഡയറക്ടർ ഫാ. ജോയ് മൂക്കൻ, അസി. ഡയറക്ടർ ഫാ. സിന്റോ തൊറയൻ, സാന്ത്വനം ടാസ്ക്ക് ഫോഴ്സ് വളണ്ടിയേഴ്സ് എന്നിവർ മൃതസംസ്ക്കാര ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

5. **ഗോഡ്സ് ഓൺ ഫാമിലി, സേവ് എ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യകളും താഴെ ചേർക്കുന്നു.**

കിരാലൂർ–12000, ഒല്ലൂർ–10000, കൂറ്റൂർ–12000, അരിമ്പൂർ–35000, പാവറട്ടി –15000, നടത്തറ–10000, കാഞ്ഞാണി–15000, അരണാട്ടുകര–14000, മഞ്ഞക്കുന്ന്–25000, കാച്ചേരി–12000, എരവിമംഗലം–13259, വരന്തരപ്പിള്ളി–12000,പാലയൂര്–12500, തണ്ടിലം–12500, കണ്ണാറ–39000.

**ഫാ. ജോയ് മൂക്കൻ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോസിയേറ്റ് ഡയറക്ടർ

**ഫാ. സിന്റോ തൊറയൻ**
അസി. ഡയറക്ടർ



# കുടുംബക്കൂട്ടായ്മ

**1. അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ നടത്തിയ അടുക്കളത്തോട്ട മത്സരം 2020 വിജയികൾ**

ഇടവക, ഫൊറോന തലത്തിലെ മത്സരം കഴിഞ്ഞ് അതിരൂപത തലത്തിൽ നടത്തപ്പെട്ട വാശിയേറിയ മത്സരത്തിൽ **മാർ ജോസഫ് കുണ്ടുകുളം മെമ്മോറിയൽ കർഷക മിത്ര് അവാർഡ് 2020** കരസ്ഥമാക്കിയവർ.

1. ജോസ് ചിറ്റിലപ്പിള്ളി അന്തിക്കാട് ഇടവക, പഴുവിൽ ഫൊറോന
2. ജോബി പുത്തൂർ, ലൂർദ്ദ് ഇടവക ലൂർദ്ദ് ഫൊറോന
3. ജോസ് ചെമ്പിശ്ശേരി, എരനെല്ലൂർ ഇടവക, വേലൂർ ഫൊറോന
4. തെരേസ ജോസ്, ലൂർദ്ദ് ഇടവക, ലൂർദ്ദ് ഫൊറോന
4. വിത്സൺ വാഴപ്പിള്ളി, നെല്ലിക്കുന്ന് ഇടവക, ലൂർദ്ദ് ഫൊറോന

**മാർ ജോസഫ് കുണ്ടുകുളം മെമ്മോറിയൽ കർഷക മിത്ര് പ്രോത്സാഹന അവാർഡ് 2020** കരസ്ഥമാക്കിയവർ.

1. സെബി റാഫേൽ, ഒളരി ഇടവക, ബസിലിക്ക ഫൊറോന
2. പോൾസൻ എം.ടി, പാറേപ്പാടം ഇടവക, എരുമപ്പെട്ടി ഫൊറോന
3. പോൾ തോമസ് വാഴപ്പിള്ളി, വൈലത്തൂർ ഇടവക, പാലയൂർ ഫൊറോന
4. തോംസൺ മുട്ടിക്കൽ, തിരൂർ ഇടവക, വടക്കാഞ്ചേരി ഫൊറോന
5. ഷിജു മാടാനി, ഒല്ലൂർ ഇടവക, ഒല്ലൂർ ഫൊറോന
6. ആന്റൊ കണ്ണനായിക്കൽ, അത്താണി ഇടവക, വടക്കാഞ്ചേരി ഫൊറോന

**മാർ ജോസഫ് കുണ്ടുകുളം മെമ്മോറിയൽ കർഷക മിത്ര് സ്പെഷൽ ജൂറി അവാർഡ് 2020** കരസ്ഥമാക്കിയവർ.

1. ഡേവിഡ് കാട്ടുക്കാരൻ, കുരിയച്ചിറ ഇടവക, ബസിലിക്ക ഫൊറോന
2. മേച്ചേരി ചാക്കുണ്ണി സണ്ണി, ഒല്ലൂർ ഇടവക, ഒല്ലൂർ ഫൊറോന
3. റീത്ത തട്ടിൽ, ഏങ്ങണ്ടിയൂർ ഇടവക, കണ്ടശ്ശാംകടവ് ഫൊറോന

പങ്കെടുത്തവർക്കും വിജയികൾക്കും അഭിനന്ദനങ്ങൾ

**2. കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ ജപമാല മാസാചരണം**

അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ നാല് മേഖലകളിലായി ജപമാല മാസാചരണം നടത്തുകയാണ്. നൽകപ്പെടുന്ന ദിവസങ്ങളിൽ അതാത് കുടുംബകൂട്ടായ്മ മേഖലകളിൽ ഫൊറോന ഭാരവാഹികളുടെ നേതൃത്വത്തിൽ ഭാരവാഹികൾ ഒന്നുചേർന്ന് ജപമാല മാസാചരണം നടത്തേണ്ടതാണ്.

**ഒക്ടോബർ 4 ഞായർ – ബസിലിക്ക മേഖല**

ഈ മേഖലയിലെ (ബസിലിക്ക, ഒല്ലൂർ, പുതുക്കാട്, പഴുവിൽ) എന്നീ ഫൊറോനകളുടെ കീഴിലുള്ള ഇടവകകളിലെ കേന്ദ്രസമിതിയുടെ നേതൃത്വത്തിലാണ് ജപമാലസമർപ്പണം നടത്തേണ്ടത്.

**ഒക്ടോബർ 11 ഞായർ – ലൂർദ്ദ് മേഖല**

ഈ മേഖലയിലെ (ലൂർദ്ദ്, പുത്തൂർ, പട്ടിക്കാട്, കൊട്ടേക്കാട്) എന്നീ ഫൊറോനകളുടെ കീഴിലുള്ള ഇടവകകളിലെ കേന്ദ്രസമിതിയുടെ നേതൃത്വത്തിലാണ് ജപമാലസമർപ്പണം നടത്തേണ്ടത്.

**ഒക്ടോബർ 18 ഞായർ – വടക്കാഞ്ചേരി മേഖല**

ഈ മേഖലയിലെ (വടക്കാഞ്ചേരി, ചേലക്കര, എരുമപ്പെട്ടി, വേലൂർ) എന്നീ ഫൊറോനകളുടെ കീഴിലുള്ള ഇടവകകളിലെ കേന്ദ്രസമിതിയുടെ നേതൃത്വത്തിലാണ് ജപമാലസമർപ്പണം നടത്തേണ്ടത്.

**ഒക്ടോബർ 25 ഞായർ – പാലയൂർ മേഖല**

ഈ മേഖലയിലെ (പാലയൂർ, മറ്റം, കണ്ടാശ്ശാംകടവ്, പറപ്പൂർ) എന്നീ ഫൊറോനകളുടെ കീഴിലുള്ള ഇടവകകളിലെ കേന്ദ്രസമിതിയുടെ നേതൃത്വത്തിലാണ് ജപമാലസമർപ്പണം നടത്തേണ്ടത്.

**3. മെറിറ്റ് ഡെ**

അതിരൂപത കുടുംബകൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ മെറിറ്റ് ഡെ ആചരിക്കുന്നു. അതിന്റെ ഭാഗമായി 2019–2020 അദ്ധ്യയന വർഷത്തിലെ 10, 12 ക്ലാസ്സുകളിൽ ഫുൾ എ പ്ലസ് നേടിയ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മക്കളെ അദരിക്കുന്നു. ആയതിനാൽ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മക്കളിൽ ഫുൾ എപ്ലസ് നേടിയിട്ടുള്ളവർ ഇടവക വികാരിയച്ചൻ സാക്ഷ്യപ്പെടുത്തിയ കത്തും മാർക്ക് ലിസ്റ്റിന്റെ കോപ്പിയും കുടുംബകൂട്ടായ്മ ഓഫീസിൽ ഒക്ടോബർ 31 ന് മുമ്പായി എത്തിക്കേണ്ടതാണ്.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**പോൾ പാറക്കൽ**
ജനറൽ കൺവീനർ

**ഷിന്റോ മാത്യു**
ജനറൽ സെക്രട്ടറി




# ജോൺ പോൾ പ്രോലൈഫ്

1. **പ്രോലൈഫ് ടീച്ചേഴ്സ് വെബിനാർ 2020**
അക്ഷരങ്ങളുടെ കളിമുറ്റത്ത് അറിവിന്റെ വെളിച്ചം പകർന്നു നൽകി ഭാവിതലമുറയെ വാർത്തെടുക്കുന്ന എല്ലാ അദ്ധ്യാപകർക്കും വേണ്ടി ഒരുക്കിയ പ്രോലൈഫ് ടീച്ചേഴ്സ് വെബിനാർ വൻ വിജയമായിരുന്നു. മനുഷ്യജീവനും കുടുംബവും ഇന്ന് സമസ്ത മേഖലകളിലും പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുന്നു. പ്രഥമ അദ്ധ്യാപകരായ മാതാപിതാക്കൾ മക്കളെയോർത്ത് ഉൽകണ്ഠാകുലരാകുന്നു. പ്രാഥമിക വിദ്യാലയമായ കുടുംബവും ഇന്ന് തകർന്നുകൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ വരും തലമുറയെ വാർത്തെടുക്കുന്ന അദ്ധ്യാപനവൃത്തിയിലേർപ്പെട്ടിരിക്കുന്ന എല്ലാവരേയും ഈ കാലഘട്ടത്തിന്റെ പ്രത്യേകതകളിലേക്ക് വെളിച്ചം വീശാനും പുത്തൻ ആശയങ്ങളിലൂടെ പുതുതലമുറയെ രൂപപ്പെടുത്തുവാനും വേണ്ടി തയ്യാറാക്കിയ **2. പ്രോലൈഫ് ടീച്ചേഴ്സ് വെബിനാർ** 2020 വൻ വിജയമായിരുന്നു. ഈ പ്രോലൈഫ് ടീച്ചേഴ്സ് വെബിനാർ ഉദ്ഘാടനം ചെയ്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിനും ആശംസകളർപ്പിച്ച അഭിവന്ദ്യ മാർ ടോണി പിതാവിനും സെമിനാർ നയിച്ച ഡോ. അബ്രാഹം ജെയ്ക്കബ് സാറിനും ഡോ. ഫിന്റോ സാറിനും പങ്കെടുത്ത എല്ലാ അദ്ധ്യാപകർക്കും, ടീച്ചേഴ്സ് വെബിനാറിന് നേതൃത്വം കൊടുത്ത അതിരൂപത പ്രോലൈഫ് ഭാരവാഹികൾക്കെല്ലാവർക്കും ഒത്തിരി നന്ദി.

2. **കോവിഡ് മഹാമാരിക്കും ഭ്രൂണഹത്യക്കുമെതിരെ അഖണ്ഡ ജപമാല യജ്ഞം**
ജപമാല മാസമായ ഒക്ടോബർ മാസം സമാഗതമാകുകയാണല്ലോ. ഈ മാസത്തിൽ നമ്മുടെ അതിരൂപത അർപ്പണമനോഭാവത്തോടെ ജീവന്റെ മേഖലയ്ക്കുവേണ്ടിയും കോവിഡ് മഹാമാരിയിൽ നിന്ന് ദേശം രക്ഷപ്പെടുന്നതിനുവേണ്ടിയും ജപമാല ചൊല്ലി ഒക്ടോബർ മാസം ആചരിക്കുകയാണ്. ഈ വർഷം ഒരു കോടി ജപമാല ചൊല്ലി

നമ്മുക്ക് ഈ ലക്ഷ്യങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാം.
ആത്മഹത്യ, കൊലപാതകം, ദയാവധം എന്നിവയും റോഡപകടങ്ങളിലും മറ്റു ദുരന്തങ്ങളിലും പെട്ട് പൊലിയുന്ന മനുഷ്യജീവനുകളും നമ്മെ അക്ഷരാർത്ഥത്തിൽ അംമ്പരിപ്പിക്കുന്നു. യുദ്ധമേഖലകളിലും ആഭ്യന്തരകലാപമുള്ള പ്രദേശങ്ങളിലും സമാധാനം സ്ഥാപിക്കപ്പെടാൻ ഈ അവസരത്തിൽ പ്രാർത്ഥിക്കണം.
ഉള്ളുരുകി ജീവന്റെ മേഖലയ്ക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നത് എത്രയോ അഭികാമ്യമാണ്. ഈ ഒക്ടോബർ മാസത്തിൽ ഒരു കോടി ജപമാല ചൊല്ലി പിതാവായ ദൈവത്തിന്റെ സന്നിധിയിൽ സമർപ്പിക്കാൻ നാം അഭിലഷിക്കുന്നു. നമ്മുടെ പള്ളികളിലും സന്യാസഭവനങ്ങളിലും കുടുംബങ്ങളിലും ആതുരാലയങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും മറ്റു സ്ഥാപനങ്ങളിലും ഒക്ടോബർ മാസത്തിൽ സമർപ്പിക്കപ്പെടുന്ന ജപമാലകൾ ഈ നിയോഗങ്ങൾക്കുവേണ്ടിയായിരിക്കാൻ താൽപര്യപ്പെടുന്നു.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ




1. **ഫൊറോന സന്ദർശനം**
   വരുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ്, കൊറോണ കാലഘട്ടത്തിലെ മറ്റ് പ്രവർത്തനങ്ങൾ തുടങ്ങിയവ വിശകലനം ചെയ്യുന്നതിന്റെ ഭാഗമായി ഫൊറോനതല സന്ദർശനം സംഘടിപ്പിച്ചു.
2. **ആദരാഞ്ജലികൾ**
   വേർപിരിഞ്ഞ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന് അതിരൂപത സമിതി ആദരാഞ്ജലികൾ അർപ്പിച്ചു.

3. **ഗ്ലോബൽ സമിതി പ്രവർത്തനങ്ങൾക്ക് ഐക്യദാർഢ്യം**
ഗ്ലോബൽ സമിതിയുടെ ഹാർട്ട് ലിങ്ക് തുടങ്ങി വിവിധ മേഖലകളിലുള്ള പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണയും ഐക്യദാർഢ്യവും അതിരൂപത സമിതി രേഖപ്പെടുത്തി.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**എൻ.പി ജാക്സൻ മാസ്റ്റർ**
ജനറൽ സെക്രട്ടറി

**അഡ്വ. ബിജു കുണ്ടുകുളം**
പ്രസിഡന്റ്




# സി.എൽ.സി.

1. **ലോക്ക്ഡൗണിൽ പിറന്നത് 14 ബൈബിൾ കൈയ്യെഴുത്തുപ്രതികൾ**
കോവിഡ് പ്രതിസന്ധിക്കിടെ രാജ്യം അപ്രതീക്ഷിത ലോക്ക്ഡൗണിലായപ്പോൾ തൃശൂർ അതിരൂപത സി എൽ സിയുടെ ആഭിമുഖ്യത്തിൽ ഫൊറോന സി എൽ സിയുടെ സഹകരണത്തോടെ ബൈബിൾ കൈയ്യെഴുത്തുപ്രതികൾ തയ്യാറാക്കുന്ന തിരക്കിലായിരുന്നു സി എൽ സി പ്രവർത്തകർ. അതിരൂപത സി എൽ സിയുടെ ആഹ്വാനം ഓരോ ഫൊറോനയും ആവേശത്തോടെ ഏറ്റെടുത്തപ്പോൾ ലോക്ക്ഡൗണിൽ പിറന്നത് 14 സംപൂർണ്ണ ബൈബിൾ കൈയ്യെഴുത്തുപ്രതികൾ. ലോകത്തിലെ തന്നെ പുരാതന കൈയ്യെഴുത്തുപ്രതികളിലൊന്നായ "CODEX VATICANUS" 2K2O എന്ന പേരിൽ ആരംഭിച്ച ഈ യത്നം ലോക്ക്ഡൗൺ കാലഘട്ടത്തിൽ സി എൽ സി അംഗങ്ങൾക്ക് ചെയ്യാവുന്ന ഒരു ആത്മീയ ഉദ്യമമായിട്ടാണ് അതിരൂപത സി എൽ സി അവതരിപ്പിച്ചത്.

തൃശൂർ അതിരൂപത സഹായ മെത്രാൻ മാർ. ടോണി നീലങ്കാവിൽ ആരംഭിച്ച ഈ ആത്മീയ ഉദ്യമത്തിനു ഓരോ ഫൊറോനായിൽ നിന്നും 140 പേർ അടങ്ങുന്ന ടീം ആണ് നേതൃത്വം നൽകിയത്. അതിരൂപത യിലെ വിവിധ ഫൊറോനകളിലായി 2500ലധികം സി.എൽ.സി. പ്രവ ർത്തകർക്ക് ഓരോരുത്തരും എഴുതേണ്ട ഭാഗങ്ങൾ കൃത്യമായി വിഭ ജിച്ചു നൽകി, എഴുതുമ്പോൾ ശ്രദ്ധിക്കേണ്ട പൊതു നിർദ്ദേശങ്ങളും നൽകിയാണ് ഭവനങ്ങളിലിരുന്ന് 26/4/2020 മുതൽ 3/5/2020 വരെയു ള്ള ഒരാഴ്ചക്കാലം കൊണ്ട് പകർത്തിയെഴുതിയത്. മുപ്പതിനായിര ത്തിലധികം പേപ്പറുകളാണ് ഇതിനു വേണ്ടി ഉപയോഗിച്ചത്

എഴുതികഴിഞ്ഞപ്പോൾ രണ്ടായിരം മുതൽ രണ്ടായിരത്തിയഞ്ഞൂറു പേജുകൾ വരുന്ന ഓരോ കൈയെഴുത്തു പ്രതികളുടെ ബൈഡിങ് ആയി അടുത്ത പ്രതിസന്ധി. ലോക്ക്ഡൗൺ മൂലം പ്രിന്റിങ് മേഖല യിൽ വേണ്ടത്ര ജീവനക്കാരില്ലാത്തതും ഇത്രയും പേജുകൾ ഒരു മിച്ച് ബൈൻഡ് ചെയ്യാൻ പല പ്രസ്സുകളും തയ്യാറാകാത്തതും ബൈൻഡിങ് വൈകിച്ചു. തുടർന്ന് കാരമുക്കിൽ വിസ്റ്റ ഓഫ്സെറ്റ് പ്രസ് നടത്തുന്ന ഷാജി ചേട്ടനാണു വെറും പതിനാലു ദിവസം കൊണ്ട് മുഴുവൻ ബൈബിളുകളുടെയും ബൈൻഡിങ് പൂർത്തീ കരിച്ചത്.

ബൈബിൾ കൈയ്യെഴുത്തുപ്രതികളുടെ സമർപ്പണം സെപ്റ്റംബർ 13 ഞായറഴ്ച്ച ഉച്ചതിരിഞ്ഞു 3 30നു തൃശൂർ ബിഷപ്സ് ഹൗസിൽ വെച്ചു നടത്തി . വിവിധ ഫൊറോനാ പ്രെസിഡന്റുമാർ സമർപ്പിച്ച ബൈബിൾ കൈയെഴുത്തു പ്രതികൾ തൃശൂർ അതിരൂപതക്ക് വേണ്ടി അഭിവന്ദ്യ മാർ ആൻഡ്റൂസ് താഴത്തു പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും ഏറ്റുവാങ്ങി. ഇതിൽ പങ്കെടുത്ത എല്ലാവർ ക്കുമുള്ള സർട്ടിഫിക്കറ്റ് വിതരണം ഫൊറോനാ കൺവീനർമാർക്കു നൽകികൊണ്ട് അഭിവന്ദ്യ പിതാക്കന്മാർ നിർവഹിച്ചു.

അതിരൂപത സി എൽ സി പ്രൊമോട്ടർ ഫാ. ജിയോ തെക്കിനി യത്ത്, പ്രസിഡന്റ് ജോമി ജോൺസൺ, അസി. പ്രൊമോട്ടർ ഫാ. ഫ്രാജോ വാഴപ്പിള്ളി, ഫാ. ജിക്സൻ മാളോക്കാരൻ, അനിമേറ്റർ സി. ജ്യോതിസ്, കൺവീനർ ആഷ്മി ജോണി, എക്സിക്യൂട്ടീവ് ക മ്മിറ്റി ഭാരവാഹികളായ ജെസ്വിൻ സാജു, ഐജോ പൊറത്തൂർ, അനിറ്റ, നിയ, ലിമ, ശീതൾ, സെബിൻ സി കെ, ഡിൽജോ തരകൻ, ബിജിൽ ജോസഫ്, ഡോംസൺ സ!!ൈ!!മൻ, ജീസോ ലോനപ്പൻ, നോബി മേനാചേരി, പ്രിൻറോ, ഫെസിൻ, അജിത്, ജെറിൻ, ബ്രില്ലോ എന്നിവരോടൊപ്പം വിവിധ ഫൊറോന പ്രെസിഡന്റുമാരും, ഫൊ

റോന കൺവീനർമാരും ബൈബിൾ കൈയ്യെഴുത്തുപ്രതികൾ ത യ്യാറാക്കുന്നതിന് നേതൃത്വം നൽകി.

2. **മരിയോത്സവം ഓൺലൈനായി സങ്കടിപ്പിച്ചു**

തൃശ്ശൂർ അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ സി.എൽ.സി. പ്രവർത്തകരുടെ സാഹിത്യ കലാവാസനകളെ പരിപോഷിപ്പിക്കു തിന് വേണ്ടി വര്ഷങ്ങളായി നടത്തിവരുന്ന അതിരൂപതാതല കലാസാഹിത്യ മേള മരിയോത്സവം 2020 സംഘടിപ്പിച്ചു. അതിരൂപതാ തല സാഹിത്യ മത്സരങ്ങൾ ഓഗസ്റ്റ് 28,29 തീയതികളിലും കലാമ ത്സരങ്ങൾ ഓഗസ്റ്റ് 30, സെപ്റ്റംബർ 1,2 തീയതികളിലും ഓൺലൈനായി നടത്തി . കൊറോണയുടെ പശ്ചാത്തലത്തിൽ ഈ വർഷം സാഹിത്യമത്സരങ്ങളും കലാമത്സരങ്ങളും അതിരൂപതതല ത്തിൽ മാത്രമായാണ് നടത്തിയത്. 11 ഇനങ്ങളിൽ ആയി അതിരൂപ തയിലെ 16 ഫൊറോനകളിലെ 80 ഓളം പള്ളികളിൽ നിന്നായി 880 ഓളം മത്സരാർത്ഥികൾ വിവിധ മത്സരങ്ങളിൽ ഓൺലൈൻ ആയി പങ്കെടുക്കുകയുണ്ടായി. കൺവീനർ ശ്രീ. ജീസോ ലോനപ്പൻ, ജോയിന്റ് കൺവീനർ ശ്രീ ജെസ്വിൻ സാജു, പ്രസിഡന്റ് ശ്രീ. ജോമി ജോൺസൻ, വിവിധ മത്സരങ്ങളുടെ കൺവീനർമാരായ ഐജോ പൊറത്തൂർ, ഡോംസൺ സൈ!മൺ, ഡിൽജോ തരകൻ, ബിജിൽ സി ജോസഫ്, വിനേഷ് കോളെങ്ങാടൻ, ഫെസിൻ, പ്രിന്റോ, അജിത്, നിയ തോബിയാസ്, അനീറ്റ, ആഷ്മി, ലിമ, ശീതൾ തുട ങ്ങിയവർ നേതൃത്വം നൽകി.

3. **ജപമാല മാസാചരണം**

പരിശുദ്ധ അമ്മയോട് ചേർന്ന് ഈ വരുന്ന ഒക്ടോബർ മാസത്തിൽ എല്ലാ ഞായറാഴ്ചകളിലും ഫൊറോനാ തലത്തിൽ രാത്രി 7 .30 നു ഓൺലൈൻ ആയി ജപമാല ചൊല്ലുവാൻ തീരുമാനിച്ചു.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രമോട്ടർ

**ജോമി ജോൺസൺ**
പ്രസിഡന്റ്

**ജെസ്വിൻ സാജു**
സെക്രട്ടറി




**1. വി. മദർ തെരേസയുടെ 21–ാമത് ചരമദിനാഘോഷം**

അനാഥരെയും തെരുവിലെ മക്കളെയും പോറ്റി വളർത്തി, നമുക്ക് യേശുവിന്റെ സ്നേഹം പകർന്നു നൽകിയ ആ പുണ്യവതി ലോകത്തിൽനിന്ന് യാത്രയായ ദിവസം സ്മരിച്ചുകൊണ്ട് തൃശൂർ നഗരത്തിൽ ഭക്ഷണത്തിനായി ബുദ്ധിമുട്ടുന്നവർക്ക് പൊതിച്ചോറ് വിതരണം ചെയ്തു. കൊറോണ കാലഘട്ടത്തിന്റെ പ്രാധാന്യം മനസ്സിലാക്കി അഞ്ചാം ഘട്ടം നിർമ്മിച്ച അമ്പതിനായിരം മാസ്കുകളിൽനിന്ന് കെ.സി.വൈ.എം. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള യാചകർക്കു നൽകി. അതിരൂപത പ്രസിഡന്റ് സാജൻ ജോസ്, ജനറൽ സെക്രട്ടറി സാജൻ മുണ്ടൂർ, ട്രഷറർ അഖിൽ ജോസ് എന്നിവർ നേതൃത്വം നൽകി. വിതരണത്തിനായി ആറംപിള്ളി, ഒല്ലൂക്കര, നെല്ലങ്കര, ചിയ്യാരം, മണ്ണുത്തി യൂണിറ്റുകളിൽ ഭക്ഷണപൊതി തയ്യാറാക്കി. വിവിധ മേഖലകളിലായി ഫൊറോന–യൂണിറ്റുകൾ ഇന്നേ ദിവസം ഭക്ഷണ വിതരണം നടത്തി.

**2. സ്നേഹാദരം**

113 ദിവസംകൊണ്ട് ബൈബിൾ എഴുതി URF ഏഷ്യൻ റെക്കോർഡ് കരസ്ഥമാക്കുന്ന കെ.സി.വൈ.എം. മുൻ ഫൊറോന ഭാരവാഹിയും, സജീവപ്രവർത്തകനുമായ റെജിൻ വത്സന് (വടക്കേ കാരമുക്ക് ഇടവകാംഗം) കെ.സി.വൈ.എം. അതിരൂപത പ്രസിഡന്റ് സാജൻ ജോസ്, ട്രഷറർ അഖിൽ ജോസ്, കാരമുക്ക് ഇടവക വികാരി ഫാ. ഫിനോഷ്, യൂണിറ്റ് പ്രസിഡന്റ് ബിജോ, കണ്ടശ്ശാംകടവ് ഫൊറോന ജനറൽ സെക്രട്ടറി ആൻസൻ എന്നിവർ സ്നേഹാദരം കൈമാറി.

ആർട്ടിക്കിൾ 1 UN മനുഷ്യാവകാശങ്ങളെ ഇരുപത് ഭാഷകളിൽ ബോട്ടിൽ ആർട്ട് രൂപത്തിൽ അവതരിപ്പിച്ച് ഇന്ത്യൻ ബുക്ക് ഓഫ് റെക്കോർഡ്സും, ഏഷ്യൻ ബുക്ക് ഓഫ് റെക്കോർഡ്സും കരസ്ഥമാക്കിയ മണ്ണുത്തി ഇടവകാംഗം അഞ്ജലി ജോസഫിനെ കെ.സി.വൈ.എം.

തൃശൂർ അതിരൂപത പ്രസിഡന്റ് സാജൻ ജോസ്, അതിരൂപത വൈസ് പ്രസിഡന്റ് ജിഷാദ് ജോസ്, മണ്ണുത്തി ഇടവക അസിസ്റ്റന്റ് വികാരി ഫാ. ജിസോ കുറ്റിക്കാട്ട്, മണ്ണുത്തി കെ.സി.വൈ.എം. യൂണിറ്റ് പ്രസിഡന്റ് മെജോ മോസസ് എന്നിവരുടെ നേതൃത്വത്തിൽ ആശംസകൾ നേർന്ന് ആദരിച്ചു.

**3. പ്രതിഷേധം നടത്തി**

തൃശൂർ അതിരൂപതയുടെ ധാർമ്മിക മടിത്തട്ടായ കെ.സി.വൈ.എം. സമൂഹ മനഃസാക്ഷിയുടെ മുമ്പിൽ മരിയ ഷഹബാസിനോടുള്ള നീതി നിഷേധത്തിനെതിരായും, ലൗ ജിഹാദിനെ മറി കടക്കാൻ മാതാപിതാക്കളെ ഉദ്ബോധിപ്പിക്കാനും 16 ഫൊറോനകളുടെ വനിതാ പ്രതിനിധികൾ പങ്കെടുത്തുകൊണ്ട് കെ.സി.വൈ.എം. തൃശൂർ അതിരൂപത പ്രതിഷേധ സദസ്സ് സംഘടിപ്പിച്ചു. അനീതിക്കും അധർമ്മത്തിനും എതിരെ പോരാടി പുതുയുഗം സൃഷ്ടിക്കുന്ന കർമ്മധീരയായ യുവതികളുടെ പ്രതിഷേധ സംഗമത്തിൽ തൃശൂർ അതിരൂപതയുടെ 16 ഫൊറോനകളിൽ വനിതാ പ്രതിനിധികൾ പങ്കെടുത്തു. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള, അതിരൂപത ആനിമേറ്റർ സി. ടീന മരിയ, അതിരൂപത ഭാരവാഹികളായ ജെയ്മി, ജോസ്ന, മരിയ, ജിമ, സെനി, ഫൊറോന ഡയറക്ടർമാർ, ഫൊറോന ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**4. സെനറ്റ് സമ്മേളനം**

കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ 32 രൂപതകളെ കോർത്തിണക്കികൊണ്ട് 42-ാമത് അർദ്ധവാർഷിക സമ്മേളനത്തിൽ തൃശൂർ അതിരൂപത ഭാരവാഹികൾ പങ്കെടുത്തു. 2020 ജനുവരി മുതൽ ജൂലൈ വരെയുള്ള പ്രവർത്തനങ്ങൾ റിപ്പോർട്ടിൽ അവതരിപ്പിച്ചു. കോവിഡ് കാലഘട്ടമായതുകൊണ്ട് Zoom Application ഉപയോഗിച്ചായിരുന്നു സെനറ്റ് സമ്മേളനം

**ഫാ. ഡിറ്റോ കൂള**
ഡയറക്ടർ

**സാജൻ ജോസ്**
പ്രസിഡന്റ്

**സാജൻ ജോയ്**
സെക്രട്ടറി




## തൃശ്ശൂർ അതിരൂപത

**1. മത്സരവിജയികൾ**

KCSL സംസ്ഥാന ഓൺലൈൻ കലോത്സവത്തിൽ UP വിഭാഗം മോണോ ആക്ട് മത്സരത്തിൽ മമ്മിയൂർ LFCUPS വിദ്യാർത്ഥിനി അൽമ സൈമൺ രണ്ടാം സമ്മാനത്തിന് അർഹയായി. ഷോർട്ട് ഫിലിം മത്സരത്തിൽ HS വിഭാഗം ചെമ്പൂക്കാവ് ഹോളി ഫാമിലി സ്കൂൾ ഒന്നാം സമ്മാനം നേടി വിജയികൾക്ക് അഭിനന്ദനങ്ങൾ

**2. അദ്ധ്യാപകർക്കായുള്ള സംസ്ഥാന ഉപന്യാസ മത്സരം**

കത്തോലിക്കാ അദ്ധ്യപകർക്കായി സംസ്ഥാന തലത്തിൽ നടത്തപ്പെട്ട ഉപന്യാസ മത്സരത്തിൽ അമ്മാടം സെന്റ് ആന്റണീസ് ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപകൻ സ്റ്റാലിൻ ഷിന്റോ മൂന്നാം സമ്മാനത്തിന് അർഹനായി.

**3. അതിരൂപതാ പ്രവർത്തനോദ്ഘാടനവും ആനിമേഴ്സ് മീറ്റും**

KCSL തൃശ്ശൂർ അതിരൂപതാ പ്രവർത്തനോദ്ഘാടനവും ആനിമേഴ്സ് മീറ്റും ഓഗസ്റ്റ് 28ന് വൈകീട്ട് 4 മണിക്ക് ഓൺലൈനായി നടന്നു. ഡയറക്ടർ റവ. ഡോ. ആന്റണി ചെമ്പകശ്ശേരി ഉദ്ഘാടനം ചെയ്ത യോഗത്തിൽ അതിരൂപതാ പ്രസിഡന്റ് സിമറ്റോ മാസ്റ്റർ അദ്ധ്യക്ഷനായിരുന്നു. കോവിഡ് വ്യാപനഭീഷണി നിലനിൽക്കുന്നതിനാൽ കൂടിച്ചേരലുകൾ പരമാവധി ഒഴിവാക്കി പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുവാൻ തീരുമാനിച്ചു. ശതാബ്ദി സ്മരണിക കമ്മിറ്റി വിപുലീകരിച്ചു. 2020-2021 വർഷത്തെ KCSL മാർഗ്ഗരേഖ പ്രകാശനം ചെയ്തു.

**4. ഈ വർഷത്തെ പ്രധാന പഠനവിഷയങ്ങൾ**

1) സാമൂഹ്യ മാധ്യമങ്ങൾ സമൂഹ നന്മയ്ക്ക്
2) വി. മറിയം ത്രേസ്യ

പഠന പുസ്തകങ്ങളും മാർഗ്ഗരേഖയും ബ്ലോഗിൽ കൊടുത്തിട്ടുണ്ട്

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ



# പാക്ട്

1. **പാക്ട് കൺവീനർമാരുടെ മീറ്റിംങ്ങ്**

നമ്മുടെ അതിരൂപതയിലെ വിവിധ ഇടവകകളിൽ പ്രവർത്തിക്കുന്ന പാക്ട് സമിതികളുടെ കൺവീനർമാരുടെ സോണൽ മീറ്റിംങ്ങ് സൂം പ്ലാറ്റ്ഫോം വഴി 2020 സെപ്റ്റംബർ 5,6,12,13 ദിവസങ്ങളിൽ വൈകീട്ട് 5:30 മുതൽ 7:00 മണിവരെ അഭിവന്ദ്യ മാർ ടോണി നീലങ്കാവലിൽ പിതാവിന്റെ അദ്ധ്യക്ഷതിയിൽ സമ്മേളിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. കോവിഡ് കാലഘട്ടത്തിൽ പാക്ടിന് എങ്ങനെ സജീവമായി പ്രവർത്തിക്കാം എന്നതിനെക്കുറിച്ചുള്ള ആശയങ്ങൾ അഭിവന്ദ്യ മാർ ടോണി നീലങ്കാവലിൽ പങ്കുവെച്ചു. 2021–ലെ അജപാലന പദ്ധതി യെക്കുറിച്ച് ഫാ. സാജൻ പിൺണ്ടിയാൻ, ഫാ. അലക്സ് മരോട്ടി ക്കൽ എന്നിവർ സംസാരിച്ചു. കൺവീനർ ഫാ. സൈജു തൈക്കാ ട്ടിൽ ചർച്ച നയിച്ചു. പ്രഫ. എലിസബത്ത് മാത്യു, ശ്രീമതി അൽഫോൻസ് പീറ്റർ, ശ്രീമതി ഷിമ്മി പട്ട്യേക്കര എന്നിവർ വിവിധ യോഗങ്ങളിൽ നന്ദി പറഞ്ഞു. സെക്രട്ടറിയേറ്റ് അംഗങ്ങളായ ഫാ.സിജോ മുരിങ്ങത്തേരിയും, ഫാ. നോബിൾ പെട്ടയിലും സമ്മേ ളനം സംഘടിപ്പിക്കാൻ നേതൃത്വം നൽകി.

2. **ഇടവകകളിലെ പാക്ട് സമ്മേളനം**

കോവിഡ് കാലഘട്ടത്തിൽ അജപാലന പ്രവർത്തനങ്ങളെ കുറിച്ച് അതിരൂപതയിലെ ഓരോ ഇടവകകളിലും പാക്ട് സമ്മേളനം ചേര ണമെന്ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഇടയ ലേഖ നത്തിലൂടെ ആഹ്വാനം ചെയ്തു. ബഹുമാനപ്പെട്ട വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ ഇടവകയിലെ ഇപ്പോ ഴത്തെ അജപാലന സാഹചര്യങ്ങളും വെല്ലുവിളികളും വിലയിരു ത്തുകയും അനുയോജ്യമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തി സംഘ ടനകളിലൂടെയും പ്രസ്ഥാനങ്ങളിലൂടെയും കുടുംബകൂട്ടായ്മകളിലൂ ടെയും അവ നടപ്പിലാക്കുകയും ചെയ്യണമെന്ന് അഭിവന്ദ്യ പിതാവ് ഓർമിപ്പിച്ചു. ഇടയ ലേഖനത്തിൽ അനുബന്ധമായി നൽകിയിട്ടുള്ള

പ്രവർത്തനങ്ങളിൽ നിന്ന് ഇടവകയ്ക്ക് ആവശ്യമായവ തെരഞ്ഞെടുക്കാവുന്നതാണ്. ഈ കാലഘട്ടത്തിൽ ചെയ്ത പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അതിരൂപതാ പാക്ട് ഓഫീസിൽ നൽകേണ്ടതാണ്. കോവിഡ് കാലഘട്ടത്തിൽ വിവിധ ഇടവകകളിൽ ചെയ്ത പ്രവർത്തനങ്ങളെ അഭിവന്ദ്യ പിതാവ് അ ിനന്ദിച്ചു.

3. **വെബിനാറുകൾ**

കോവിഡ് കാലഘട്ടത്തിൽ പറോക്കും പാക്ടും സംയുക്തമായി അതിരൂപതയിലെ വൈദികരും സമർപ്പിതരും അൽമായ നേതാക്കളുമായി സംവദിക്കാൻ വേദികളൊരുക്കി. അഭിവന്ദ്യ പിതാക്കൻമാർ വികാരി ജനറാൾമാർ എന്നിവർ ഈ സമ്മേളനത്തിൽ പങ്കെടുത്ത് വൈദികരും സമർപ്പിതരും അൽമായരുമായി സംസാരിക്കുകയും കോവിഡ് കാലഘട്ട പ്രവർത്തനങ്ങളെക്കുറിച്ച് ആശയവിനിമയം നടത്തുകയും ചെയ്തു. യോഗത്തിൽ പങ്കെടുത്ത അംഗങ്ങൾ തങ്ങളുടെ ആശങ്കകളും പ്രതീക്ഷകളും പങ്കുവെച്ചു. കോവിഡ് കാലഘട്ടത്തിൽ അതിരൂപതതലത്തിലും ഇടവകതലത്തിലും പ്രവർത്തനങ്ങൾ നിർദ്ദേശിച്ചു.

4. **2021–ലെ അജപാലന പദ്ധതി ഇടവകകളിലേക്ക്**

2021–ൽ ഇടവകകളിൽ രൂപികരിക്കേണ്ട അജപാലന പദ്ധതിക്ക് സഹായകമാകുന്ന അജപാലന പദ്ധതിയുടെ അതിരൂപതാ മാർഗ്ഗരേഖ പാക്ട് ഒരുക്കി കഴിഞ്ഞു. 2020 ഒക്ടോബർ മാസത്തിൽ ഇടവകകളിൽ ലഭ്യമാകുന്ന അജപാലന പദ്ധതിയുടെ സഹായത്താൽ ഓരോ ഇടവകകളും അതത് ഇടവകകളുടെ അജപാലന പ്രവർത്തനങ്ങളെ മുൻഗണന ക്രമത്തിൽ ഒരുക്കി 2021–ലെ അജപാലന പദ്ധതി നവംബർ മാസത്തിലെ പ്രതിനിധിയോഗത്തിൽ അവതരിപ്പിക്കുകയും ഡിസംബർ മാസത്തിൽ പ്രസിദ്ധീകരിക്കുകയും അതിരൂപതാ കാര്യാലയത്തിൽ സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

# MEDIA CATHOLICA

*The visual media platform of the Archdiocese of Trichur*

തൃശ്ശൂർ അതിരൂപതയുടെ മീഡിയകമ്മീഷന്റെ കീഴിൽ വരുന്ന ഔദ്യോഗിക മാധ്യമ സംരഭമാണ് മീഡിയ കത്തോലിക്ക. അതിരൂപതതലത്തിലുള്ള പൊതുവായ പ്രവർത്തനങ്ങളും ഇടവകകളിലെ വാർത്താപ്രാധാന്യമുള്ള വിഷയങ്ങളും (LIVE Telecasting ഉൾപ്പടെ) അതിരൂപതയിലെ മുഴുവൻ ദൈവജനത്തിലേക്കും എത്തിക്കുകയാണ് മീഡിയ കത്തോലിക്കയുടെ ലക്ഷ്യം. കോവിഡ് 19 ന്റെ പ്രത്യേകസാഹചര്യത്തിൽ അതിരൂപത കേന്ദ്രത്തിൽ നിന്നും എല്ലാ ദിവസവും വി. കുർബാനയും മതബോധന ക്ലാസുകളും സംപ്രേഷണം ചെയ്യുന്നുണ്ട്. മാധ്യമമേഖലയിൽ നമ്മുടെ ഇടവകകളെയും സ്ഥാപനങ്ങളെയും സഹായിക്കാൻ മീഡിയ കത്തോലിക്കയും സ്റ്റുഡിയോയും സജ്ജമാണ്.

## മീഡിയ കത്തോലിക്കയിലൂടെ പ്രക്ഷേപണം ചെയ്യുന്ന പ്രധാന പരിപാടികൾ

- **MC NEWS** (കാലിക പ്രാധാന്യമുള്ള വാർത്തകൾ)
- **കടുക് Web Series**
- **JEC TALKS** (സങ്കേതിക അറിവുകൾ)
- **MC KIDS** (കുട്ടികളുടെ പ്രോഗ്രാം )
- **MUSICAL COVER SONGS**
- **LIVE MASS**
- **MC CREATIVITY** (ക്രിയാത്മകമായ കഴിവുകൾ)
- **MC FAITH** (വിശ്വാസസംബന്ധമായ വിഷയങ്ങൾ)
- **HEALING HANDS** (ആരോഗ്യപരമായ കാര്യങ്ങൾ)

For MC Studio Enquiries:
**Rev. Dr. Daijo Poruthur**
**9497805085**

**Rev. Dr. Biju Alappat** (Director)
**Rev. Fr. Pratheesh Kallarakkal**
(Co-ordinator)

**75 10 85 1887** (for all enquiries)

mediacatholica@gmail.com /mediacatholica

### മീഡിയ കത്തോലിക്ക ചാനൽ എങ്ങനെ സബ്സ്ക്രൈബ് ചെയ്യാം?



Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.09.2020
**October- 2020**



**പരിശുദ്ധ
ജപമാലരാജ്ഞി
ഞങ്ങൾക്കുവേണ്ടി
പ്രാർത്ഥിക്കണമെ**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor